ശ്രീ. സേതുമാധവനും ബാഡ്മിന്റണിലെ വിമൽകുമാറും നമ്മുടെ അഭിനന്ദനത്തിന് പാത്രമായിരിക്കുന്നു. ലോകത്തിന്റെ മുഴുവൻ അംഗീകാരം പിടിച്ചുപറ്റിയ ഈ താരങ്ങളുടെ മികച്ച പ്രകടനം കായികരംഗത്തെ പുതിയ പ്രതിഭകൾക്ക് പ്രചോദനവും ആത്മവിശ്വാസവും പകരട്ടേയെന്ന് നമുക്കു ആശംസിക്കാം.

VII. ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ : ഈ സമ്മേളനത്തിലെ പാനൽ ഓഫ് ചെയർമാൻമാരായി ശ്രീ. തോപ്പിൽരവി, ശ്രീ. സി. എസ്. തോമസ്, ശ്രീ. ഒ. ഭരതൻ എന്നിവരെ നാമനിർദ്ദേശം ചെയ്തിരിക്കുന്നു.

VIII. നിയമ നിർമ്മാണം

1986-ലെ കേരള കമാൻഡ് ഏരിയ വികസന ബിൽ

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, 1986-ലെ കേരളാ കമാൻഡ് ഏരിയാ വികസന ബിൽ ഞാൻ അവതരിപ്പിക്കുന്നു. കമാൻഡ് ഏരിയ വികസന ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങളും വിശദീകരിച്ചു കൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

കേരളാ കമാൻഡ് ഏരിയാ വികസന ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന് ഞാൻ സഭയെ അറിയിക്കുന്നു. ഈ ബില്ലിനെ സംബന്ധിച്ച് പറയുമ്പോൾ.....

ശ്രീ. വർക്കല രാധാകൃഷ്ണൻ : നിയമസഭാ ചട്ടം 73 അനുസരിച്ച്, "A Bill involving expenditure shall be aacompanied by a Financial Memorandrum which shall invite particular attention to the clauses involving expenditure and shall also give an estimate of the recurring and non-recurring expenditure involved in case the Bill is passed into law." ഈ ചട്ടപ്രകാരമുള്ള റികവയർമെന്റ് സാറിസ്ഫൈ ചെയ്തിട്ടില്ല. ഞാൻ ഇത് പറയാൻ കാരണം ഇതിനുമുമ്പ് ഈ സഭയിൽതന്നെ 1985-ാം വർഷത്തിൽ 178-ാം നമ്പരായി ഇതേ ബിൽ ഈ സഭയിൽ ലീവ്കൊടുത്ത് സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. ആ ബില്ലിൽ-ഫൈനാൻഷ്യൽ മെമ്മോറാണ്ടത്തിൽ-19 4-85-ലേക്കുള്ള ചെലവ് 170 ലക്ഷം രൂപയാണെന്ന് പറഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ഈയിനത്തിൽ 85 ലക്ഷം രൂപ തരുമെന്നും പറഞ്ഞിരുന്നു. എന്നാൽ നിർഭാഗ്യവശാൽ ഇപ്പോൾ, ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിൽ-ഫൈനാഷ്യൽ മെമ്മോറാണ്ടത്തിൽ-എന്ത് ചെലവ് വരുമെന്ന് കണക്കാക്കുവാൻ കഴിയുന്നില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. അതേയവസരത്തിൽ നമ്മുടെ കേരളാ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് തയ്യാറാക്കിയ ഒരു രേഖയിലെ പേജ് 39-ൽ ഫൈനാൻഷ്യൽ റികവയർമെന്റ് 1984-85-ലേക്ക് ട്ടോട്ടലായി 1318 ലക്ഷം രൂപ വരുമെന്ന് പറയുന്നു. എന്നാൽ 1987-88-ലേക്കുള്ള റികവയർമെന്റ് കാൽക്കുലേറ്റ് ചെയ്യാൻ കേരളാ ഗവൺമെന്റിന്റെ ലാ-ഡിപ്പാർട്ടുമെന്റിനു കഴിഞ്ഞിട്ടില്ലെന്നു വരുന്നത് വളരെ ഖേദകരമാണ്, കഷ്ടമാണ്. അതുകൊണ്ട് ഈ നിയമത്തിൽ നമ്മുടെ നടപടി ചട്ടങ്ങളനുസരിച്ചായിരിക്കണം ബില്ലുകൾ അവതരിപ്പിക്കേണ്ടത്.

അതുപോലെ മറ്റൊരു കാര്യം, 75 ഉപവകുപ്പ് (2) ഇന്ന് ഇവിടെ ഒരു ബിൽ നിലവിലിരിക്കുകയാണ്. ഉപവകുപ്പ് (2) Whenever an Ordinance, which embodies wholly or partly or with modification the

LIBRARY ARCHIVES Kerala Legislative Assembly

provisions of a Bill pending before the Assembly is promulgated,..... .....by a Subsequent Ordinance. അതനുസരിച്ച് ഇതിൽ ഇപ്പോഴും ഒരു സ്റ്റേറ്റ്മെന്റ് തന്നിട്ടുണ്ട്. (ഓബ്ജക്ട്സ് ആൻറ് റീസൺസ്). അതിനുപുറമേ 75 ഉപവകുപ്പ് (2) അനുസരിച്ച് ഒരു അഡീഷണൽ സ്റ്റേറ്റുമെൻറും ഗവൺമെൻറ് നമുക്ക് തരേണ്ടതാണ്. എന്തുകൊണ്ട് ഒരു ബിൽ നിലവിലിരിക്കുമ്പോഴും ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു ? ഈ രണ്ട് കാരണങ്ങളാൽ ഇതിനെ സംബന്ധിച്ചിടത്തോളം നമ്മുടെ സഭയുടെ ചട്ടങ്ങളും പരിപൂർണ്ണമായും പാലിക്കേണ്ടതിൽ ഗവൺമെൻറിന് വേണ്ട നിർദ്ദേശം നല്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട അങ്ങയോട് അഭ്യർത്ഥിക്കുന്നു.

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഇതിൽ ധനകാര്യമൊന്നോറാണ്ടമുണ്ട്. (അതിന്റെ ചെലവുകളെ സംബന്ധിച്ചിടത്തോളം) ഈ ബിൽ ഡ്രാഫ്റ്റ് ചെയ്യുമ്പോഴും കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും കിട്ടുന്ന തുക എത്ര അതോറിറ്റിക്ക് എന്നുള്ളതിനെപ്പറ്റി ഇപ്പോഴും വ്യക്തമല്ല എന്ന ഒരു വാചകമുണ്ടെന്നുള്ളതൊഴിച്ചാൽ..... അത് പരിഹരിക്കുന്നതിന് ഈ നിയമസഭ പാസ്സാക്കിയ ഇക്കൊല്ലത്തെ ബഡ്ജറ്റിനകത്ത് 308 (എ) കമാൻറ് ഏരിയാ ഡെവലപ്പ്മെൻറിനുവേണ്ടി നാല് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. (ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് മുമ്പ് ആയിരം ലക്ഷമെന്നാണ്). അത് ഈ നിയമം നടപ്പിലാക്കുമ്പോഴുണ്ടാവുന്ന ചെലവുകൾക്കുവേണ്ടിയാണ്. അത് വളരെ സാങ്കേതികമായ ഒരു കാര്യമാണ്. എങ്കിൽപ്പോലും ഇതിന്റെ ചെലവിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറ് വകയിരുത്തിയിട്ടുണ്ട്, നിയമസഭ പാസ്സാക്കിയിട്ടുണ്ട്. ആ ചെലവുകൾ നിർവഹിക്കുന്നതിനുവേണ്ടിയുള്ള ബോഡിയുടെ കോൺസ്റ്റിറ്റ്യൂഷനാണ്. അതിന് ഫൈനാൻഷ്യൽ മെമ്മോറാണ്ടമുണ്ട്. ആ നിലക്ക് അത് പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മന്ത്രി അത് വിശദീകരിച്ചു. It is only a question of omission. അതിന്റെ പേരിലൊരു സ്തംഭനാവസ്ഥ നിയമനിർമ്മാണത്തിൽ ഉണ്ടാക്കാൻ ആഗ്രഹിക്കുന്നില്ല. ഏതായാലും ഈ നിയമസഭാ സമ്മേളനംതന്നെ നിയമനിർമ്മാണം മുന്നിൽ കണ്ടുകൊണ്ടുള്ളതാണല്ലോ. അതുകൊണ്ട് ഒബ്ജക്ഷൻ ഓവർറൂൾ ചെയ്യുകയാണ്. ഇനി ബിൽ അവതരിപ്പിക്കാം. മേലാൽ എങ്കിലും ഇത് ശ്രദ്ധിക്കണം.

ശ്രീ. കെ. എം. മാണി : കമാൻറ് ഏരിയാ കൺസെപ്റ്റ് എന്നു പറയുന്നത് നമ്മുടെ ജലസേചന പദ്ധതികളുടെ ആയക്കെട്ടും ആയക്കെട്ടിന്റെ പരിസരപ്രദേശങ്ങളും ഉൾപ്പെട്ടതാണ്. ഈ കമാൻറ് ഏരിയായുടെ സമഗ്രമായ വികസനം, ആ വികസനത്തിന്റെ കൺസെപ്റ്റ് അഞ്ചാം പഞ്ചവൽസര പദ്ധതിക്കാലഘട്ടത്തിൽ ഉണ്ടായിട്ടുള്ളതാണ്. 1974-ൽ ഇൻഡ്യാ ഗവൺമെൻറ് ഇതിനെ സംബന്ധിച്ചിടത്തോളം ഒരു ഗൈഡ്ലൈൻ നല്കിയിരുന്നു. കമാൻറ് ഏരിയായിലെ പ്രദേശങ്ങളുടെ വികസനത്തിനുവേണ്ടി പുതിയ അതോറിറ്റികൾ രൂപീകരിക്കുന്നത് കൊള്ളാമെന്ന് തോന്നി 1975-ൽ ഇത് സംബന്ധിച്ച് നമ്മൾ സ്പെഷ്യൽ ആഫീസറെ വയ്ക്കുകയുണ്ടായി. 1985-ൽ ഇതിനുള്ള ഓർഡിനൻസ് നിലവിൽ വന്നു. 16-3-1985-ൽ നമ്മൾ ഒരു അതോറിറ്റി രൂപീകരിക്കുകയുണ്ടായി. പക്ഷേ ഇതിന്റെ കാര്യക്ഷമമായ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം ഒരു നിയമനിർമ്മാണത്തിന്റെ അഭാവം വളരെയുണ്ടായിരുന്നു. ആ അഭാവത്തിൽ പരിഹാരമെന്നുള്ള നിലയ്ക്കാണ് 1986-ലെ കമാൻറ് ഏരിയാ വികസനബിൽ കൊണ്ടുവന്നിരിക്കുന്നത്. നിർമ്മാണം പൂർത്തീകരിച്ച പത്ത് ജലസേചനപദ്ധതികളും കേരളത്തിലുണ്ട്. കല്ലട ഭാഗികമായി പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. എത്രയോ ലക്ഷം രൂപ നമ്മൾ ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ചെലവഴിച്ചിട്ടുണ്ട്. പക്ഷേ ഇതിന്റെ പ്രയോജനം കൂടുതൽ ഫലവത്താക്കുന്നതിനുപകരിക്കുന്ന ഒരു നിയമനിർമ്മാണമാണിത്. ജലസേചന പദ്ധതികളുടെയും ആയക്കെട്ടിന്റെയും പരിസരപ്രദേശങ്ങളുടെയും സമഗ്രമായ വികസനമാണ് ഇതിന്റെ ലക്ഷ്യം. ലഭ്യമായ ജലസേചന സൗകര്യങ്ങൾ കാര്യക്ഷമമായി മാനേജ് ചെയ്യുന്നത് പദ്ധതികളുടെ നിർമ്മാണത്തോടൊപ്പംതന്നെ പ്രധാനമാണ്. ഒരു അണക്കെട്ടുണ്ടാക്കി, കനാൽ വെട്ടി, വെള്ളം ഒഴുക്കുന്നു. പക്ഷേ വെള്ളം ആവശ്യത്തിലേറെ ചോർന്നു പോകുന്നു (ഓവർ ഫ്ളോ) വെങ്കിൽ നമുക്ക് ലഭ്യമായ നാച്വറൽറിസോഴ്സസ് നമുക്ക് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ആ നഷ്ടം ഒഴിവാക്കുന്നതിനെ സംബന്ധിച്ചിടത്തോളം ശാസ്ത്രീയമായി നടപടികൾ ആവിഷ്ക്കരിക്കാൻ പലപ്പോഴും നമുക്ക് കഴിഞ്ഞിട്ടില്ല.

അതുപോലെ ഏറ്റവും പ്രധാനമായി നമ്മൾ വിനിയോഗിക്കുന്ന ഓരോ യൂണിറ്റ് വെള്ളത്തിനും പരമാവധി ഉല്പാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞുവെങ്കിലേ അതുകൊണ്ട് പ്രയോജനമുള്ളു. അതുപോലെ ഓരോ യൂണിറ്റ് ഭൂമിയിൽനിന്നും പരമാവധി ഉല്പാദനം നമുക്ക് ഉണ്ടാക്കാൻ കഴിയണം. ഓരോ യൂണിറ്റ് വെള്ളത്തിനും പരമാവധി ഉല്പാദനം, ഓരോ യൂണിറ്റ് ഭൂമിക്കും പരമാവധി ഉല്പാദനം എന്ന രണ്ട് ലക്ഷ്യത്തോടുംകൂടിയാണ് ഈ കമാൻറ് ഏരിയാ ഡെവലപ്പ്മെൻറിനെ സംബന്ധിച്ചിടത്തോളം അതോറിറ്റികൾ രൂപീകരിച്ചത്. കൃഷി രീതികളും സമ്പ്രദായങ്ങളും പരിഷ്ക്കരിച്ച് ശാസ്ത്രീയമാക്കേണ്ടത് ഏറ്റവും പ്രധാനമാണ്. ഇപ്രകാരം വാട്ടർ മാനേജുമെൻറും ലാൻഡ് മാനേജുമെൻറും ഫലപ്രദമായി നമ്മൾ പരിഷ്ക്കരിക്കുന്നതിന്റെ ഫലമായി നമുക്ക് ഇന്നുള്ള ഇറിഗേഷൻ സൗകര്യങ്ങൾ കൂടുതലായി വ്യാപിപ്പിക്കാനും വികസിപ്പിക്കാനും കഴിയും. കൂടുതൽ അണക്കെട്ടുകൾ നിർമ്മിച്ചിട്ടില്ലെങ്കിൽപോലും ഉള്ള അണക്കെട്ടുകളുടെ ആയക്കെട്ടുകളിലും പരിസരങ്ങളിലുമുള്ള വെള്ളം കൂടുതൽ ഫലപ്രദമാക്കി കൂടുതൽ സൗകര്യം ചെയ്തുകൊടുക്കാൻ കഴിയും. ഇതിന്റെ ഒരു പ്രത്യേകത എന്നു പറയുന്നത് ഓരോ ഔട്ട്ലെറ്റിൻറേയും പരിധിക്കകത്തുള്ള ഫീൽഡ് ചാനലുകളുടേയും ഫീൽഡ് ഡ്രെയിനേജുകളുടേയും ജലസേചന സംവിധാനത്തിന്റെ സംരക്ഷണവും നവീകരണവും കാര്യക്ഷമമായ പ്രവർത്തനവും ആണ്. ഈ അതോറിറ്റി നിലവിൽ വരുന്നത് അതിനുവേണ്ടിയാണ്. അതുപോലെ ഭൂമി നിരപ്പാക്കലും രൂപപ്പെടുത്തലും ഫീൽഡ് ചാനലുകളുടേയും നീർച്ചാലുകളുടേയും ലൈനിംഗ്, ഭൂഗർഭ ജലവികസനപ്രവർത്തനങ്ങൾ ഇതൊക്കെ ഈ അതോറിറ്റി ഏറ്റെടുക്കുന്നതാണ്. തന്നെയുമല്ല, വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് പ്രവർത്തിക്കുന്നതിന്റെ ഫലമായി, കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ ഇങ്ങോട്ട് വ്യാപിപ്പിക്കുകയാണെങ്കിൽ അവർക്ക് ആവശ്യമായ വളം, വിത്ത്, കീടനാശിനികൾ മുതലായവയൊക്കെ ഫലപ്രദമായി കൊടുക്കാൻ കഴിയും. കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നുവെങ്കിൽ അവർക്ക് ആവശ്യമായ ക്രെഡിറ്റ് കൊടുക്കാൻ നമുക്ക് കഴിയും. ആയക്കെട്ട് മേഖലയിലെ കർഷകരെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിന്റെ വിവിധ ഡിപ്പാർട്ടുമെൻറുകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് അവർക്ക് കൂടുതൽ സഹായങ്ങൾ ചെയ്തുകൊടുക്കുകയെന്നുള്ളതാണ് ഇതിന്റെ ഉദ്ദേശങ്ങളിലൊന്നാണ്. അതുപോലെതന്നെ മണ്ണുപരിശോധനയും മണ്ണ് സംരക്ഷണവും എല്ലാം പ്രധാനപ്പെട്ട വിഷയങ്ങളാണ്. വിവിധങ്ങളായ ഉദ്ദേശങ്ങൾ നടപ്പിലാക്കാൻവേണ്ടി ഓരോ പദ്ധതിയുടെ ആയക്കെട്ടിനും ഒരു അതോറിറ്റി രൂപീകരിക്കുകയെന്നുള്ള തത്വമാണ് നമ്മൾ സ്വീകരിച്ചിട്ടുള്ളത്. അതിനുവേണ്ടിയാണ് ഈ നിയമനിർമ്മാണം കൊണ്ടുവന്നിരിക്കുന്നത്. ഇതിൽ 50 ഖണ്ഡങ്ങളാണ് ഉള്ളത്. കമാൻറ് ഏരിയാ അതോറിറ്റിയുടെ രൂപീ

LIBRARY ARCHIVES Kerala Legislative Assembly

കരണവും ഘടനയും അതോറിട്ടിയുടെ കർത്തവ്യവും അതോറിട്ടിയുടെ വികസന പദ്ധതികളും വിളവെടുപ്പ് രീതിയുടെ ക്രമീകരണം, വായ്പാ ഏർപ്പാടുകളും ധനകാര്യമാനേജുമെന്റ് നിയമലംഘനം എന്നീ പ്രധാന വിഷയങ്ങളാണ് ബില്ലിൽ വിവിധ അദ്ധ്യായങ്ങളിലായി വിഭാവന ചെയ്തിട്ടുള്ളത്. ഇതൊരു പ്രധാനപ്പെട്ട ബില്ലായതുകൊണ്ട് ഏകദേശം ഇതിനെപ്പറ്റിയുള്ള ഒരു ധാരണ ഞാൻ ഏതാനും മിനിറ്റുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർമാരുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. രണ്ടാമത്തെ വകുപ്പിൽ നിർവ്വചനത്തിന്റെ കൂട്ടത്തിൽ ഏറ്റവും പ്രധാനം എന്തിനാണ് ഈ കമാൻറ് ഏരിയാ എന്നതിനെ സംബന്ധിച്ചിടത്തോളം മനസ്സിലാക്കുന്നതിന് നാലാമത്തെ സബ് ക്ലാസ് വളരെയധികം സഹായകരമാണ്. സമഗ്രമായ വികസനം എന്താണ്? സമഗ്രവികസനം എന്നു പറയുന്ന ടൂസർവ്വേ, ഭൂമിയും ജലവും സംരക്ഷിക്കുക, ബന്ധപ്പെട്ട നിർമ്മിതികളോടുകൂടിയ ഫീൽഡ് ചാനലുകൾ നിർമ്മിക്കുക, ബന്ധപ്പെട്ട നിർമ്മിതികളോടുകൂടിയ ഫീൽഡ് ഓവുചാലുകൾ നിർമ്മിക്കുക, തരംതിരിക്കൽ, നിരപ്പാക്കൽ, തിട്ടകെട്ടൽ, വിളനിലങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പ്, ജലം ഊറുന്നത് തടയുന്നതിനുള്ള അനുയോജ്യമായ പദാർത്ഥങ്ങൾകൊണ്ട് ഫീൽഡ് ചാനലുകൾക്ക് ലൈനിംഗ് നൽകൽ, ആയക്കെട്ട് റോഡുകൾ, അതുമായി ബന്ധപ്പെട്ട നിർമ്മിതികളോടുകൂടിയവ പണിയുകയും മെച്ചപ്പെടുത്തലും ചെറിയ കൈവശഭൂമികളെ outlet-ൻ സമീപമായും കൂടുതൽ വിസ്തൃതിയുള്ള ഭൂമികളെ അകലെയായും തരംതിരിക്കുക, ജലത്തിന്റെ ദുർവിനിയോഗം ഒഴിവാക്കുക വിവിധ വിളകൾ ഉല്പാദിപ്പിക്കുന്നതിനായി ഉപരിതല ജലത്തിന്റേയും ഭൂഗർഭ ജലത്തിന്റേയും സംയോജിതമായ ഉപയോഗം, കൃഷി, ഉദ്യാനനിർമ്മാണം, പട്ടുനൂൽപ്പുഴു വളർത്തൽ, ഫാം, ഫോറസ്ട്രി, മൃഗസംരക്ഷണം മുതലായവയാണ് പ്രവർത്തനങ്ങൾ. കർഷകന്റേയും കൃഷിഭൂമിയുടേയും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഏതേതു മേഖലകളിൽ പ്രവർത്തനം ആവശ്യമാണോ ആ മേഖലകളിൽ പ്രവർത്തനങ്ങൾ നടത്തുന്നതിനെ ഉദ്ദേശിച്ചുകൊണ്ടുള്ള അതോറിറ്റികൾക്കാണ് രൂപം നൽകുന്നത്. ഇതിന്റെ മൂന്നാമത്തെ വകുപ്പിലാണ് അതോറിറ്റി രൂപീകരിക്കുന്നതിനുള്ള അധികാരം നൽകിയിരിക്കുന്നത്. നാലാമത്തെ വകുപ്പിൽ അതോറിറ്റിയുടെ ഘടനയെപ്പറ്റി പറയുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് അതോറിറ്റിയുടെ കർത്തവ്യങ്ങളാണ്. അതിനെപ്പറ്റി പറയുന്നത് പത്താം ഖണ്ഡത്തിലാണ്. കമാൻറ് ഏരിയായുടെ സമഗ്രമായ വികസനത്തിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുകയും നടപ്പിലാക്കുകയുമാണ് അതോറിറ്റിയുടെ പ്രധാന ചുമതല. അവർ ഓരോ പദ്ധതികളും നോട്ടിഫൈ ചെയ്യും. സമഗ്രവികസനത്തിന് സഹായകമായിട്ടുള്ള പദ്ധതികൾ ഏതെന്ന് Command area authority ആവിഷ്ക്കരിച്ചു കഴിഞ്ഞാൽ അത് 13-ാ മത്തെ വകുപ്പനുസരിച്ച് ഗസറ്റിൽ പ്രസിദ്ധീകരിക്കും. അത് കഴിഞ്ഞാൽ അതിന് ആക്ഷേപങ്ങൾ കൊടുക്കാൻ നമുക്ക് കഴിയും. ആക്ഷേപങ്ങൾ കേട്ടശേഷം 15-ാ മത്തെ വകുപ്പനുസരിച്ച് ആ പദ്ധതിയുടെ പ്രവർത്തനങ്ങൾ നോട്ടിഫൈ ചെയ്യുകയാണ്. അങ്ങനെ നോട്ടിഫൈ ചെയ്തുകഴിഞ്ഞാൽ അത് അംഗീകൃത പദ്ധതികളായിട്ട് മാറുകയാണ്. ആ അംഗീകൃത പദ്ധതികൾ നടപ്പിലാക്കുകയാണ് ഡെവലപ്പ്മെൻറ് അതോറിറ്റിയുടെ പ്രധാനപ്പെട്ട ചുമതല.

17-ാ മത്തെ വകുപ്പിൽ കേന്ദ്രീകരിക്കുന്നതിനുള്ള തത്വങ്ങൾ നിർദ്ദേശിക്കുന്നതിനുള്ള അധികാരം അതോറിറ്റിക്ക് നൽകിയിട്ടുണ്ട്. സർക്കാരിന് ഭൂമിയും ജലവും കൈകാര്യം ചെയ്യുന്നതിനും മറ്റ് കാർഷിക സമ്പ്രദായത്തിലുണ്ടായ സാങ്കേതിക—ശാസ്ത്ര പുരോഗതി പരിഗണിച്ച് ഏതെങ്കിലും കമാൻറ് ഏരിയാക്ക് നിർദ്ദേശിച്ചിട്ടുള്ള കേന്ദ്രീകരണ തത്വങ്ങളിൽ ഉത്തരവുമൂലം അതതു സമയങ്ങളിൽ മാറ്റം വരുത്താവുന്നതാണ്. ജലത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ലഭ്യതയ്ക്കനുസരണമായി വ്യത്യസ്ത വിളകളും ഉല്പാദിപ്പിക്കുന്നതിനു വേണ്ടിയുള്ള ഭൂമിയുടെ തരംതിരിക്കലും നടത്താൻ അതോറിറ്റിക്ക് അധികാരം നൽകിയിട്ടുണ്ട്.

അതുപോലെതന്നെ വായ്പാ സൗകര്യത്തെക്കുറിച്ച് 20-ാം വകുപ്പിൽ പറയുന്നുണ്ട് ഈ ഏരിയായിൽപ്പെട്ട കൃഷിക്കാർക്ക് അല്ലെങ്കിൽ പരിസരത്തുള്ള കൃഷിക്കാർക്ക് ആവശ്യമായ വായ്പാ സൗകര്യം ഏർപ്പെടുത്തിക്കൊടുക്കുന്നതിനുവേണ്ടി നിർദ്ദേശിക്കുന്ന വകുപ്പാണ് 20-ാമത്തെ വകുപ്പ്. അതുപോലെ തന്നെ 22-ാമത്തെ വകുപ്പിൽ ഈ അതോറിറ്റിയുടെ റിവോൾവിംഗ് ഫണ്ടിനെക്കുറിച്ച് പറയുന്നുണ്ട്. ആ റിവോൾവിംഗ് ഫണ്ടിൽ ഗവൺമെന്റിന്റെ ഗ്രാന്റ്, അഡ്വാൻസ് ധനസഹായം ഇവയൊക്കെയാണ്. ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ സൂചിപ്പിച്ചത് അതാണ്. അതിനെ സംബന്ധിച്ചിടത്തോളം നാലുകോടി രൂപ ഗവൺമെന്റ് ഈ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആ നാലുകോടി രൂപ അതോറിറ്റിയുടെ റിവോൾവിംഗ് ഫണ്ടിൽ ലയിക്കുന്നതായിരിക്കും. അതോറിറ്റിയുടെ റിവോൾവിംഗ് ഫണ്ടിനെപ്പറ്റിയാണ് 22-ാമത്തെ വകുപ്പിൽ പറയുന്നത്. 24-ാമത്തെ വകുപ്പനുസരിച്ച് അതോറിറ്റിയുടെ കണക്കുകൾ ഓഡിറ്റ് ചെയ്ത് അത് നിയമസഭയിൽ വയ്ക്കണം എന്ന് നിർദ്ദേശമുണ്ട്. ആനുവൽ റിപ്പോർട്ടും നിയമസഭയിൽ വയ്ക്കണമെന്ന് 24-ാമത്തെ വകുപ്പ് നിഷ്കർഷിക്കുന്നുണ്ട്. 26-ാമത്തെ വകുപ്പ് വളരെ സുപ്രധാനമാണ്.

അതോറിറ്റിയുടെ നിർദ്ദേശങ്ങൾ ലംഘിക്കുകയോ വ്യവസ്ഥകൾ മറികടക്കുകയോ ചെയ്യുന്നവർക്ക് രണ്ടുകൊല്ലത്തെ തടവോ 1,500 രൂപ പിഴയോ ശിക്ഷ നൽകുന്നതിനും ഈ നിയമത്തിൽ വ്യവസ്ഥയുണ്ട്. ഈ ബില്ലിന്റെ 31-ാമത്തെ വകുപ്പിലേക്ക് കടന്നു പരിശോധിക്കുമ്പോൾ ഈ ആക്ടിനു കീഴിലുള്ള കുറ്റങ്ങൾക്ക് പോലീസിന് നേരിട്ട് കേസ് എടുക്കാവുന്നതാണ്. കോഗ്നിസബിൾ ഒഫെൻസാണ്. കോടതിയുടെ വാറൻറ് ഇല്ലാതെതന്നെ ഈ കുറ്റകൃത്യങ്ങൾ ചെയ്തിട്ടുള്ള ആളുകളെ അറസ്റ്റ് ചെയ്യാനുള്ള വകുപ്പുകളുണ്ട്. പൊതുവെ നമ്മുടെ രാജ്യത്തിന്റെ പുരോഗതിയെ തടസ്സപ്പെടുത്തുന്ന പ്രവൃത്തിയെ ഒരിക്കലും അനുകൂലിക്കാവുന്ന കാര്യമല്ല. അതിനെ ഡിസ്ക്കറേജ് ചെയ്യേണ്ടതാണ്. ഏതെങ്കിലും ഒരു കാര്യത്തെ സംബന്ധിച്ച് അതോറിറ്റി തീരുമാനമെടുത്ത് നടപ്പിലാക്കുകയാണെങ്കിൽ കോടതികൾ അതിൽ ഇൻജംഗ്ഷൻ കൊടുക്കാൻ പാടില്ല. ഏതെങ്കിലും സംഗതി സംബന്ധിച്ച് എന്തെങ്കിലും വ്യവഹാരമോ നടപടിയോ പ്രതീകരിക്കാൻ ഏതൊരു സിവിൽ കോടതിക്കും അധികാരമില്ല. സാധാരണ നിയമങ്ങളിൽ നമ്മൾ അങ്ങനെ കൊണ്ടുവരാറുള്ളതാണ്. ഇത് ഒരു പ്രത്യേകതയല്ല. ചില നിയമങ്ങളിൽ ചില വകുപ്പുകളുടെ പ്രവർത്തനങ്ങളിൽ ഇടപെടാൻ പാടില്ല എന്ന് നമ്മൾ നിയമത്തിൽ തന്നെ ചില വ്യവസ്ഥകൾ കൊണ്ടുവരും. അങ്ങനെയുള്ള വ്യവസ്ഥയുണ്ട്. 43-ാമത്തെ വകുപ്പിൽ സിവിൽ കോടതിക്കുള്ള അധികാരം—സാക്ഷികളെ വരുത്തുന്നതിനും വിസ്തരിക്കുന്നതിനുമൊക്കെ—സിവിൽ പ്രൊസിഡ്യുവർ കോഡ് അനുസരിക്കേ Civil Court-ന് കൊടുത്തിരിക്കുന്ന അധികാരം ഈ ഡവലപ്പ്മെന്റ് അതോറിറ്റിക്കും കൊടുത്തിട്ടുണ്ട്. അതുപോലെതന്നെ ഈ അതോറിറ്റി ഏതെങ്കിലും ഒരു തെറ്റ് ചെയ്യുകയാണെങ്കിൽ അതിൽ റിവിഷനറി അധികാരം ഗവൺമെന്റിനുണ്ട്. ഗവൺമെന്റിന് സൂവോ-മോട്ടോ ആയി അതോറിറ്റി എടുത്തിട്ടുള്ള തീരുമാനങ്ങൾ റദ്ദ് ചെയ്യാം. ഗവൺമെന്റിന് അപ്പീൽ വേണമെങ്കിൽ സമർപ്പിക്കാം. ആ അപ്പീൽ അധികാരം ഗവൺമെന്റിന് നൽകിയിട്ടുണ്ട്. അതുപോലെതന്നെ ഈ നിയമത്തിന്റെ കീഴിൽ ചട്ടങ്ങളും റെഗുലേഷനുകളുമൊക്കെ ഉണ്ടാക്കുന്നതിന് 45, 46 വകുപ്പുകളിൽ വ്യവസ്ഥയുണ്ട്. സർക്കാരിന്റെ നിർദ്ദേശങ്ങൾ തീർച്ച

LIBRARY ARCHIVES Kerala Legislative Assembly

യായിട്ടും പാലിക്കാൻ അതോറിറ്റിക്ക് ചുമതലയുണ്ട്. കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം സർക്കാരിന് ഡയറക്ടീവ് കൊടുക്കാൻ അവകാശമുള്ളതുപോലെ തന്നെ ഈ അതോറിറ്റിക്കും ആവശ്യമായ ഡയറക്ടീവ്സ് ഉത്തമതാല്പര്യങ്ങളെ കരുതിക്കൊണ്ട് കൊടുക്കാനുള്ള അധികാരം ഗവൺമെന്റിനുണ്ട്. അതുപോലെതന്നെയാണ് റദ്ദാക്കലും, ഒഴിവാക്കലും. ഈ നിയമം പാസ്സാകുന്നതോടുകൂടി 1986-ലെ കേരള കമാൻറ് ഏരിയ വികസന ഓർഡിനൻസ് റദ്ദാകുകയാണ്. അതാണ് ഈ നിയമത്തിന്റെ ഉദ്ദേശവും അതിന്റെ സ്വഭാവവും.

ഈ നിയമം വായിച്ചു നോക്കിയപ്പോഴും ഒരു സംഗതിയുടെ കുറവുകണ്ടു. ആന്ധ്രായിലെ ബില്ലിൽ കമാൻറ് ഏരിയായുടെ പ്രോജക്ടിന്റെ ഏറ്റവും വലിയ കൺസെപ്ട് ആ ഏരിയായിൽ വരുന്ന കർഷകരുടെ കർഷക സമിതികളും അവരുടെ അസോസിയേഷൻ, വാട്ടർ യൂസേഴ്സ് അസോസിയേഷൻ ഇവ രൂപീകരിക്കുകയെന്നുള്ളതാണ്. കല്ലായിലൊക്കെ വാട്ടർ യൂസേഴ്സ് അസോസിയേഷൻ അടുത്ത കാലത്ത് രൂപീകരിച്ചിട്ടുണ്ടെങ്കിലും നിയമത്തിനകത്ത് ഈ അസോസിയേഷൻ രൂപീകരിക്കാനുള്ള വ്യവസ്ഥ എഴുതി ചേർക്കേണ്ടത് ആവശ്യമാണ്. അങ്ങനെയൊരു വ്യവസ്ഥ എന്തുകൊണ്ടോ ഈ നിയമത്തിൽ ഇല്ലാതെ വരുന്നത് ഒരു പോരായ്മയായി എനിക്ക് തോന്നുകയാണ്. അങ്ങനെയെങ്കിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനാ സമയത്ത് ആവശ്യമെങ്കിൽ കമാൻറ് ഏരിയായിൽ വാട്ടർ യൂസേഴ്സ് അസോസിയേഷൻ ഉണ്ടാക്കുന്നതിനുള്ള വ്യവസ്ഥകളും ഈ ബില്ലിന്റെയകത്ത് എഴുതി ചേർക്കാം. അതുപോലെതന്നെ ബഹുമാനപ്പെട്ട സഭാംഗങ്ങൾ ഉന്നയിച്ച പുതിയ നിർദ്ദേശങ്ങളും, നല്ല നിർദ്ദേശങ്ങളും സ്വീകരിച്ചുകൊണ്ട് ഈ നിയമം ഭേദഗതിയാക്കിക്കൊണ്ട് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം വീണ്ടും ഇത് സമർപ്പിക്കാം. ഉടനെ ഈ നിയമം പാസ്സാക്കേണ്ടത് നമ്മുടെ രാജ്യത്തെ കാർഷിക സമ്പദ്വ്യവസ്ഥയുടെ വികസനത്തിന് ആവശ്യമാണ്. പ്രത്യേകിച്ചും ഇറിഗേഷൻ മേഖലയെ സംബന്ധിച്ചിടത്തോളം അത് ഫലപ്രദമാക്കി നമ്മുടെ മുടക്കുന്ന മുതൽ പ്രയോജനപ്രദമാക്കാൻ നമ്മുടെ നാച്ചുറൽ റിസോഴ്സസിൽ നിന്ന് കൂടുതൽ പ്രയോജനം ലഭിക്കുവാൻ ഇപ്രകാരമുള്ള ഒരു നിയമവ്യവസ്ഥ വളരെയധികം സഹായകമായിരിക്കുമെന്ന് കരുതുന്നു. ഇത് അതിനുവേണ്ടി അവതരിപ്പിച്ചിരിക്കുന്ന നിയമനിർദ്ദേശമാണ്.

ശ്രീ. ഇ. പത്മനാഭൻ : സർ, ഞാൻ എന്റെ പ്രമേയം അവതരിപ്പിക്കുന്നു. "This House resolves to disapprove the Kerala Command Areas Development ordinance 1986 (Ordinance No 64 of 1986)". ഞാൻ ഇവിടെ പറയാനുദ്ദേശിച്ച ഒരു പ്രധാന കാര്യം ഭാഗ്യവശാൽ നമ്മുടെ ജലസേചന മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു എന്നുള്ളത് സന്തോഷമുള്ള കാര്യമാണ്. കേവലം കുറേ ഉദ്യോഗസ്ഥൻമാരെ കുത്തിനിറച്ചുകൊണ്ട് ഒരു സ്ഥാപനമുണ്ടാക്കി കൃഷിക്കാരുടെ മേൽ ശാശ്വതമായ ശാപമായി അത് മാറ്റുകയും ചെയ്യുന്ന സമീപനം ഈ ഓർഡിനൻസിന്റെ വകുപ്പുകളിലുമുണ്ട്. അത് പുനഃപരിശോധിക്കണം. കൃഷിക്കാരുടെ അസോസിയേഷൻ ഉണ്ടാക്കുകയും അവരുടെ നിർദ്ദേശമനുസരിച്ച് ആവശ്യമായ സാങ്കേതിക സഹായങ്ങളും മറ്റും ലഭ്യമാക്കുകയും ചെയ്യാമെന്ന സമീപനം സ്വീകരിക്കാമെന്നു പറഞ്ഞാൽ സ്വാഗതാർഹമായിട്ടുള്ള ഒരു മാറ്റമായിരിക്കും അത്. കമാൻഡ് ഏരിയാ ഡവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നത് ജലസേചനത്തിന്റെ ലക്ഷ്യം വച്ചുള്ള വെള്ളം ആവശ്യത്തിന്, ഉപയോഗിക്കുകയും അത് വ്യർത്ഥമാകാതെ ഇരിക്കാനും വേണ്ടിയാണ്. കമാൻഡ് ഏരിയായും അതിന്റെ പരിസരപ്രദേശങ്ങളും ഇതിന്റെ അധികാര പരിധിയിൽ വരുന്നുണ്ട്. പക്ഷേ ഇന്ന് കേരളത്തിലെ യഥാർത്ഥ സ്ഥിതി പരിശോധിച്ചു നോക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

താണ്. പാലക്കാട് ജില്ലയിലാണ് ചെറുതും വലുതുമായ പല ജലസേചന പദ്ധതികളുള്ളത്. മലമ്പുഴ, വാളയാർ, മങ്കര, മീൻകര, ചുള്ളിയാർ, മംഗലം ഡാം എന്നീ പദ്ധതികളും മുക്കാലും പണി തീർന്നതാണ്. കാഞ്ഞിരപ്പുഴ പദ്ധതി നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെതന്നെ ചിറ്റൂർപ്പുഴ പദ്ധതി അന്ന് കൊച്ചി രാജാവിന്റെ കാലത്ത് ആരംഭിച്ച പണിയാണ്. കേരള പോനി, കുര്യാർകുറ്റി കാരപ്പാറ, സൈലൻവാലി തുടങ്ങിയ പല പദ്ധതികളും സർവ്വേ കഴിഞ്ഞ് സാദ്ധ്യതയുള്ളതായി അംഗീകരിച്ചവയാണ് നിർഭാഗ്യവശാൽ അതിന്റെയൊന്നും പണി തുടങ്ങാൻ ഇന്നുവരെ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. പണി കഴിഞ്ഞ പദ്ധതികളുടെ സ്ഥിതി ഇതാണ്. വെള്ളത്തിന്റെ അധികവിനിയോഗമല്ല പാലക്കാട്ടെ കൃഷിക്കാരുടെ പ്രശ്നം.

പാലക്കാടൻ കൃഷിമേഖലയിൽ ഇന്നു യഥാർത്ഥത്തിലുള്ള പ്രശ്നം വെള്ളത്തിന്റേതല്ല. വെള്ളം ഇല്ലായ്മയുടേതാണ് ജലസേചനപദ്ധതികളും സംരക്ഷിക്കുന്നതിനുവേണ്ടി ജലസേചനവകുപ്പുമന്ത്രിക്ക് യാതൊന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ജലസേചനത്തിനുള്ള റിസർവ്വോയറുകളിൽ വെള്ളമല്ല ഉള്ളത്. അവിടെയുള്ളത് കൃഷിയാണ്, തെങ്ങും റബറും വാഴയുമാണ്. വെള്ളം കെട്ടിനിൽക്കേണ്ട സ്ഥലങ്ങളിൽ നിന്നു വളരെ താഴോട്ടു ഇറങ്ങിവന്ന കയ്യേറ്റ കർഷകർ നൂറു കണക്കിന് ആയിരക്കണക്കിന് ഏക്കറിൽ ഇന്നു കൃഷി ചെയ്തുകഴിഞ്ഞിരിക്കുകയാണ്. ആ കൃഷിക്കാരെ ഒഴിപ്പിക്കാനോ ജലസംഭരണി സംരക്ഷിക്കാനോ വേണ്ട യാതൊരു ഏർപ്പാടും ഉണ്ടായിട്ടില്ല. അതാണ് ഇന്നു മലമ്പുഴ പദ്ധതിയുടെ സ്ഥിതി. മലമ്പുഴ പദ്ധതിയിൽ ജലം നിർത്തേണ്ടതായ റിസർവ്വോയർ ഏരിയായിൽ മൂന്നും നാലും വർഷം പ്രായമായ റബർ തൈകളും തഴച്ചുവളർന്നു നിൽക്കുന്നത് കാണാം. അതുപോലെ രണ്ടും മൂന്നും വർഷം പ്രായമുള്ള തെങ്ങാണ് മലമ്പുഴ റിസർവ്വോയറിന്റെ വെള്ളം നിൽക്കേണ്ട പ്രദേശങ്ങളിൽ ഇന്ന് കാണുന്നത്. വാഴകൃഷിവരെ തുടങ്ങിയിരിക്കുകയാണ്. ഇനി വൃശ്ചികം കഴിഞ്ഞാൽ വെള്ളം പെട്ടെന്നു പുഴയിലേക്ക് തുറന്നു വിടുകയും ആ റിസർവ്വോയർ പ്രദേശമാകെ പുഞ്ചകൃഷി ആരംഭിക്കുകയുമാണ്. ഒരിക്കലും റിസർവ്വോയറിൽ വെള്ളം നിർത്താൻ ഈ കയ്യേറ്റകൃഷിക്കാർ അനുവദിക്കുകയില്ലെന്നുള്ളതാണ് സ്ഥിതി. ഇപ്പോഴും പണി ചെയ്തതായ കാഞ്ഞിരപ്പുഴ പദ്ധതി പ്രദേശത്ത് ഷട്ടർ ഇട്ടു വെള്ളം നിർത്താനുള്ള സൗകര്യമുണ്ടായിട്ടും ഷട്ടർ ഇട്ടിട്ടില്ലെന്നുള്ളതാണ് സ്ഥിതി. അവിടെ നാലായിരം ഏക്കർ സ്ഥലത്തെ കയ്യേറ്റക്കൃഷി റവന്യൂ ഡിവിഷണൽ ഓഫീസർ പോയി നശിപ്പിച്ചു. അത്തരം കയ്യേറ്റങ്ങളും ഒഴിപ്പിക്കുന്നതും നശിപ്പിക്കുന്നതും സ്റ്റേ ചെയ്തുകൊണ്ടുള്ള ഉത്തരവാണ് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് തിരുവനന്തപുരത്തു നിന്നു വന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ ഉത്തരവ് കൊടുത്തത് ഇറിഗേഷൻ മിനിസ്റ്ററാണോ റവന്യൂമിനിസ്റ്ററാണോ എന്നു എനിക്കറിയില്ല. റിസർവ്വോയറിലുള്ള വെള്ളം കൃഷിക്കുപയോഗിക്കുന്നതല്ല അവിടെ പ്രശ്നം. എല്ലാ റിസർവ്വോയറുകളും നശിപ്പിക്കുന്ന ഒരു സമീപനമാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. മീൻകര ജലവിതാനത്തിന് താഴെയുള്ള പ്രദേശങ്ങളിലും ഇതുപോലെ കൃഷി നടത്തുന്നു.

വാളയാറിലേക്ക് വെള്ളം വരുന്ന തമിഴ്നാട്–കേരള അതിർത്തിയിലുള്ള പുഴയിൽ പല സ്ഥലത്തും വെള്ളം കെട്ടിനിർത്തി സ്വകാര്യജലസേചന പദ്ധതി നടത്തിക്കൊണ്ടിരിക്കുകയാണ്. അവിടെ പലരും പമ്പ്സെറ്റുകളും സ്ഥാപിച്ചിരിക്കുന്നു. പുഴയിൽ നിന്നു വെള്ളം തിരിച്ചുവിട്ടു പല ഏരികളും കുളങ്ങളും തമിഴ്നാട് പ്രദേശത്തു സ്ഥാപിച്ചിരിക്കുന്നു. നിലവിലുള്ള ഇറിഗേഷൻ നിയമപ്രകാരം നടപടിയെടുക്കാവുന്ന ഇത്തരം

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങൾക്ക് യാതൊരു നടപടിയും ഇന്നുവരെ സ്വീകരിച്ചിട്ടില്ലെന്നുള്ളതാണ് യാതാർത്ഥ്യം. ഇപ്പോഴത്തെ വാളയാർഡാം തകർച്ചയിലായിരിക്കുന്നു. മലബാർ സിമന്റ് ഫാക്ടറിക്ക് വാളയാർ ഡാമിൽ നിന്നു വെള്ളം ലഭിക്കുമെന്നാണ് കണക്കാക്കിയിരുന്നത്. ഇതുവരെ പവർ ഇല്ലാത്തതിന്റെ പേരിൽ ലേ ഓഫ് ആയിരുന്നെങ്കിൽ സിമന്റ് ഫാക്ടറിക്കാവശ്യമായ വെള്ളം വാളയാർ ഡാമിൽ ഇല്ലാത്തതിന്റെ പേരിൽ ലേ ഓഫിലേക്ക് പോകുന്ന ഒരു സ്ഥിതിയാണ് ഇപ്പോഴുള്ളത്. കഴിഞ്ഞ മൂന്നു നാലു വർഷങ്ങളായി വാളയാർ ഡാമിൽ നിന്നു നിരന്തരമായി ലോറിക്കണക്കിന് മണൽ കയറ്റിക്കൊണ്ടു പോകുന്നു. കേരള ഗവൺമെന്റോ ജലസേചന വകുപ്പോ മണൽ വാരുന്നതിന് ലൈസൻസ് കൊടുക്കുകയോ മറ്റോ ചെയ്തിട്ടുണ്ടോ ? അനധികൃതമായി ആരുമാരുമറിയാതെകണ്ടാണ് നിരന്തരമായി ഇങ്ങനെ ഡാമിനെ നശിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നത്. അവിടെ ഡാമിന്റെ ജലവിതാനത്തിന്റെ താഴെയാണ് നിലക്കടല കൃഷി ചെയ്തുകൊണ്ടിരിക്കുന്നത്. ഡാം പ്രദേശത്താണ് ഇപ്പോഴും കരിമ്പു കൃഷിയും ചെയ്തുകൊണ്ടിരിക്കുന്നത്. ചില പ്രദേശങ്ങളിൽ പ്രമാണിമാർക്ക് വേണ്ടി മാത്രം അൽപ്പം വെള്ളം വിട്ടുകൊടുക്കുന്നു അതിനാവശ്യമായ വെള്ളം മാത്രമേ ഡാമിൽ സംഭരിക്കുന്നുള്ളു എന്നുള്ളതാണ് സ്ഥിതി. പാലക്കാട് ജില്ലയിൽ ചെറുതും വലുതുമായ ഡാമുകളുണ്ട്. റിസർവോയറുകൾക്ക് ആവശ്യമായിട്ടുള്ള പരമാവധി ജലം സംഭരിക്കുകയെന്നുള്ളത് കഴിഞ്ഞ ഏതാനും വർഷമായി ഉണ്ടായിട്ടില്ല. ഇതു വെള്ളമില്ലാത്തതിന്റെയോ മഴയില്ലാത്തതിന്റെയോ പേരിലാണെന്നുള്ള ന്യായവാദം ഒരിക്കലും അംഗീകരിക്കാൻ കഴിയുകയില്ല. വേനൽക്കാലത്തു പോലും വെള്ളം കുത്തിയൊഴുകുന്ന ഒട്ടേറെ പുഴകൾ മലമ്പുഴ ഡാമിൽ വന്നുകൊണ്ടിരിക്കുന്നുണ്ട്. ആ പുഴകളിലെല്ലാംതന്നെ റബർകർഷകരും അതുപോലെയുള്ള ആൾക്കാരും വഴിക്ക് തടഞ്ഞുവച്ചുകൊണ്ട് സ്വകാര്യ ജലസേചനപദ്ധതികളുണ്ടാക്കി റബ്ബർത്തോട്ടങ്ങൾ നനയ്ക്കുകയും മറ്റും ചെയ്തുകൊണ്ടിരിക്കുകയാണ്. അതുവഴി ഇന്നു ഡാമിൽ പ്രതീക്ഷിക്കുന്ന അത്രയും വെള്ളം വരാതെ പോകുന്നു. ഇതൊന്നും നിരോധിക്കുവാൻ ആലോചിക്കുകയോ ഒന്ന് നോക്കുകയോ ചെയ്യുന്നില്ല. ഇപ്പോൾ ഒരു കമാൻഡ് ഏരിയാ 1985 പടച്ചുണ്ടാക്കിയിട്ടുണ്ട്. ഭൂമിശാസ്ത്രപരമായി ഡാമുകൾ എവിടെ കിടക്കുന്ന ഏതൊക്കെയാണ് എന്നുപോലും അറിയാത്ത ആളുകളാണവർ കൃഷിയുമായി പുലബന്ധം പോലുമില്ലാത്ത ആളുകളാണെന്നുള്ളതാണ് വളരെ വിചിത്രമായ വസ്തുത. അതുകൊണ്ട് ഈ ഓർഡിനൻസ് ഇപ്പോൾ നടപ്പാക്കുകയെന്നു പറഞ്ഞാൽ കേവലം സിവിൽ വർക്സ് നടത്താൻ വേണ്ടിയുള്ള ഒരു ഏർപ്പാടാണ്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ വയലുകളിൽക്കൂടി പാനൽ വെട്ടാൻ കുറെ സ്ഥലം വിട്ടുകൊടുക്കുകയും അതിനു വേണ്ട ചെലവിനായ പണം കൊടുക്കുകയും മാത്രമേ അതുകൊണ്ട് ഉണ്ടാകാൻ പോകുന്നുള്ളു. അതല്ലാതെ കൃഷി മെച്ചപ്പെടുത്താനോ വെള്ളം ശാസ്ത്രീയമായി ഉപയോഗിക്കാനോ ഉതകുന്ന ഒരു സംവിധാനവും ഉണ്ടാകാൻ പോകുന്നില്ല ജലസേചനസൗകര്യം ഏറ്റവും അധികമുള്ള ചിറ്റൂർ, ആലത്തൂർ, പാലക്കാട് തുടങ്ങിയ താലൂക്കുകളിലെ അനുഭവം വച്ചുകൊണ്ട് എനിക്ക് പറയാൻ കഴിയും ഈ ഗവൺമെന്റ് അടിയന്തിരമായി ചെയ്യേണ്ടത് നമ്മുടെ ജലസേചനപദ്ധതികളും സംരക്ഷിക്കാനുള്ള ഏർപ്പാടുകളാണ്. ജലസേചന പദ്ധതികളുടെ റിസർവോയർ പ്രദേശങ്ങളിൽ നിന്നു കയ്യേറ്റക്കാരെ ഒഴിപ്പിക്കണം. മലമ്പുഴ ജലസേചനപദ്ധതി റിസർവോയറിന്റെ ഏറ്റവും മാക്സിമം ലവലിന് മേൽ മുളംകൂട്ടം വച്ചുപിടിപ്പിച്ച് സോയിൽ ഇറോഷൻ തടയണമെന്നാണ് പദ്ധതി. അവിടെ ഒരു മുളംകൂട്ടം പോലും

LIBRARY ARCHIVES Kerala Legislative Assembly

വച്ചുപിടിപ്പിച്ചിട്ടില്ല. 100 മീറ്റർ വീതിയിൽ മുളംകൂട്ടം വച്ചുപിടിപ്പിക്കണമെന്നാണ് പദ്ധതിയെങ്കിലും നാളീതുവരെ യാതൊന്നും ചെയ്തിട്ടില്ലെന്നു മാത്രമല്ല അവിടെയുള്ള അതിർത്തിക്കല്ലിന്റെ 100 മീറ്റർ അതിരിനു വാഴയും തെങ്ങും രണ്ടും മൂന്നും വർഷം പ്രായമായ റബ്ബർ ചെടികളും നിൽക്കുകയാണ്. ഇങ്ങനെ കയ്യേറ്റം കൃഷിക്കുവേണ്ടി റിസർവോയർ നശിപ്പിക്കുന്ന, ജലസേചനസൗകര്യങ്ങൾ നശിപ്പിക്കുന്ന ഒരു സംസ്ഥാനം വേറെ ഇല്ല. വെള്ളം ദുരുപയോഗം ചെയ്യുന്നത് തടയാൻ വേണ്ടിയാണ് ഇത്തരം കമാൻറ് ഏരിയ പദ്ധതി ഉണ്ടാക്കുന്നത്. വെള്ളം സംഭരിക്കാൻ കഴിയാത്ത രാജ്യത്ത് ഇതു ആവശ്യമില്ലാത്ത ഒരു കാര്യമാണ്. ആദ്യം ജലസേചനപദ്ധതികളെ സംരക്ഷിക്കണം. കഴിഞ്ഞ ഒരു കൊല്ലത്തിനുള്ളിൽ ഓർഡിനൻസ് സൃഷ്ടിയായ അതോറിറ്റി എത്ര തസ്തികകളാണ് ഉണ്ടാക്കിയിരിക്കുന്നത് ? Back ground വസ്തുതകളിൽ പല ലിസ്റ്റുകളാണ് കാണുന്നത്. നാട്ടിലെ കൃഷിക്കാരുടെ സഹായസഹകരണത്തോടുകൂടി കൃഷിക്കാരുടെ സംഘടനയുണ്ടാക്കി അവരുടെ നിർദ്ദേശമനുസരിച്ച് അവരുടെ പാർട്ടിസിപ്പേഷനോടുകൂടി അവരുടെ മേൽ വരുന്ന ബാദ്ധ്യത കുറയ്ക്കാവുന്ന രീതിയിൽ, കടം കുറയ്ക്കാവുന്ന രീതിയിൽ എന്തെങ്കിലും ഒരു സംവിധാനമാണ് ഉണ്ടാക്കേണ്ടത്. അതല്ല ഇന്നു ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. കർഷകരെ എന്നും കടക്കാരാക്കുന്ന കർഷകരുടെ മേൽ ഒരിക്കലും തീരാത്ത ഭാരം കയറ്റിവയ്ക്കുന്ന രീതിയാണ് കഴിഞ്ഞ ഒന്നര കൊല്ലമായി ഈ ഓർഡിനൻസ് നടപ്പിലാക്കുന്നതുവഴി നമുക്ക് കാണാൻ കഴിയുന്നത്. ഈ രീതി മാറണം. ആന്ധ്രാ പോലുള്ള സംസ്ഥാനങ്ങളിൽ ഈ കമാൻഡ് ഏരിയ എന്നുള്ളതു മൂന്നും നാലും എണ്ണമായിട്ടാണ് കാണുന്നത്. നമ്മുടെ ഇവിടെ നെയ്യാർ ഡാം മുതൽ മലമ്പുഴ വരെ ഒരൊറ്റ ഏരിയയായിട്ടാണ് ഉദ്ദേശിച്ചിരിക്കുന്നുതെന്നു തോന്നുന്നു. ഇതിന്റെ യാതൊരു വിവരവും നമുക്ക് വ്യക്തമല്ല. ചില പ്രദേശങ്ങളെ സംബന്ധിച്ചു കാച്ചുമെന്റ് ഏരിയ പൊതുവായിട്ടുള്ള ജലസേചനപദ്ധതികളുണ്ട്. ഉദാഹരണത്തിന് പാലക്കാടും തൃശ്ശൂരും ജില്ലകൾക്ക് സംയുക്തമായി ഒരു പദ്ധതി ആവിഷ്കരിച്ചാൽ മാത്രമേ അവിടെ കാച്ച്മെന്റ് ഏരിയ ശരിയാകുകയുള്ളു. അവിടത്തെ ജലസേചനപദ്ധതി നശിപ്പിക്കുന്ന ഏർപ്പാട്, കയ്യേറ്റക്കാരിൽ നിന്നു ഡാം സംരക്ഷിക്കണമെന്നുണ്ടെങ്കിൽ ഈ രീതിയിലുള്ള ഒരു സംവിധാനം ആവശ്യമാണ്. ഇന്നത്തെ രീതിയിൽ എത്ര ആയക്കട്ട് ഏരിയ എവിടെ ഏതു രീതിയിൽ നടപ്പിലാക്കുമെന്നൊന്നും അറിയാതെ ഓർഡിനൻസ് കൊണ്ടുവന്നാൽ ആവശ്യമില്ലാത്ത ഭാരം കർഷകരുടെ മേൽ അടിച്ചേൽപ്പിക്കുന്ന് ഒരു സംവിധാനമാണ്. ഉണ്ടാക്കിവയ്ക്കുന്നത്. ഇതാകെ പൊളിച്ചുമാറ്റണം. കാച്ച്മെന്റ് ഏരിയ ഡെവലപ്പ്മെന്റ് അതോറിറ്റി വേണ്ടെന്നല്ല ഞാൻ പറയുന്നത്. പക്ഷെ ഇന്നത്തെ ഈ ഓർഡിനൻസ് പ്രകാരം നടത്തിയിട്ടുള്ള നടപടികളത്രയും തന്നെ റദ്ദാക്കിയാൽ മാത്രമേകർഷകന് രക്ഷയുള്ളു. അല്ലെങ്കിൽ കർഷകരെ മുച്ചൂടും നശിപ്പിക്കുന്ന പാപ്പരാക്കുന്ന ഒരു നടപടിയിലേക്ക് ഇതു നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഏരിയ ഡെവലപ്പ്മെന്റ്. അതോറിറ്റി ശാസ്ത്രീയമായി പ്രവർത്തിപ്പിക്കാൻ കഴിയണമെങ്കിൽ ആദ്യം റിസർവോയറിൽ വെള്ളം വേണം. റിസർവോയറിന്റെ മാക്സിമം ലവലിനും താഴെയുള്ള എല്ലാ കൃഷിയും ഒഴിപ്പിക്കാൻ നിങ്ങൾക്ക് കഴിയുമോയെന്നു മന്ത്രിയോട് ഞാൻ ചോദിക്കുകയാണ്. കഴിയുകയില്ല. കാഞ്ഞിരംപുഴയിൽ നാലായിരം ഹെക്ടർ കൃഷി ആർ. ഡി. ഒ. നശിപ്പിച്ചപ്പോൾ തിരുവനന്തപുരത്തു നിന്ന്, ജലസേചനമന്ത്രിയുടേയോ റവന്യൂ മന്ത്രിയുടേയോ എന്നു എനിക്ക് അറിയില്ല, അത്തരം നടപടികളെല്ലാം സ്റ്റേ ചെയ്യാനുള്ള ഉത്തരവ് വന്നു ഇപ്പോഴും അവിടെ കൃഷി നടക്കുകയാണ്. ഇപ്പോഴും അവിടെ കൊയ്യാറായ നെല്ലുണ്ട്. ഷട്ടർ ഇട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

എൻജിനിയർമാരുടെ സ്ഥിതിയാണെങ്കിൽ വളരെ ശോചനീയമാണ്. വെള്ളം വിട്ടുകിട്ടണമെങ്കിൽ കൈക്കൂലി കൊടുക്കണമെന്നുള്ള സ്ഥിതിയാണ്. ഷട്ടർ ഇടേണ്ടന്നുണ്ടെങ്കിൽ അവരെ പ്രീതിപ്പെടുത്തിയാൽ ഷട്ടർ ഇടാത്തതിന്റെ സാങ്കേതിക കാരണം പറയും. കഴിഞ്ഞ വർഷം വലിയ ഒരു തമാശയുണ്ടായി. ആലത്തൂർ താലൂക്കിൽ ചില പ്രത്യേക പ്രദേശങ്ങളിൽ കർഷകർക്ക് വെള്ളം കിട്ടാത്ത പ്രശ്നവുമായി കർഷകസംഘം നിവേദനം നടത്തിട്ട് സൂപ്രണ്ടിംഗ് എൻജിനീയറുടെ അടുത്തുപോയി. എല്ലാ എൻജിനീയർമാരേയും എക്സിക്യൂട്ടീവ് എൻജിനീയർമാരേയും അദ്ദേഹം ഫോണിൽ വിളിക്കുന്നു. ഒരു തുള്ളി വെള്ളം തരാൻ ഒരു മാർഗ്ഗവുമില്ലെന്നുള്ള സ്ഥിതി. വെള്ളം തന്നാൽ മൽസ്യം ചാവും അതുകഴിഞ്ഞു രണ്ടു ദിവസം കഴിഞ്ഞപ്പോൾ കനാലിൽകൂടി വെള്ളം ഒഴുകുന്നു. എവിടെ നിന്നു വെള്ളം കിട്ടിയെന്നു കർഷകരോട് ചോദിച്ചു. അതിന് നിവേദന മല്ല ചെല്ലേണ്ടത്. പണമാണ്. നമുക്ക് തെറി സഖാവെ എന്നാണ് കർഷകസംഘം നേതാവിനോട് കർഷകർ പറഞ്ഞത്. അവർപോകേണ്ട വഴിക്ക് പോകുന്ന രീതിയിൽ ചെല്ലേണ്ടവിധം എത്തിയപ്പോൾ വെള്ളം കിട്ടി. ഇതൊന്നു പരിശോധിക്കണം. കാച്ച്മെന്റ് ഏരിയ ഉണ്ടാക്കിയാൽ മാത്രം പോര ജനങ്ങളെ ഈ രീതിയിൽ പിഴിഞ്ഞെടുക്കുന്ന ഒരു സമ്പ്രദായം കൂടി വന്ന എന്നു മാത്രമേ ഇന്നത്തെ രീതിയിൽ കമാൻറ് ഏരിയ ഉണ്ടാക്കിയാൽ പ്രയോജനമുള്ളു. അതുകൊണ്ട് ഈ ഓർഡിനൻസ് പ്രകാരം നടപ്പിലാക്കാനുള്ള തീരുമാനം അഴിച്ചുമാറ്റി കർഷകരുമായി സഹകരിച്ചുകൊണ്ട് കർഷകരുടെ ആവശ്യത്തിന് ഉതകുന്ന രീതിയിൽ വേണം ഇതു നടപ്പിലാക്കാൻ ഇവർക്ക് ഇതിനെസംബന്ധിച്ചു ഒരു ഗ്രാഹ്യവുമില്ല. അവർ 90 മൂപ്പു വിത്തു കൃഷി ചെയ്യാൻ പറയും. ഞങ്ങൾക്ക് പാലക്കാട് 145 മൂപ്പു വിത്തു കൃഷി ചെയ്താൽ മാത്രമേ 30 മേനി വിളയുകയുള്ളു. 6 മേനി വിളയുന്നു വിത്തു കൃഷി ചെയ്താൽ വെള്ളം ലാഭിക്കാമെന്നുള്ള ശാസ്ത്രമായിരിക്കും എൻജിനീയർമാരും ചില ശാസ്ത്രജ്ഞൻമാരും കൂടി കൊണ്ടുവരിക കേരളത്തിന്റെ നെല്ലറയായ, കേരളത്തെ മുഴുവൻ ഊട്ടാൻ ആവശ്യമായിട്ടുള്ള അരി ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന പാലക്കാട് ജില്ലയ്ക്ക് പ്രശ്നങ്ങളുണ്ട്. പക്ഷെ ഇന്നു അവിടെ അവഗണന മാത്രമാണ്. ഇന്നു അവിടം വരൾച്ചപ്രദേശമായി മാറിയിരിക്കുകയാണ്. പത്തു പതിനാല് ജലസേചനപദ്ധതികളുണ്ടായിട്ടും അവയുടെ കാര്യക്ഷമമായ വിനിയോഗമല്ല നടക്കുന്നത്. ഉദ്യോഗസ്ഥൻമാർ ധൂർത്തടിക്കുകയാണ്. ഗവൺമെൻറ് നിലവാരത്തിൽ കയ്യോങ്ങേണ്ട ഒത്താശ ചെയ്തുകൊടുക്കുകയാണ്. ഈ രീതിയിൽ കൃഷിക്കാരെ നശിപ്പിക്കുന്നതു നിർത്തണം

സർ, നബാർഡിൽനിന്നെടുത്തിട്ടുള്ള കടം, സഹകരണ സ്ഥാപനങ്ങളിൽ നിന്നുമുള്ള കടം, കേന്ദ്രഗവൺമെൻറിൽനിന്നുമുള്ള കടം, സംസ്ഥാന ഗവൺമെൻറിന്റെ കടം ഇതെല്ലാംതന്നെ താങ്ങാനുള്ള ശക്തി നെൽക്കൃഷിക്കാർക്കില്ല. കടം മാത്രമേ അവനു നിങ്ങൾ കൊടുക്കുന്നുള്ളു. വ്യവസായികൾക്കുള്ള സൗജന്യത്തിൽ ഒന്നെങ്കിലും നിങ്ങൾ നൽകുന്നുണ്ടോ ? ഒന്നും നൽകുന്നില്ല. മൂലധനനിക്ഷേപത്തിനുള്ള സൗജന്യമെങ്കിലും നിങ്ങൾ നൽകുന്നുണ്ടോ ? അതുപോലുള്ള ആവർത്തനചെലവുകൾ വരുന്ന കാര്യങ്ങൾക്ക് നിങ്ങൾ സഹായം നൽകുന്നുണ്ടോ ? ഇക്കൊല്ലത്തെ വിള നശിച്ചാൽ അടുത്തകൊല്ലം വിളവെടുക്കുന്നതിനായി വിത്തു കൊടുക്കുന്ന സമ്പ്രദായം മാത്രമാണ് വരൾച്ചയ്ക്കും വെള്ളപ്പൊക്കത്തിനും പരിഹാരമായിട്ടുള്ള ഒരു സംവിധാനമായി നമ്മുടെ നാട്ടിലുള്ളത്. അതുകൊണ്ട് കൃഷിയെ സംബന്ധിച്ച് ഘോര ഘോരം പ്രസംഗിച്ചാൽ പോരാ. മന്ത്രിക്ക് കൃഷിയെപ്പറ്റി നല്ലതുപോലെ പ്രസംഗിക്കാൻ അറിയാം. ഞാൻ ഒന്ന് ചോദിക്കട്ടെ ജലസേചന രംഗത്ത് നിങ്ങൾക്കൊരു ദേശീയ നയമുണ്ടോ ? ശ്രീ. മാണി മന്ത്രിയായി കഴിഞ്ഞപ്പോൾ ജലസേചന

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ മുൻഗണന മാറിയില്ലേ ? ഇവിടെ ഇൻഡ്യാ ഗവൺമെന്റിനെ സാക്ഷി നിർത്തി പ്ലാനിംഗ് കമ്മീഷനെ സാക്ഷിനിർത്തി നിങ്ങളും ഈ രാജ്യത്തെ പദ്ധതികളെപ്പറ്റി സംസാരിക്കുന്നു. ജലസേചനത്തെപ്പറ്റി സംസാരിക്കുന്നു. വൻകിട ജലസേചന പദ്ധതികളും ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളും ഉണ്ടാക്കിയിട്ട് എത്ര വർഷമായി ? 1974-ൽ ആണ് സമഗ്രമായ പദ്ധതി ഉണ്ടായത്. കേരളത്തിലെ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിന് ഒരുമണി അരിപോലും ഇറക്കുമതി ചെയ്യാത്തരത്തിലുള്ള പദ്ധതികളും തയ്യാറാക്കിയിരുന്നു. അത് വലിയ പുസ്തകമായിട്ട് നമ്മുടെ ലൈബ്രറിയിൽ ഇരിക്കുന്നുണ്ട്—ഇറിഗേഷൻ പ്രോജക്ട്സ് ഇൻ കേരള. എന്നിട്ട് അതിനാവശ്യമായ പണം സംഭരിക്കാനോ, വിനിയോഗിക്കാനോ കഴിയാതെ ആ പദ്ധതികളെല്ലാം ഇന്ന് പകുതിവച്ച് നിർത്തിയിരിക്കുന്നു മലയാളത്തിൽ ''രാമേശ്വരത്തെ ക്ഷൗരം'' എന്നൊരു പ്രയോഗമുണ്ട്. എന്തായാലും കേരളീയർക്ക് ഇനിയത് ഉപയോഗിക്കേണ്ട. ആ രീതിയിൽ 'കേരളത്തിലെ ജലസേചന പദ്ധതികളെപ്പോലെ' എന്ന് പ്രയോഗിക്കുകയേ ഇനി ആവശ്യമുള്ളു. 'രാമേശ്വരത്തെ' നമുക്കു ഒഴിവാക്കാവുന്ന ഒരു സ്ഥിതിയാണ്. അങ്ങനെ ജലസേചന രംഗത്ത് കഴിഞ്ഞ 10-15 കൊല്ലമായിട്ട് എന്തെല്ലാം ചെയ്യണമെന്ന് ആഗ്രഹിച്ചോ അതെല്ലാം നശിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. അതിനുശേഷമാണ് ഇപ്പോൾ കിട്ടിയിരിക്കുന്നത് ഒരു 'കമാൻറ്' ഏരിയ' എന്നു പറയുന്ന ഒന്ന്. ഇത് വൻകിട—ജലസേചന പദ്ധതികളും നടപ്പാക്കിയ സംസ്ഥാനങ്ങളിൽ കൃഷിക്കാർക്ക് വിനിയോഗിക്കാൻവേണ്ടി കൃഷിക്കാരന്റെ സഹകരണത്തോടുകൂടി ചെയ്യുന്ന ഒരു കാര്യമാണ്. അതല്ലാതെ പദ്ധതികളും പകുതി വഴിക്ക് നിർത്തിവച്ചില്ല. ഇപ്പോൾ പറയുന്ന പുതിയൊരു പദ്ധതിയുമായിട്ടാണ് നമ്മുടെ മാണി രംഗത്തിറങ്ങിയിട്ടുള്ളത്. സ്പ്രിംഗ്ളർ ഇറിഗേഷൻ ഏലത്തോട്ടങ്ങളിലും, തേയിലത്തോട്ടങ്ങളിലും, കാപ്പിത്തോട്ടങ്ങളിലും, റബ്ബർത്തോട്ടങ്ങളിലും കൃഷിയ്ക്ക് നന്ന് എന്ന് തോന്നുന്നു. ഇന്നത്തെ ജലസേചനത്തിന്റെ ഊന്നൽ നാണ്യവിളകളിലേയ്ക്ക് മാറ്റൻപോകുന്നോയെന്ന് ഞാൻ സംശയിക്കുന്നു. തുടക്കം നെൽകൃഷിക്കാരന്റെ അടുത്തുനിന്ന് തുടങ്ങാൻവേണ്ടിയാണ് ഉദ്ദേശിക്കുന്നത് എന്നാണ് പറയുന്നത്. അതിനുവേണ്ടി അപേക്ഷകരെ ക്ഷണിക്കുന്നുവെന്നുള്ള വ്യാജേനയുള്ള പ്രചരണ വേലകളും നടക്കുന്നു. എന്നാൽ ഇത് ഉപയോഗിക്കാൻ പോകുന്നത് മലമുകളിലേയ്ക്കും നാണ്യവിളകളിലേയ്ക്കുമാണ്. ആ വിധത്തിൽ നമ്മുടെ ജലസേചനത്തിന്റെ ഊന്നൽ ഇന്ന് മനുഷ്യനു ഏറ്റവും അത്യാവശ്യമുള്ള ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനത്തിൽനിന്ന് മാറ്റാനായിട്ട് ഈ ഗവൺമെന്റ് പോകുന്നുവെന്ന് ഞാൻ ആരോപിക്കുകയാണ്. ആ രീതിയിൽ രാജ്യത്തെ ഏറ്റവും അപകടകരമായ ഒരു സ്ഥിതിയിലേയ്ക്ക് പോകുകയാണ്. ഒരു നയമുണ്ടെന്നാണ് പറയുന്നത്. പദ്ധതിയെ സംബന്ധിച്ചിടത്തോളം മുൻഗണനാക്രമങ്ങളും മാറ്റാൻപോകുന്നുവെന്ന് അദ്ദേഹം കഴിഞ്ഞപ്രാവശ്യം ബഡ്ജറ്റിന്റെ മറുപടി പറയുന്ന സമയത്ത് ഇവിടെ സൂചിപ്പിച്ചതാണ്. വളരെ വ്യക്തമായിട്ട് അതിന്റെ രൂപം പുറത്തു വന്നുകഴിഞ്ഞിരിക്കുന്നു. ഈ രീതിയിലായാൽ കൃഷിക്കാരെയും കൃഷിയേയും സംരക്ഷിക്കുവാൻ കഴിയുകയില്ല. ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിയുകയില്ല. നാണ്യവിളകളുടെ ഉല്പാദനം നടത്താനോ മെച്ചപ്പെടുത്താനോ കഴിയുകയില്ലായെന്നുള്ളതാണ് സ്ഥിതി. ഈ സമീപനം മാറ്റിയെടുക്കണം. ഇറിഗേഷനെ സംബന്ധിച്ച് മൊത്തത്തിൽ പുതിയൊരു കുഴപ്പാടാണ് ഉണ്ടായേ പറ്റൂ. ഗവൺമെന്റ് യഥാർത്ഥത്തിൽ എന്ത് ഉദ്ദേശിക്കുന്നുവെന്നുതന്നെ പറയണം. നിങ്ങൾ ഭക്ഷ്യധാന്യ ഉല്പാദനത്തിന്റെ വിളയിൽ നിന്ന് ജലസേചനത്തിന്റെ ഊന്നൽ മാറ്റാനാണോ ഉദ്ദേശിക്കുന്നത്. നിങ്ങൾ വൻകിട ജലസേചനപദ്ധതികളുടെ കാര്യത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഊന്നൽമാറ്റാൻ ഉദ്ദേശിക്കുന്നില്ലേ ? ജലസേചനപദ്ധതികളുടെ കാര്യം പറയുന്ന സമയത്ത് വൻകിടയും ചെറുകിടയുമായിട്ട് അന്യോന്യം കൂട്ടിക്കുഴച്ചുകൊണ്ട് സംസാരിച്ചതുകൊണ്ട് കാര്യമില്ല. ജലസേചനത്തിന്റെ സംയോജിതമായിട്ടുള്ള വിനിയോഗം ജലത്തിന്റെ വിനിയോഗം അത് ഭൂഗർഭജലമായിരുന്നാലും ശരി ഉപരിതലജലമായിരുന്നാലും ശരി കേരളത്തിലെപ്പോലെ കാലവർഷം വളരെ സുലഭമായി ലഭിക്കുന്ന ഒരു സംസ്ഥാനത്തുള്ള വെള്ളം സംരക്ഷിക്കുവാൻ കഴിയാത്ത പ്രശ്നമാണ് ഇന്ന് നമുക്കുള്ളത്. ഉള്ള വെള്ളം സംരക്ഷിച്ച് ഉപയോഗിക്കുകയും ഇല്ലാത്തകാലത്ത് എല്ലാ ഡാമുകളുടേയും അടിവാരി വരണ്ടുപോകുന്ന രീതിയിൽ ആക്കാതെ ഡാമിൽനിന്നു ഒരു പ്രത്യേക നിലപ്രകാരം നിലനിറുത്തിക്കൊണ്ട് അങ്ങനെ വെള്ളം ഇല്ലാത്ത സമയത്ത് ഭൂഗർഭജലം ഉപയോഗിക്കാൻവേണ്ടിയുള്ള ഒരു സമഗ്രമായ പരിപാടി ഒരു ഇൻസെന്റീവ് കംട്ടിവേറിങ്ങ് ഏരിയ എന്നുള്ള നിലയ്ക്ക് തെരഞ്ഞെടുത്തു പാലക്കാടോ ആലപ്പുഴയോ മറ്റ് ഏതെങ്കിലും ജില്ലയിൽ നെൽകൃഷി ലാഭകരമാക്കി നടത്തിവരുന്നതുപോലെ നല്ല വിളവു കിട്ടുന്ന പ്രദേശങ്ങളിൽ ഇൻസെന്റീവ് ഏരിയകളായി പ്രഖ്യാപിച്ച് അവിടെ ഇത്തരം പരിപാടികൾ നടപ്പാക്കിക്കൊണ്ട് കൃഷിയെന്നുള്ളത് ഒരു യോഗ്യമായ തൊഴിൽ പോലെ വരുമ്പോൾ വരും എന്ന നിലയ്ക്ക്, ഭാഗ്യക്കുറിപോലെ അല്ലാതെയാക്കിക്കൊണ്ട്, കൃഷി ഇറക്കിയവന് വ്യക്തമായും അതിനുള്ള പ്രതിഫലം ലഭിക്കും, അതിന്റെ വിള സംരക്ഷിക്കുന്നതിനുള്ള സംവിധാനമുണ്ട്, അതിന് വെള്ളം കിട്ടുമെന്നുള്ളതിന് ഉറപ്പുണ്ട് ; എന്ന രീതിയിൽ ആക്കാൻ കഴിയാതെ കേവലം നിയമനിർമ്മാണങ്ങൾ നടത്തി എന്നുള്ള ഖ്യാതി അടിച്ചുകൊണ്ട് ഇവിടെ ഉദ്യോഗസ്ഥമേധാവികളെ അടിച്ചേല്പിച്ച് അതിന്റെയെല്ലാം ഭാരം കൃഷിക്കാരന്റെ തലയിൽ വയ്ക്കുകയും കിട്ടാവുന്ന എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ച് കടംവാങ്ങി കൃഷിക്കാരെ ഏല്പിക്കുകയും ചെയ്യുന്ന ഒരു സ്ഥിതിയാണ് ഈ ഓർഡിനൻസിൽ ഉള്ളത്. അതുകൊണ്ടാണ് ഞാൻ ഈ ഓർഡിനൻസിനെ എതിർക്കുന്നത്.

മറ്റൊരു കാര്യം പറയാനുള്ളത് ഈ ബില്ലിന്റെ തത്വത്തോട് ബഹുമാനപ്പെട്ട മന്ത്രി ഒരു പുനപരിശോധനകൂടി നടത്തണം എന്നുള്ളതാണ്. ഇതിൽ കർഷകത്തൊഴിലാളി എന്നു പറഞ്ഞാൽ ആരാണ് ? ജീവജാലങ്ങളും ആറും ആയിരിക്കുവാൻ വഴിയില്ല. ഭൂമിയിൽ കിടപ്പാടംപോലും ഉള്ളവനും കർഷകത്തൊഴിലാളി എന്നപേരിനും അർഹതയില്ലാത്ത ഒരു നിർവ്വചനമാണ് ഇതിൽ എഴുതിവച്ചിരിക്കുന്നത്. 'അഗ്രികൾച്ചറൽ ലേബർ' എന്നുള്ള നിർവ്വചനം ഒന്നുകൂടി പുനപരിശോധിക്കണം. തമിഴ്നാട്ടിൽനിന്ന് പാലക്കാട്ടെ ചില പ്രദേശങ്ങളിൽ ജോലിക്കുവരുന്ന കൂടിപാർപ്പ് ഇല്ലാത്ത ആർക്കെങ്കിലുമേ ഈ നിർവ്വചനം പറയുകയുള്ളൂ. അര ഏക്കറോ, പത്തോ, മുപ്പതോ സെന്റ് ഭൂമിയുള്ളവൻ കർഷകത്തൊഴിലാളിയല്ലാത്ത ഒരു സാഹചര്യം ഈ നിയമത്തിന്റെ പരിധിയിൽ വരും. ഇങ്ങനെ ഈ നിയമം എടുത്ത് പരിശോധിച്ചാൽ കർഷകത്തൊഴിലാളികൾക്കും കർഷകർക്കും യാതൊരു മെച്ചവും ഉണ്ടാകാതെ അവർക്ക് തീർത്താൽത്തീരാത്ത ഭാരം വരുത്തിവയ്ക്കുന്ന അവരെ എക്കാലവും കടക്കാരായി മാത്രം മാറാൻ കഴിയുന്ന ഒരു വിധത്തിലും കൃഷിക്കാർക്ക് തുടർന്ന് വിശ്വസ്തതയോടുകൂടി മനസമാധാനത്തോടുകൂടി കാർഷികവൃത്തി നടത്തി ഉപജീവനം നടത്താമെന്നുള്ള ഒരു ഉറപ്പ് ഈ നിയമനിർമ്മാണംമൂലം ഉണ്ടാക്കുവാൻ കഴിയുന്നില്ല. അതിന് ആവശ്യമായിട്ടുള്ള ഒരു നിയമമാണ് ഇവിടെ വേണ്ടത്.

'ഞാൻ ഈ കമാൻറ് ഏരിയ ബില്ലിനെ എതിർക്കുകയില്ല'. 'കമാൻറ് ഏരിയ ഡെവലപ്പ്മെൻറ്' ഓർഡിനൻസ് എന്നുള്ളത് ഇതുവരെ നടത്തിയ നടപടി പൂർണ്ണമായും റദ്ദാക്കേണ്ടതായിട്ടാണിരിക്കുന്നത്. അത് റദ്ദ് ആക്കിക്കൊണ്ട് ഓർഡിനൻസിന്റെ ഭാഗത്തു പുതിയനിയമം കൊണ്ടുവന്നു കൃഷി

LIBRARY ARCHIVES Kerala Legislative Assembly

ക്കാർക്ക് വിശ്വാസം നൽകാവുന്ന നടപടികളും ആരംഭിക്കണം എന്ന് ഞാൻ ഒരിക്കൽക്കൂടി ആവർത്തിക്കുന്നു. അതിന് വേണമെങ്കിൽ ഇന്നത്തെ നിലവിലുള്ള ജലസേചനപദ്ധതികളും സംരക്ഷിക്കുന്നതിനും കൈയേറ്റക്കാരെ ഒഴിവാക്കുന്നതിനും നിത്യ കൈകാര്യം ചെയ്യുമ്പോഴുള്ള അഴിമതിയും പക്ഷപാതിത്വവും ധൂർത്തും അവസാനിപ്പിക്കുകയും ചെയ്താൽ മാത്രമേ സാധ്യമാകൂ. ആ നിലയിൽ മാറ്റം വരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ഓർഡിനൻസ് റദ്ദാക്കണമെന്നും പുതിയൊരു ബിൽ ഈ രീതിയിൽ കൊണ്ടുവന്നു നടപ്പാക്കണം എന്നും ഞാൻ ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചു കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മണിമംഗലം കുട്ടപ്പൻ : Sir, I move that the Kerala Command Area Development Bill 1986 be circulated for eliciting public opinion till December 31, 1986.

ഈ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് 1986-ലെ കേരള കമാൻഡ് ഏരിയാ വികസന ബിൽ പൊതുജനാഭിപ്രായത്തിന് വിട്ടുകൊടുക്കണമെന്ന് ഞാൻ നിർദ്ദേശിക്കുന്നത് നമ്മുടെ രാജ്യത്തിലെ കൃഷിക്കാരുടെ അഭിപ്രായംകൂടി ഈ ബില്ലിന്റെ നടത്തിപ്പിനു വേണ്ടിവരും എന്നുള്ള പ്രതീക്ഷയുടെ അടിസ്ഥാനത്തിലാണ്. ഇൻഡ്യാരാജ്യത്തിന്റെ ഒരു പഴയ കഥ ഈ അവസരത്തിൽ ഓർമ്മിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സ്വാതന്ത്ര്യം കിട്ടിയ നാളുകളിലും അതിനു മുമ്പും ഒക്കെ പട്ടിണി കിടന്ന് ഒരുനേരത്തെ കഞ്ഞിവെള്ളം കുടിക്കാനും, കൊടുക്കാനും ഇല്ലാത്ത രാജ്യമായിരുന്നു നമ്മുടെ രാജ്യമെന്ന് എല്ലാവർക്കുമറിയാം. അമേരിക്കയിൽ നിന്നും തായ്ലൻഡിൽ നിന്നും ബർമ്മയിൽ നിന്നും എല്ലാം അരി ഇറക്കുമതി ചെയ്തുകൊണ്ട് അന്ന് ഈ രാജ്യം ഭരിച്ചിരുന്ന രാഷ്ട്രീയകക്ഷിക്കെതിരായി 'അരിതരാത്ത ഭരണം' എന്ന് ഈ രാജ്യം മുഴുവൻ മുദ്രാവാക്യം വിളിച്ചു നടന്ന എല്ലാ രാഷ്ട്രീയപാർട്ടികളേയും നിശബ്ദരാക്കിക്കൊണ്ട് കാർഷികരംഗത്തു സമൂലമാറ്റം വരുത്തിക്കൊണ്ട് വിപ്ലവം സൃഷ്ടിക്കാൻ ഇടയായതിനു കാരണം നമ്മുടെ ജലസേചനപദ്ധതികളും ആയിരുന്നുവെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അന്ന് ഒരു യുദ്ധകാല അടിസ്ഥാനത്തിൽ, ഒഴുകിപ്പോകുന്ന ജലം തടഞ്ഞു നിർത്തി ആവശ്യമായ ജലസേചനസൗകര്യങ്ങളും കനാലുകളും ഏർപ്പെടുത്തി കൃഷിക്കാർക്ക് ഉപയോഗിക്കത്തക്ക രീതിയിലുള്ള ഒരു പ്രോജക്ടിന്റെ അടിസ്ഥാനത്തിലാണ് നമ്മുടെ പല ഇറിഗേഷൻ പ്രോജക്ടുകളുടേയും പ്രവർത്തനം തുടങ്ങിയത് എന്നാണ് ഞാൻ മനസിലാക്കുന്നത്. കാലം കുറെക്കൂടെ മുമ്പോട്ടുപോയപ്പോൾ, ബഹുമാനപ്പെട്ട ജലസേചനമന്ത്രി ഇവിടെ സൂചിപ്പിച്ചു; ഇത് ഇൻഡ്യാഗവൺമെന്റ് 1974-ൽ തന്ന ഒരു നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആണ് ഈ കമാൻഡ് ഏരിയ ഡെവലപ്പ്മെന്റ് എന്നു പറയുന്ന ഒരു ആശയം ഉണ്ടായത് എന്ന്. എന്റെ ഓർമ്മ ശരിയാണെങ്കിൽ 1951 കാലഘട്ടം മുതൽക്കുതന്നെ ഇൻഡ്യാ രാജ്യത്തിലെ കാർഷിക വിദഗ്ദ്ധൻമാർ ഈ ജലസേചനപദ്ധതികളുടെ പ്രവർത്തനപരിധി എത്രത്തോളം വ്യാപകമാക്കണമെന്ന്. ആലോചിച്ചുകൊണ്ടിരിക്കുന്നു. അതിനു ധാരാളം സയൻറിഫിക്കലായും മറ്റു വിദേശരാഷ്ട്രങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധം ഉണ്ടായിരുന്നു. ലോകത്തിൽ ചില പ്രത്യേക രാജ്യങ്ങളും—ഞാൻ വായിച്ചു മനസിലാക്കിയ കാര്യമാണ്. ആധികാരികമായി പറയുന്നില്ല. പ്രത്യേകിച്ച് നിയമസഭയിൽ പറയുന്ന ഒരു കാര്യമായതുകൊണ്ട്. കേട്ടറിഞ്ഞു വായിച്ചറിഞ്ഞു വച്ച വിവരം വച്ച് പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

കൊല്ലത്തിൽ ഒന്നോ രണ്ടോ പ്രാവശ്യം മഴപെയ്യുന്ന പല രാജ്യങ്ങളിലും അവിടത്തെ സയൻറിഫിക് റിസർച്ചിന്റെ സഹായം ഉപയോഗപ്പെടുത്തിക്കൊണ്ട് കിട്ടുന്ന മഴവെള്ളം മുഴുവനും പൂർണ്ണമായ രൂപത്തിൽ ഉപയോഗപ്പെടുത്തി, നീരാവിയായി പോകാതെ റിസർവ്വോയറിൽ സംഭരിച്ചുവച്ച്, ഞരമ്പുകളുടെ വലിപ്പത്തിലുള്ള ചാലുകളിൽക്കൂടി, അല്ലെങ്കിൽ കമ്പിവലകളുണ്ടാക്കി അതിൽക്കൂടി ഇറിറേറ്റായി വീഴുന്ന തരത്തിൽ ജലസേചനം നടത്തുന്നുണ്ട്. ഇങ്ങനെ നെൽച്ചെടികൾക്കും മുന്തിരിത്തോട്ടങ്ങൾക്കും ആവശ്യമായ ജലസേചനം നടത്തി ഉൽപ്പാദനം വർദ്ധിപ്പിച്ച് വിഭവസമാഹരണം വർദ്ധിപ്പിക്കുവാനുള്ള പരിശ്രമങ്ങൾ ലോകത്തെ മഴപെയ്യാത്ത രാജ്യങ്ങളിൽ നടത്തിക്കൊണ്ടിരിക്കുന്ന ഒരു സാഹചര്യമാണിന്ന്. അങ്ങനെയുള്ള സാഹചര്യത്തിൽ ആവശ്യത്തിലേറെ ചില പ്പോൾ മഴപെയ്യുകയും ആ മഴവെള്ളമെല്ലാം ഒലിച്ച് കടലിൽപ്പോവുകയും ചെയ്യുന്ന നമ്മുടെ രാജ്യത്ത് ആ ജലം പരമാവധി ഉപയോഗപ്പെടുത്തുവാനുള്ള പദ്ധതിയാവിഷ്കരിക്കാൻ ഇത്രയും കാലം വേണ്ടിവന്നുവെന്നുള്ളതുതന്നെ വാസ്തവത്തിൽ ലജ്ജാകരമായ ഒരു കാര്യമാണ്.

സർ, ഇസ്രയേൽ എന്ന് രാജ്യത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ, അവരും നമ്മളുമായുള്ള രാഷ്ട്രീയബന്ധത്തെക്കുറിച്ചോ മറ്റ് തരത്തിലുള്ള ബന്ധങ്ങളെക്കുറിച്ചോ ഞാൻ പറയുവാനാഗ്രഹിക്കുന്നില്ല. ആ രാജ്യത്തെ എക്കോണമി അവർ ഡവലപ്പ് ചെയ്തു വന്നിട്ടുള്ളത് ഇൻഡസ്ട ിയിൽക്കൂടിയും ഇലക്ട്രോണിക്സിൽക്കൂടിയും മൂന്നാമതായി കാർഷിക രംഗത്തുകൂടിയുമാണ്. മഴ കുറവായ ഇസ്രയേലിൽ കിട്ടുന്ന മഴവെള്ളം പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് കാർഷികാവശ്യങ്ങൾക്കു വേണ്ടി വിനിയോഗിക്കുവാൻ നടത്തുന്ന ഐതിഹാസികമായ പരിശ്രമങ്ങൾ എപ്പോഴും ശ്ലാഘനീയമാണ്. നമ്മുടെ കേരളസംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നമുക്ക് അറിയാം, അപ്പുറത്തുനിന്നുകൊണ്ട് ശ്രീ. പത്റനാഭൻ പ്രസംഗിച്ചപ്പോൾ ഞാൻ കൗതുകപൂർവ്വം ശ്രദ്ധിക്കുകയായിരുന്നു. അദ്ദേഹം ഒരു കൃഷിക്കാരന്റെ ശബ്ദത്തിൽ, ഒരു കൃഷിക്കാരന്റെ വികാരം ഉൾക്കൊണ്ടുകൊണ്ട് പ്രസംഗിച്ചപ്പോൾ എനിക്ക് ആവേശം തോന്നി. അദ്ദേഹം പറഞ്ഞു, ചില സങ്കൽപ്പങ്ങളെ സംബന്ധിച്ചിടത്തോളം നമുക്ക് അഭിപ്രായവ്യത്യാസങ്ങളുണ്ടെങ്കിൽപോലും വളരെ പ്രധാനപ്പെട്ട പല കാര്യങ്ങളും അദ്ദേഹം പറയുകയുണ്ടായി. ജലസേചനംകൊണ്ട് അഭിവൃദ്ധി പ്രാപിച്ച പല സ്ഥലങ്ങളിലും ബാക്കിവരുന്ന വെള്ളം ഉപയോഗമില്ലാതെ ഒലിച്ചുപോകുന്ന ഒരു സാഹചര്യമാണ് ഇവിടെ നിലവിലുള്ളത്. ആ ജലം സ്വരൂപിച്ച് വച്ച് മറെറാരു ആവശ്യത്തിനു വേണ്ടി ഉപയോഗിക്കുകയെന്നുള്ളതിനെ സംബന്ധിച്ച് മനസ്സിലാക്കി, ഉപയോഗിക്കാൻ വേണ്ടിയാണ് ഈ ബില്ല് അവതരിപ്പിച്ചിട്ടുള്ളത്. ഉദാഹരണമായി, എന്റെ നിയോജകമണ്ഡലത്തിലെയും കൊയിലാണ്ടി താലൂക്കിലെ മറ്റു പ്രദേശങ്ങളെ മുഴുവൻ ബന്ധപ്പെടുത്തുന്ന അണക്കെട്ടാണ് പെരുവണ്ണാമൂഴി അണക്കെട്ട്. അവിടെ ഇലക്ട്രിസിറ്റിയുൽപ്പാദനത്തിനുവേണ്ടി വെള്ളം ഉപയോഗിക്കുന്നുണ്ട്. ബാക്കിയുള്ള ജലത്തിൽ ഒരു പരിധിവരെ ജലസേചനസൗകര്യത്തിന് ഉപയോഗപ്പെടുത്തുകയും ബാക്കിയുള്ള ജലം ഒലിച്ചുപോവുകയുമാണ്. അങ്ങനെ ഒലിച്ചുപോകുന്ന ജലത്തിന്റെ നഷ്ടം ചില്ലറയല്ല. അങ്ങനെ ഒലിച്ചുപോകാതെ, നീരാവിയായി പോകാതെ സംഭരിച്ചുകൊണ്ട് മറ്റു പ്രദേശങ്ങളിലേയ്ക്ക് കൂടി ഇറിഗേറ്റ് ചെയ്യാൻ സാധിക്കുന്നവിധത്തിലുള്ള ഒരു നിയമ നിർമ്മാണമാണ് ബഹുമാനപ്പെട്ട മന്ത്രി ഇതുകൊണ്ട് ഉദ്ദേശിക്കുന്നതെങ്കിൽ അതൊരു വമ്പിച്ച നേട്ടംതന്നെയാണ്. അതാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ പ്രോജക്ട് റിപ്പോർട്ടിലെല്ലാം കാണുന്നത്, അഗ്രികൾച്ചറൽ

LIBRARY ARCHIVES Kerala Legislative Assembly

ഫീൽഡ് ഡവലപ്പ് ചെയ്തെടുക്കുകയെന്നുള്ളതാണ്. അതിന്റെ അടിസ്ഥാനമെന്താണ് സർ? ഇൻഡ്യയുടെ രണ്ടു മൂന്ന് നൂറാണ്ടുകൊണ്ടിപ്പുറത്തുള്ള സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ ഇൻഡ്യയുടെ എക്കോണമി ഒരു അഗ്രികൾച്ചറൽ എക്കോണമിതന്നെയാണ്. ഒരു അഗ്രികൾച്ചറൽ എക്കോണമിയിൽ നിന്ന് നമ്മൾ ചെയ്താലിത്തന്നെയും ഒരു ഇൻഡസ്ട്രിയൽ എക്കോണമിയോ, ഇലക്ട്രോണിക്സ് എക്കോണമിയോ, ഫിഷറീസ് എക്കോണമിയോ ഒറ്റയടിയ്ക്ക് എടുത്തുചാടുവാൻ സാധിക്കാത്ത ഒരു സാഹചര്യമാണ് ഇൻഡ്യാരാജ്യത്തെ സംബന്ധിച്ചിടത്തോളം ഉള്ളത്. നമുക്ക് ഡിപ്പൻഡ് ചെയ്യാൻ സാധിക്കുന്നത് അഗ്രികൾച്ചറൽ എക്കോണമി തന്നെയാണ്. ഇൻഡ്യ-മൊത്തത്തിലെടുത്താലും അല്ലെങ്കിൽ കേരളസംസ്ഥാനമെടുത്താലും അഗ്രികൾച്ചറൽ എക്കോണമിയിൽ ഡവലപ്പ് ചെയ്യുന്ന ഒരു സാമ്പത്തികസ്ഥിതിക്ക് മാത്രമേ ഈ രാജ്യത്തെ രക്ഷിക്കാൻ സാധിക്കുകയുള്ളു. ഇതാണ് ആധുനികമായി നമ്മുടെ സാമ്പത്തിക സ്ഥിതിപരിശോധിക്കുന്ന വിദഗ്ദ്ധൻമാർ മുഴുവൻ തന്നെ രേഖപ്പെടുത്തിയിട്ടുള്ളത്. അഗ്രികൾച്ചറൽ എക്കോണമി ഡവലപ്പ് ചെയ്തെടുക്കണമെങ്കിൽ, നമ്മുടെ രാജ്യത്ത് നമുക്ക് ഇന്നുള്ള, മുപ്പതുകോടി ജനസംഖ്യ മേടിച്ച സ്വാതന്ത്ര്യത്തിന്റെ ഫലം ഇന്ന് എഴുപത്തിയൊൻപതുകോടി ജനങ്ങൾ ആണ് അനുഭവിക്കുന്നത്. ജനസംഖ്യ വർദ്ധിച്ചിരിക്കുകയാണ്. അതേസമയത്ത് ഭൂമിയുടെ വിസ്താരം കൂടിയിട്ടില്ല. ഭൂമിയുടെ വിസ്താരം കൂടാതിരിക്കുകയും ജനങ്ങൾ വർദ്ധിക്കുകയും ചെയ്യുന്ന ഒരു സാഹചര്യത്തിൽ നമുക്ക് ഭൂമിയെ ആശ്രയിക്കുകയല്ലാതെ, അതിലെ വിഭവങ്ങൾ പരമാവധി സ്വരൂപിച്ചെടുക്കുകയല്ലാതെ രക്ഷയില്ലാത്ത ഒരു സാഹചര്യത്തിലേക്ക് എത്തിയിരിക്കുകയാണ്. അങ്ങനെ വരുമ്പോൾ ആ ഭൂമിയിലുള്ള വിഭവങ്ങൾ സമാഹരിക്കുവാനും ഭൂമിയിലുള്ള ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും നമ്മുടെ കൈയിലുള്ള ഒരേയൊരു മാർഗ്ഗം ധാന്യങ്ങൾ കൊയ്തെടുക്കുകയെന്നുള്ളതാണ്. അതായത്, നെല്ല്, ഗോതമ്പ് തുടങ്ങിയ ധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുകയെന്നുള്ളതാണ്. നാണ്യവിളകളെ സംബന്ധിച്ചിടത്തോളം നമുക്കറിയാം, പല സ്ഥലങ്ങളിലും ഇറിഗേഷൻ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി നാണ്യവിളകൾ ഉണ്ടാക്കുന്നുണ്ടെന്ന്. നാണ്യവിളകൾ ആവശ്യമാണെന്നാണ് എന്റെ അഭിപ്രായം. കുരുമുളക്, ഏലം തുടങ്ങിയവ ഒരു പ്രത്യേക കാലാവസ്ഥയിൽ വളരുകയില്ല. നാളികേരത്തെ സംബന്ധിച്ചിടത്തോളം ഇറിഗേഷൻ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് നാണ്യവിളകളും - അതോടൊപ്പംതന്നെ ധാന്യങ്ങളും പരമാവധി സ്വരൂപിച്ചെടുക്കുവാൻ സാധിക്കുന്നതരത്തിലുള്ള വികസനത്തിനുവേണ്ടിയാണ് ഈ കമാൻഡ് ഏരിയ ഡവലപ്പ്മെന്റ് എന്ന ആശയം ഉണ്ടായത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ ഇൻഡ്യ ഗവൺമെന്റിന് 1951 മുതൽ തോന്നിയ ഒരു ആശയം, എന്റെ ഓർമ്മ ശരിയാണെങ്കിൽ, 1955-60 കാലഘട്ടങ്ങളിൽ ആണ് ഇറിഗേഷൻ ചെയ്യണമെന്ന് തോന്നിയത്. അഞ്ചാം പഞ്ചവൽസരപദ്ധതിക്കുമുമ്പായി അതിനെസംബന്ധിച്ച് ഒരു രൂപരേഖ ഇൻഡ്യാഗവൺമെന്റ് തയ്യാറാക്കിയതായും അതെല്ലാ സ്റ്റേറ്റ് ഗവൺമെന്റുകൾക്കും അയച്ചുകൊടുത്തതായുമാണ് ഞാൻ മനസ്സിലാക്കുന്നത്. നമുക്ക് പല കാരണങ്ങൾകൊണ്ടും അത് നടപ്പിലാക്കാൻ കഴിഞ്ഞില്ല. ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം നമുക്ക് ആ നിയമം, അതോറിട്ടിയെന്നുള്ള നിലയിൽ നടപ്പിലാക്കുവാൻ സാധിക്കാത്തതിന്റെ ദുഃഖഫലങ്ങൾ ഇന്ന് നമ്മളൊക്കെ അനുഭവിക്കുകയാണ്. ഇപ്പോൾ ഒരു വെള്ളപ്പൊക്കമോ, വരൾച്ചയോ വന്നാൽ നമ്മുടെ കൃഷിമുഴുവനും നശിച്ചുപോകുന്നു. മുമ്പ് ഞാൻ നിയമസഭയിൽ ഒരു പ്രസംഗത്തിനിടയിൽ പറഞ്ഞതുപോലെ, എല്ലാക്കാലവും വെള്ളപ്പൊക്കമുണ്ടായാലും, വരൾച്ച

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായാലും ഇൻഡ്യാ ഗവൺമെൻറിനെ ആശ്രയിച്ചുജീവിക്കുകയെന്നുള്ള ഒരു അടിമ മനോഭാവത്തിൽനിന്ന് മാറി, സ്വന്തമായി നിൽക്കുവാനുള്ള കരുത്ത് നമുക്ക് ഉണ്ടാകണമെങ്കിൽ നമ്മുടെ ജലസേചനപദ്ധതികളും പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ട് ഉൽപ്പാദനം വർദ്ധിപ്പിച്ചേ തീരൂ. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തിൻെറ പ്രസംഗത്തിൽ സൂചിപ്പിക്കുകയുണ്ടായി, അഗ്രികൾച്ചർ, കോ-ഓപ്പറേറ്റീവ്, സോഷ്യൽ ഫോറസ്ട്രി, ഫിഷറീസ് എന്നിവയുമായെല്ലാം ബന്ധപ്പെടുത്തി ഒരു കോ-ഓർഡിനേറ്റഡ് വർക്ക് വേണമെന്ന്. അക്കൂട്ടത്തിൽ അദ്ദേഹം ഇലക്ട്രിസിറ്റിയെ വിട്ടുപോയി. ഇതിൽ ഇലക്ട്രിസിറ്റിയും വളരെ പ്രധാനമാണ്.

കൃഷിനടത്തുന്ന ചില സ്ഥലങ്ങളിൽ ഇലക്ട്രിസിറ്റി ലൈനുകൾ ഇട്ട് ആ ലൈനിൽ പ്ലഗ്ഗിട്ട് വെള്ളമടിക്കുവാനുള്ള സൗകര്യംവരെ ചെയ്തുകൊടുത്ത പല രാജ്യങ്ങളുടേയും പേരുകൾ എനിക്ക് ഓർമ്മിക്കാൻ കഴിയും. അങ്ങനെ പാഡിഫീൽഡു മുഴുവൻ ഇലക്ട്രിക് ലൈനിട്ട് ത്രീഫേസ് ലൈനുള്ളിടത്ത് എൽ. ടി. ലൈൻ ഇട്ടുകൊണ്ട് ഇലക്ട്രിക് പോസ്റ്റുകൾവച്ചുകൊടുത്ത്, ആ പോസ്റ്റുകളിൻമേൽത്തന്നെ പ്ലഗ്ഗിട്ട് കൃഷിക്കാരന് ഡീസലോ പെട്രോളോ ഉപയോഗിക്കാതെ കറണ്ടുപയോഗിച്ചുകൊണ്ട് വെള്ളമടിച്ച് ജലസേചനം നടത്തുവാനുള്ള സൗകര്യമുണ്ടാക്കികൊടുക്കുന്ന പല രാജ്യങ്ങളും ഉണ്ട്. എന്നാൽ നമുക്ക് എന്തുകൊണ്ട് ചെയ്തുകൂടാ ? അതുംകൂടി ഇതിൽ ഉൾപ്പെടുത്തണമെന്ന അഭിപ്രായമെനിക്കുണ്ട്. അതുപോലെതന്നെ ഒരുപ്പുകൃഷിനടത്തുന്ന നമ്മൾ ഇന്ന് മൂന്നുപൂ വരെ കൃഷി നടത്തുന്നുണ്ട്. ആധുനിക കാർഷിക ഗവേഷണത്തിൻെറ ഫലമായി ഇന്ന് എഴുപത്തിമൂന്ന് ദിവസങ്ങൾകൊണ്ടോ, എഴുപത്തിയഞ്ചു ദിവസങ്ങൾകൊണ്ടോ നെല്ലും മറ്റു ധാന്യങ്ങളും ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന ഒരു സാഹചര്യത്തിലേക്ക് നമ്മുടെ അഗ്രികൾച്ചറൽ എക്കോണമിയുടെ മേഖല വികസിച്ചിരിക്കുകയാണ് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ഉദാഹരണമായി, പയറിനെ സംബന്ധിച്ചിടത്തോളം ഇരുപത്തിയേഴോ, മുപ്പതോ ദിവസങ്ങൾകൊണ്ട് പൂത്തുകായിടുന്ന രൂപത്തിൽ പയറിൻെറ ജനുസ്സുള്ള പുതിയ പയർവിത്തുകൾ കണ്ടുപിടിച്ചിരിക്കുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. അതിൽ എത്രത്തോളം ശരിയുണ്ടെന്ന് എനിക്കറിയില്ല.

അതുപോലെ ചാമ, മുത്താറി, മറ്റു തരത്തിലുള്ള ധാന്യങ്ങൾ എന്നിവ മുഴുവൻതന്നെ മുമ്പ് നാം കാത്തിരുന്നത്ര പോലും കാത്തിരിക്കാതെ അറുപത് ദിവസംകൊണ്ടോ രണ്ട് രണ്ടര മാസക്കാലംകൊണ്ടോ ഉൽപ്പാദനമെടുക്കത്തക്കവിധത്തിൽ പുതിയ തരം വിത്തും ഫെർട്ടിലൈസറുമൊക്കെ ഉൽപ്പാദിപ്പിക്കുന്ന ഒരു ലോകമാണിത്. അങ്ങനെയുള്ള ഈ ലോകത്ത് നമ്മൾ ഈ കൃഷിയെ മാത്രം ആശ്രയിച്ചുകൊണ്ട് ഒരു കമാണ്ട് ഏരിയ വികസിപ്പിക്കുകയെന്ന ആശയത്തോടെനിക്ക് യോജിപ്പില്ല. നേരെമറിച്ച് നെല്ലും അതോടൊപ്പംതന്നെ മറ്റു ധാന്യങ്ങളും ഉൽപ്പാദിപ്പിക്കാൻ സാധിക്കുമെങ്കിൽ ഉൽപ്പാദിപ്പിക്കുക.

ഉദാഹരണമായി ജപ്പാനിൽ തോണി കടലിൽക്കെട്ടി മണ്ണിട്ട്, ഉപ്പുവെള്ളം പിടിച്ചുനിൽക്കത്തക്കവണ്ണമുള്ള ഒനൽവിത്തുകളും മറ്റു ധാന്യങ്ങളും കൃഷി ചെയ്തുണ്ടാക്കിയിട്ടുണ്ട്. നമുക്കും അത് പരീക്ഷിക്കാവുന്നതാണ്.

നമുക്കറിയാം ഉപ്പുവെള്ളമുള്ള സ്ഥലങ്ങളിൽ പലപ്പോഴും കൃഷി നശിച്ചുപോവുകയാണ് ചെയ്യുന്നത്. ഉപ്പുവെള്ളത്തിൽ പിടിച്ചു നില്ക്കുവാൻ സാധിക്കുന്ന നെൽവിത്തുകളുണ്ടോ ? ഉണ്ടെങ്കിൽ അത് കണ്ടുപിടിച്ച് കൃഷിക്കാർക്ക് വിതരണം ചെയ്യാൻ സാധിക്കണം. ഇറിഗേഷൻ സൗകര്യമുള്ള പല സ്ഥലങ്ങളിലും ഉപ്പുവെള്ളം കടന്നിട്ടുണ്ട്. കാരണം കടലിലേക്കും

LIBRARY ARCHIVES Kerala Legislative Assembly

പുഴകളിലേക്കും ഒഴുകിപ്പോകുന്ന വെള്ളത്തിൽ കലർന്നുവരുന്ന ഉപ്പിന്റെ അംശം നമ്മുടെ ജലസേചന പദ്ധതികളിലേക്കും വ്യാപിച്ചിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. അത്തരം വെള്ളം ഉപയോഗിച്ചുകൊണ്ട് നെല്ലും മറ്റു ധാന്യങ്ങളും ഉല്പാദിപ്പിക്കുന്ന കൂട്ടത്തിൽ തന്നെ, നമ്മുടെ ഫിഷറീസ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ബഡ്ജറ്റ് ഡിമാൻഡ് ചർച്ചാവേളയിൽ ഞാൻ ചില കാര്യങ്ങളും പറയുകയുണ്ടായി. നെല്ലിനോട് ഒന്നിച്ചുതന്നെ വെള്ളം നിൽക്കുന്ന നെൽക്കണ്ടത്തിൽ മീൻ ഉല്പാദിപ്പിക്കാൻ കഴിയുന്ന ഒരു സ്കീമുണ്ട്. പല വിദേശ രാഷ്ട്രങ്ങളും ഇത് നടത്തിക്കൊണ്ടിരിക്കുകയാണ്. നെൽ ഉണ്ടാകുന്ന പ്രദേശങ്ങളിൽ അല്ലെങ്കിൽ വെള്ളം കെട്ടിനിലക്കുന്ന സ്ഥലങ്ങളിൽ കൃഷിയുണ്ടെങ്കിൽ തന്നെ ആ കൂട്ടത്തിൽ മൽസ്യം വികസിപ്പിച്ചെടുക്കാൻ സാധിക്കുന്ന, നെല്ലിന് യാതൊരു കേടുപാടും പറ്റാത്ത സംവിധാനങ്ങളുണ്ട്. അത് നമ്മുടെ നാട്ടിൽതന്നെ കാണാം. 'കന്നി നെല്ല്' എന്നു പറയുന്ന മലബാർ പ്രദേശത്തുള്ള, ആറ് മാസം അല്ലെങ്കിൽ അഞ്ച് മാസം കാത്തു നിലക്കേണ്ട നെൽവിള നടക്കുന്ന സ്ഥലങ്ങളിലൊക്കെത്തന്നെ നല്ല രുചിയുള്ള, പോഷകപ്രദമായ മൽസ്യങ്ങളും വളരുകയും പെറ്റു പെരുകുകയും ചെയ്യുന്നു. ഉദാഹരണമായി ബ്രാൽ മൽസ്യം നമ്മുടെ കന്നി നെല്ല് കൊയ്ത്ത് നടക്കുന്ന സ്ഥലങ്ങളിലൊക്കെ പെറ്റുപെരുകുന്നതായി ഞങ്ങളും മനസ്സിലാക്കിയിട്ടുണ്ട്. തോക്കുകൊണ്ട് വെടി വയ്ക്കുകയോ കുത്തിപ്പിടിക്കുകയോ ചെയ്യുന്ന രൂപത്തിൽ മൽസ്യം പിടിക്കുന്ന സമ്പ്രദായം മലബാർ മേഖലയിലുണ്ട്. അങ്ങനെയുള്ള സ്ഥലങ്ങളിൽ ഇത്തരത്തിലുള്ള മൽസ്യക്കൃഷി ചെയ്യാനുള്ള സൗകര്യംകൂടി ഈ കൂട്ടത്തിൽ ഉണ്ടാകണം.

അതുപോലെ തന്നെയാണ് നാണ്യവിളകളുടെ ഉല്പാദനം. നമ്മുടെ തെങ്ങിനെ സംബന്ധിച്ചിടത്തോളം ആധികാരികമായി കണക്കാക്കിയിട്ടുള്ളത് സ്ഥിരമായി നനച്ചുകൊടുക്കാൻ സാധിച്ചാൽ ഇന്നുള്ളതിന്റെ നാലോ അഞ്ചോ ഇരട്ടി ഉല്പാദനം തെങ്ങിൽ നിന്ന് ഉണ്ടാക്കാൻ സാധിക്കുമെന്നാണ്. അങ്ങനെയാണെങ്കിൽ നഷ്ടപ്പെട്ടുപോകുന്ന, ഒഴുകിപ്പോകുന്ന വേണ്ടത്ര ജലം—കൃഷിയുടെ ആവശ്യമൊക്കെ കഴിഞ്ഞു പോകുന്ന ജലം—മറ്റു തരത്തിൽ ഇറിഗേറ്റു ചെയ്ത് തെങ്ങുള്ള പ്രദേശങ്ങളിൽ നനച്ചു കൊടുക്കണം. അങ്ങനെ നനച്ചുകൊണ്ട് ഉല്പാദനം വർദ്ധിപ്പിക്കാനും സാധിക്കും.

അതുപോലെ തോടിന്റെ വക്കത്ത് സാധാരണ പുഞ്ചക്കൃഷി ചെയ്യുമ്പോൾ തോടു കുഴിച്ച് വെള്ളം സംഭരിക്കുന്ന ഒരു സമ്പ്രദായമുണ്ട്. കനാലിൽക്കൂടി വരുന്ന വെള്ളം തോടുണ്ടാക്കി ആ തോടിൽ സംഭരിച്ചു നിർത്തി മോട്ടോർ ഉപയോഗിച്ച് അടിച്ചുകൊടുക്കുന്നു. ആ തോടിന്റെ വക്കത്ത് മുഴുവൻ സോഷ്യൽ ഫോറസ്ട്രിയുടെ ആഭിമുഖ്യത്തിൽ മരങ്ങൾ വച്ചുപിടിക്കുവാനും, ഒന്നോ രണ്ടോ കൊല്ലം കഴിയുമ്പോൾ ആ മരങ്ങളിലെ ചപ്പ് വെട്ടി കൃഷിക്കുവേണ്ടി അതേ വയലിലിട്ട് വളമാക്കിക്കൊടുക്കാനും സാധിക്കുന്നു. ഇങ്ങനെയുള്ള ഒരു ബഹുമുഖ പരിപാടി കൂടി നമുക്ക് ഈ കൂട്ടത്തിൽ ആസൂത്രണം ചെയ്യേണ്ടതാണ്. ബഹുമാനപ്പെട്ട ശ്രീ. മാണി ഇവിടെ സൂചിപ്പിക്കുകയുണ്ടായി, ഓരോ കമാൻഡു ഏരിയായിലും ഓരോ അതോറിറ്റി എന്നുള്ള ഒരു നയം വച്ചുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടു പോകുന്നതെന്ന്. ഇൻഡ്യാ ഗവൺമെന്റ് അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിനു കൊടുത്ത ഒരു ഡയറക്ഷനനുസരിച്ച് അവർ പറഞ്ഞിട്ടുള്ളതാണ്. അതാണ്. പക്ഷെ എന്റെ പോരായ്മ ഇത്രയും വലിയ സംസ്ഥാനത്ത് നമുക്കുള്ളത്ര ജലസേചന സൗകര്യങ്ങൾ പ്രയോഗപ്പെടുത്തിയ മേഖലകളിലൊക്കെ പ്രത്യേകം പ്രത്യേകം ഡവലപ്പ്മെന്റ് അതോറിറ്റികൾ ഉണ്ടാക്കുന്നതിന് പകരം സ്റ്റേറ്റിനു മൊത്തത്തിൽ ഒരു അതോറിറ്റി ഉണ്ടാക്കിയിട്ട് ആവശ്യമായ റിപ്രസന്റേഷൻ കൊടുത്താൽ മതിയാവില്ലേ എന്നാണ്. അതുകൂടി ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

നീയമവും ജലസേചനവും വകുപ്പുമന്ത്രി : (ശ്രീ. കെ. എം. മാണി) : ഓരോന്നിനും ഓരോ അതോറിറ്റി ഉണ്ടാക്കാമെന്ന് ഞാൻ പറഞ്ഞില്ല. നീയമപര മായി എനേബ്ലിംഗ് ബില്ലാണ്. പക്ഷെ ഇപ്പോൾ നമുക്ക് ഒരു അതോറിറ്റി യാണ് ഉള്ളത്. ആവശ്യമുണ്ടെങ്കിൽ കൂടുതലുണ്ടാക്കാം. ഓരോന്നിനും ഉണ്ടാക്കുമെന്ന് പോസിറ്റീവായിട്ട് ഞാൻ പറഞ്ഞിട്ടില്ല.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : ഞാൻ മനസ്സിലാക്കിയത് അങ്ങനെ യാണ്. ഓരോന്നിനും ഓരോ അതോറിറ്റി ഉണ്ടാകുമെന്നു പറഞ്ഞാൽ അതൊരു ബേസ്റ്റായിപ്പോകും എന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. ഉദാഹരണത്തിന്, കേരളത്തിൽ ഇപ്പോൾ എത്ര ജലസേചന പദ്ധതികളുണ്ട്. ഓരോ ജലസേചന പദ്ധതികളും ഉള്ള സ്ഥലങ്ങളിൽ അതിന്റെ ഏരിയാ മുഴുവൻ—ജലസേചന സൗകര്യം കിട്ടുന്ന പ്രദേശങ്ങളും മുഴുവൻ—ഈ ഏരിയായിൽപ്പെടുമെങ്കിൽ ബാക്കിയുള്ള പ്രദേശം വളരെ കുറവായിരിക്കും. എനിക്ക് നേരിട്ട് അറിയാവുന്ന ഒരു പദ്ധതി—പെരുമണ്ണാമുഴി ജലസേചനം പദ്ധതി എന്നു പറഞ്ഞാൽ കൊയിലാണ്ടി താലൂക്കിലെയും വടകര താലൂക്കി ലേയും പ്രദേശങ്ങളും ഏകദേശം മുഴുവനും പെടുന്നതാണ്. അതുകഴിഞ്ഞ് പഴശ്ശി പദ്ധതി വന്നുകഴിഞ്ഞാൽ മറ്റു താലൂക്കുകളും അതിൽപ്പെടും. അങ്ങനെ വന്നാൽ കേരളത്തിൽ മൊത്തം നമ്മുടെ ഓരോ പ്രോജക്ടുകളും എടുത്തു നോക്കിയാൽ കേരള സ്റ്റേറ്റാ മുഴുവൻ വ്യാപിക്കുന്ന രൂപത്തി ലാണ് ഉള്ളത്. അങ്ങനെ വരുമ്പോൾ പ്രത്യേകം പ്രത്യേകമായി അതോറിറ്റി ഉണ്ടാക്കുകയെന്ന് പറയുന്നത് നമുക്ക് സ്വീകാര്യമായിരിക്കുകയില്ല. കാരണം അത് വെയിസ്റ്റാണ്. മറിച്ച് സ്റ്റേറ്റിനെ മൊത്തത്തിൽ ഒരു അതോ റിറ്റി ഉണ്ടാക്കുകയും ആ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ—അതിലെ അംഗങ്ങളെ സംബന്ധിച്ച് പല കാര്യങ്ങളുമുണ്ട്. അതിൽ കൃഷിക്കാർ വേണം, ഏറ്റവും പ്രധാനമായി ഉദ്യോഗസ്ഥൻമാരുണ്ടെങ്കിൽത്തന്നെയും രാഷ്ട്രീയ പ്രാതിനിധ്യം ഒന്നുമില്ലാത്ത യഥാർത്ഥ കൃഷിക്കാരുള്ള സ്റ്റേറ്റ് ലവലിൽ ഓരോ പ്രദേശത്തെ സംബന്ധിച്ചും മനസ്സിലാക്കാൻ സാധി ക്കുന്ന, കൃഷിയെ സംബന്ധിച്ച് അറിയാവുന്ന, പഠിച്ച കൃഷിക്കാരന്റെ നിർദ്ദേശം നേരിട്ടുകൊണ്ടുവേണം ഇതിന്റെ വികസന പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോകാൻ എന്നുള്ളതാണ് എന്റെ അഭിപ്രായം.

അതുപോലെ തന്നെ ഇവിടെ വന്നിരിക്കുന്ന മറ്റൊരു പ്രധാന പോയിന്റ് നമ്മുടെ റിസർവോയറുകളിൽ നിറഞ്ഞുകിടക്കുന്ന വെള്ളം വെറുതെ ഒഴുകി പോകുന്നു. എത്ര ക്യൂബിക് അടി വെള്ളമാണ് വെറുതെ നഷ്ടപ്പെട്ടു പോകുന്നത്. ശുദ്ധജലത്തിന്റെ കാര്യത്തിലായാലും നമുക്ക് അതറിയാം. നമ്മുടെ സംസ്ഥാനത്ത് വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന പല പ്രദേ ശങ്ങളിലും ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് ശുദ്ധജല വിതരണ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുത്തിട്ടുപോലും ആ ശുദ്ധജലം മര്യാദയ്ക്ക് ജനങ്ങൾക്ക് എത്തിച്ചുകൊടുക്കാതെ പകുതി പാഴായി ഒഴുകിപ്പോകുന്ന ദുഃഖ കരമായ സാഹചര്യം നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ട്. അതുപോലെ തന്നെ ഇറിഗേഷൻ സൗകര്യത്തിനുവേണ്ടി നമ്മൾ ഉണ്ടാക്കിയിരിക്കുന്ന പ്രോജ ക്ടുകളിലെല്ലാംതന്നെ ലീക്കായിട്ട് വെള്ളം നഷ്ടപ്പെട്ടുപോകുന്നു. അതെല്ലാം തടഞ്ഞു നിർത്താൻ കർശനമായ നിർദ്ദേശം കൊടുക്കണം. പത്തു നയാ പൈസയ്ക്ക് ഗതിയില്ലാതെ ഭക്ഷണത്തിനുവേണ്ടി ദാഹിച്ച് വിശന്നു ബുദ്ധിമുട്ടനുഭവിച്ച ഒരു ലോകരാഷ്ട്രം നമ്മളെപ്പോലെ മുമ്പുണ്ടായിരുന്നോ എന്ന് ഞാൻ സംശയിക്കുകയാണ്. ആ രാജ്യം പത്ത് ഇരുപത്തിയഞ്ച് കൊല്ലം കഴിയുമ്പോൾ എന്റെ ഓർമ്മ ശരിയാണെങ്കിൽ നമ്മുടെ ഒരു ബഹുമാന പ്പെട്ട കേന്ദ്രമന്ത്രി ശ്രീ. ജഗജ്ജീവൻറാം അദ്ദേഹം കൃഷിവകുപ്പ് മന്ത്രിയാ യിരുന്നപ്പോൾ പറഞ്ഞു, We don't have much Ships to export ; We don't

LIBRARY ARCHIVES Kerala Legislative Assembly

have much godown to stock it. അങ്ങനെ പറയാൻ മാത്രം നമ്മുടെ ധാന്യ സമ്പത്ത് കൂട്ടാനുള്ള ഒരു കാരണം അപര്യാപ്തമായ ജലസേചന പദ്ധതികളുടെ പരിണിത ഫലമായിരുന്നുവെങ്കിൽ കമാൻഡ് ഏരിയാ വികസനം എന്നു പറയുന്ന ഒരു നല്ല ആശയത്തോടുകൂടി കാര്യക്ഷമമായി പ്രവർത്തിച്ചാൽ ലോകത്തിൽ മുഴുവൻ ധാന്യം അയച്ചുകൊടുക്കാൻ സാധിക്കുന്ന ഒരു സമ്പന്ന രാഷ്ട്രമാക്കി നമ്മുടെ രാഷ്ട്രത്തെ മാറ്റാൻ സാധിക്കും.

അതുപോലെ തന്നെ അതോറിറ്റിയെ സംബന്ധിച്ചാണെങ്കിൽ സ്റ്റേറ്റ് മുഴുവൻ ഒന്നിച്ച്, ഓരോ ജില്ലയിലും പ്രത്യേക കാലാവസ്ഥയ്ക്കനുസരിച്ച് കൊടുക്കാൻ സാധിക്കുന്ന കൃഷിയിൽ ഇങ്ങനെ ഉല്പാദനം വർദ്ധിപ്പിക്കാം. ഇപ്പോഴത്തെ ആധുനിക സൗകര്യങ്ങളെ സംബന്ധിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി അത് സൂചിപ്പിക്കുകയുണ്ടായി. കൊല്ലത്തോടുകൊല്ലം കാത്തുനില്ക്കുന്ന നെൽവിത്തുകൾക്ക് പകരം പുതിയ വിത്തുകൾ ആവശ്യമായ തോതിൽ കണ്ടുപിടിച്ച് വിതരണം നടത്താൻ ഈ അതോറിറ്റിക്ക് സാധിക്കണം. കൃഷിക്ക് വെള്ളം കൊടുക്കുക എന്നു പറഞ്ഞാൽ ഒരു കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം ദാഹജലം കിട്ടുന്നതിന് തുല്യമാണ്. കൃഷിക്ക് ആവശ്യമായ സ്ഥലത്ത് വെള്ളം കിട്ടുകയെന്നു പറഞ്ഞാൽ ദാഹത്തിന് കുടിക്കാൻ വെള്ളം കിട്ടുകയെന്നതുപോലെയാണ്. കൃഷിക്ക് വെള്ളം കിട്ടിക്കഴിഞ്ഞാൽ കൃഷിക്കാരനു വയറു നിറഞ്ഞതുപോലെയാണ്. അതിനു നികുതി വസൂലാക്കിയാൽ അതിൽ യാതൊരു അലോഹ്യവും ഉണ്ടാവുകയില്ല. അതുപോലെ ഇലക്ട്രിസിറ്റി സൗകര്യം ചെയ്തിട്ട് അതിന് നികുതി വസൂലാക്കിയാൽ അതിനു ഒരു അലോഹ്യവും ഉണ്ടാവുകയില്ല. പക്ഷേ അതിനുള്ള സൗകര്യം ഗവൺമെന്റ് ചെയ്തുകൊടുക്കണം. ഇവിടെ നേരത്തെ ശ്രീ. പത്മനാഭൻ പറഞ്ഞതുപോലെ ഉദ്യോഗസ്ഥൻമാരുടെ ദുഷ്പ്രഭുത്വ സ്വഭാവവും അല്ലെങ്കിൽ ആവശ്യത്തിനനുസരിച്ച് കാര്യങ്ങൾ ലഭിക്കുന്നില്ലെന്ന ഒരു സാഹചര്യവും ഉണ്ടാകാൻ പാടില്ല. ഇപ്പോഴത്തെ നമ്മൾ വിത്ത് കൊടുക്കും. പല കൃഷിക്കാർക്കും ഏറ്റവും നല്ല വിത്തുകൾ ഇവിടെ വിതരണം ചെയ്തുകൊടുക്കുന്നുയെന്നുള്ളത് ഒരു വസ്തുതയാണ്. പക്ഷേ അത് കൃഷിക്കാരന്റെ കയ്യിൽ എത്തുന്നത് പലപ്പോഴും വിളയിറക്കുന്ന സമയം കഴിഞ്ഞശേഷമായിരിക്കും. അതിന്റെ പേരിൽ കൃഷി ആഫീസിൽ നിന്നും മേടിച്ച വിത്ത് മറ്റു പല ആവശ്യങ്ങൾക്കുമായി ദുരുപയോഗപ്പെടുത്തുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. ഇതൊക്കെ പഠിച്ച് മനസ്സിലാക്കി സ്റ്റേറ്റിനു മൊത്തത്തിൽ ഒരു ഏരിയാ ഡവലപ്പ്മെന്റ് എന്നുള്ള നിലയിൽ പ്രവർത്തനം സംഘടിപ്പിച്ചുകൊണ്ട് ബില്ല് നിയമനിർമ്മാണമാക്കി പ്രവർത്തിച്ചാൽ നമ്മുടെ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം ഒരു വമ്പിച്ച നേട്ടമായിരിക്കും എന്നു പറഞ്ഞുകൊണ്ട് എന്റെ ഭേദഗതി അവതരിപ്പിക്കുന്നു.

Shri R.S. Unni : Sir, I move that, the Kerala Command Areas Development Bill, 1986 be referred to a Select Committee

[അദ്ധ്യക്ഷവേദിയിൽ ശ്രീ. തോപ്പിൽ രവി]

സർ, സെലക്ട് കമ്മിറ്റിക്ക് ഈ ബില്ല് അയയ്ക്കണമെന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബില്ല് സമഗ്രമായ ഭേദഗതി വരുത്തേണ്ടതുണ്ടെന്നാണ് എന്റെ അഭിപ്രായം. ഇതിന്റെ ഉദ്ദേശങ്ങളെ സംബന്ധിച്ചും ഇതുമൂലം നമ്മുടെ സംസ്ഥാനത്ത് വരുന്ന പുരോഗതിയെക്കുറിച്ചുമൊക്കെ ഇവിടെ എനിക്കുമുമ്പ് ബില്ല് അവതരിപ്പിച്ചുകൊണ്ട് സംസാരിച്ച ബഹുമാനപ്പെട്ട മന്ത്രിയും മറ്റ് രണ്ട് സുഹൃത്തുക്കളും ഇവിടെ പ്രതിപാദിച്ചു കഴിഞ്ഞിട്ടുണ്ട്. ഇവിടെ കൃഷിക്കാരെ സംബന്ധിക്കുന്ന ഒരു പ്രശ്നം ആദ്യമായി അവതരിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നു. ഈ നിയമ-

LIBRARY ARCHIVES Kerala Legislative Assembly

മൂലം ഉണ്ടാകുന്ന സംവിധാനത്തിൽ നമ്മുടെ കൃഷിക്കാരന് എന്ത് പങ്കുണ്ട്, കൃഷിക്കാരന് എന്ത് അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം ഉണ്ട്. കൃഷിക്കാരന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി അവർക്ക് ആ സംവിധാനത്തെ എങ്ങനെ വിനിയോഗിക്കാൻ സാധിക്കും; കൃഷിക്കാരന് ഈ സംവിധാനവുമായിട്ടുള്ള ബന്ധമെന്താണ്, കൃഷി വികസനത്തിന് ഈ സംവിധാനം എങ്ങനെ ഉപയോഗിക്കുന്നു, എന്നീ കാര്യങ്ങളെപ്പറ്റി ഗവൺമെന്റ് കാര്യമായി ആലോചിക്കുമെന്നാണ് എന്റെ അഭിപ്രായം കൃഷിക്കാരന് അതിൽ വലിയ പങ്ക് ഒന്നുമില്ല. ആകെ മൊത്തം ഗവൺമെന്റ് നാമനിർദ്ദേശം ചെയ്യുന്ന പത്ത് കൃഷിക്കാർ ഇതിനകത്തുണ്ട്. ബാക്കി എല്ലാം ഉദ്യോഗസ്ഥൻമാരാണ്; സർവ്വത്ര ഉദ്യോഗസ്ഥൻമാരാണ്. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരുണ്ട്, കൃഷി ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരുണ്ട്, സഹകരണ ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരുണ്ട്, ഫിനാൻസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരുണ്ട്. അങ്ങനെ സർക്കാർ ഡിപ്പാർട്ടുമെന്റിലെ എല്ലാ ഉദ്യോഗസ്ഥൻമാരുമുണ്ട്. എന്നാൽ കൃഷിക്കാരന് ഇതിനകത്ത് വലിയ പങ്ക് ഉണ്ടാകാനുള്ള സാദ്ധ്യത ഇന്ന് ഇതിന്റെ ഘടനയനുസരിച്ച് ഇല്ലെന്നുള്ളതാണ് വസ്തുത. ബഹുമാനപ്പെട്ട ജലസേചന വകുപ്പുമന്ത്രി കൃഷിക്കാരുടെ, വിശേഷിച്ച് അദ്ധ്വാന വർഗ്ഗത്തിന്റെ താൽപ്പര്യങ്ങളും സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധനാണെന്നാണ് ഞാൻ കേട്ടിട്ടുള്ളതും മനസ്സിലാക്കിയിട്ടുള്ളതും. ഒരു സന്ദർഭം ഞാൻ ഓർക്കുന്നു. ഇവിടെ ശ്രീ. അച്ചുതമേനോന്റെ മന്ത്രിസഭയുടെ കാലത്ത്—1970-71 കാലത്താണെന്നാണ് എന്റെ ഓർമ്മ. ഈ കർഷകത്തൊഴിലാളികൾക്കുവേണ്ടി ഒരു ക്ഷേമനിധി നിയമം ഇവിടെ അവതരിപ്പിച്ചു പാസ്സാക്കി. അന്ന് ആ നിയമത്തിൽ ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ട് ഇന്നത്തെ ജലസേചന വകുപ്പു മന്ത്രി പ്രതിപക്ഷത്തുനിന്ന് സംസാരിച്ചത് ഞാൻ കേട്ടിട്ടുണ്ട്. അങ്ങ് ഇരിക്കുന്നതുപോലെ അവിടെ ഇരുന്നിട്ട്. ഒരു ഭേദഗതിയെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് സശ്രദ്ധം കേൾക്കാൻ എനിക്ക് അവസരമുണ്ടായി. ആ നിയമത്തിൽ ഒരു വ്യവസ്ഥയുണ്ട്. ഉദ്യോഗസ്ഥൻമാർ കൃഷിക്കാരുടെ ഭവനങ്ങൾ പരിശോധിച്ച് ആ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്ന, അല്ലെങ്കിൽ അതനുസരിച്ച് എന്തെങ്കിലും കുറ്റകൃത്യങ്ങൾ ചെയ്യുന്നവരുടെ വീടുകൾ പരിശോധിച്ച് മഹസ്സർ എഴുതാനുള്ള വ്യവസ്ഥ ആ കർഷകത്തൊഴിലാളി ക്ഷേമനിധി നിയമത്തിലുണ്ട്. അതിനെതിരായിട്ട് വാസ്തവത്തിൽ അന്ന് ഈ നിയമസഭ ബഹുമാനപ്പെട്ട ശ്രീ. മാണിയുടെ പ്രതിഷേധശബ്ദംകൊണ്ട് വളരെ മുഖരിതമായി. ഇതിന്റെ മതിലുകളൊക്കെ അന്ന് കുലുങ്ങി. എന്നുവച്ചാൽ കൃഷിക്കാരുടെ വീട്ടിൽ മറ്റ് ഉദ്യോഗസ്ഥൻമാർ കയറി പരിശോധിക്കാൻ പോകുന്നു, അത് അനുവദിക്കാൻ പാടില്ല, അങ്ങനെ ചെയ്യാൻ സാധ്യമല്ല, കൃഷിക്കാർ കള്ളൻമാരല്ലെന്നു പറഞ്ഞുകൊണ്ടുള്ള വാദഗതിയാണ്. കൃഷിക്കാരുടെ ഒരു സ്വാതന്ത്ര്യം, അവരുടെ ഒരു ഔന്നത്യം, കൃഷിക്കാരൻ എന്നുള്ള നിലയ്ക്ക് കൃഷിക്കാരന്റെ അന്തസ്സ്, കൃഷി ചെയ്യുന്ന അയാൾക്ക് ആ തൊഴിലിന്റെ ഒരു അന്തസ്സും, മാന്യതയും, പരിശുദ്ധിയും ഒക്കെ നിലനിർത്തി ജീവിക്കാനുള്ള സ്വാതന്ത്ര്യം, ഇതൊക്കെ വേണമെന്നാണ് അങ്ങ് പ്രകടിപ്പിച്ച വികാരം. പക്ഷേ, അത് ശരിയാണ്. കൃഷി മഹത്തായ ഒരു തൊഴിലാണ്. ഈ രാജ്യത്തിന്റെ വളർച്ചയ്ക്കും നിലനിൽപ്പിനും പുരോഗതിക്കും ഒക്കെ ആധാരമായിട്ടുള്ള അടിസ്ഥാനപരമായ സിസ്റ്റം അതാണ്. കാർഷിക മേഖലയിലെ വികസനം ലക്ഷ്യമാക്കിക്കൊണ്ട് പലതും ചെയ്യുന്നുണ്ട്. ആ രംഗത്ത് വമ്പിച്ച ഒരു മാറ്റം ഉണ്ടാക്കുന്ന ഒരു നിയമനിർമ്മാണം ഉണ്ടാക്കുമ്പോൾ ഈ രംഗത്തുള്ള നമ്മുടെ അനുഭവങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

സങ്കൽപ്പങ്ങളും ഒക്കെ വച്ചിട്ട് വേണം നിയമത്തിന് രൂപം നൽകാൻ. അങ്ങനെ ഒരു പരിശോധന ഇവിടെ ഈ കാര്യത്തിൽ വന്നിട്ടുണ്ടോ എന്ന് എനിക്ക് സംശയമുണ്ട്. തീർച്ചയായും ഒരു പ്രത്യേക സാഹചര്യത്തിലാണ് ഈ ഓർഡിനൻസിന് രൂപം കൊടുത്തത്. ഇതിൽതന്നെ ഓർഡിനൻസ് പുറപ്പെടുവിക്കാനുള്ള സാഹചര്യങ്ങളെക്കുറിച്ച് എല്ലാം പറഞ്ഞിട്ടുണ്ട്. വേണ്ടത്ര അവധാനതയോടുകൂടി ഇതിന് ആവശ്യമായ ഭേദഗതികളോ വകുപ്പുകളോ ഉൾക്കൊള്ളിക്കാൻ കഴിഞ്ഞിരുന്നില്ല. അതിനെ സംബന്ധിച്ചുള്ള കാര്യമായ ചർച്ചകളും നടന്നില്ല. അതുകൊണ്ടുള്ള പോരായ്മകളും അപാകതകളും ആകാം. എന്നാലും അടിസ്ഥാനപരമായ മാറ്റം ഉണ്ടാകണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. അതിൽ ആദ്യത്തെ കാര്യം കൃഷിക്കാരന്റെ ഒരു മനഃശാസ്ത്രമാണ്. അതുമിതുമായിട്ട് എന്തുമാത്രം പൊരുത്തപ്പെടുന്നു എന്നുള്ളതാണ്. ബഹുമാനപ്പെട്ട ശ്രീ. കുട്ട്യാലി ഇവിടെ പറഞ്ഞു ധാരാളം പരീക്ഷണങ്ങൾ ഈ കാർഷിക രംഗത്ത് നടത്തിയിട്ടുണ്ടെന്ന്. അതിൽ ആദ്യത്തെ കാര്യമായ ഒരു പരീക്ഷണം നമ്മുടെ പഞ്ചവൽസര പദ്ധതികളുടെ, കാർഷിക മേഖലയുടെ വികസനത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു നയമാണ്. സഹകരണകൃഷി പ്രോൽസാഹിപ്പിക്കുക. അത് നമ്മുടെ ഒരു മുദ്രാവാക്യമായിട്ട് അംഗീകരിച്ച് അതിനുള്ള പല പദ്ധതികളും ആവിഷ്ക്കരിച്ചിരിക്കുന്നു. അതിനുള്ള പരിശ്രമം നടത്തി. പക്ഷേ അത് നമ്മൾ ഉപേക്ഷിക്കുകയാണ് ചെയ്തത്. എന്താകൊണ്ടെന്നുവച്ചാൽ നമ്മുടെ കൃഷിക്കാരുടെ ഒരു മനശാസ്ത്രം രാഷ്ട്രീയ രംഗത്ത്, കൃഷിയെ സംബന്ധിച്ച് കൂട്ടായി അയാളുടെ ഒരു അവകാശം, അല്ലെങ്കിൽ സ്വാതന്ത്ര്യം അത് മറ്റൊരാളിന് പണയപ്പെടുത്തുന്നതിനോ അല്ലെങ്കിൽ അത് നഷ്ടപ്പെടുമെന്ന സംശയമുണ്ടെങ്കിൽപോലും അതിനു വിധേയനാകുന്നതിന് ആ കൃഷിക്കാരൻ തയ്യാറല്ലെന്നുള്ളതാണ്, ഇതു കുറെ മുമ്പുള്ള ഒരു കഥയാണ്. പണ്ട് ശ്രീ. ജവഹർലാൽ നെഹ്രു സഹകരണകൃഷിയെപ്പറ്റി നമ്മുടെ കൃഷിക്കാരെ ഉൽബദ്ധരാക്കാൻ ധാരാളം ശ്രമിച്ചിട്ടുണ്ട്.

ശ്രീ. എം. എം. ഹസ്സൻ : സർ, സഹകരണക്കൃഷി പരാജയമാണെന്ന് പറഞ്ഞല്ലോ ? അതിന്റെ ചില വൈകല്യങ്ങളെക്കുറിച്ച് ചൂണ്ടിക്കാണിക്കുകയാണല്ലോ ? ഈ അടുത്തകാലത്ത് ശ്രീ. അച്ചുതമേനോന്റെ ഒരു ലേഖനം ഉണ്ടായിരുന്നു. കൂട്ടുകൃഷി പരാജയമായതുകൊണ്ട് കമ്മ്യൂണലുകളും നിർത്തലാക്കിയിട്ട് ഓരോ കർഷകനും അവനേറ്റായ സ്ഥലങ്ങളിൽ സ്വന്തമായി കൃഷിചെയ്യാൻ അനുവദിക്കണമെന്ന് റഷ്യയിലെ ഒരു അനുഭവമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് ഇവിടെ എന്തെങ്കിലും പാഠം ഉൾക്കൊള്ളാനുണ്ടോ ?

ശ്രീ. ആർ. എസ്. ഉണ്ണി : സർ, നമ്മുടെ ഇൻഡ്യാ രാജ്യത്തുണ്ടാകുന്ന അല്ലെങ്കിൽ ഉണ്ടാക്കേണ്ട പുരോഗതിയോ വളർച്ചയോ ഒക്കെ ലോകത്ത് എവിടെയൊക്കെ ഗുണകരമായ നല്ല നല്ല പദ്ധതികൾ ഉണ്ടായിട്ടുണ്ടോ അതൊക്കെ പരിശോധിച്ച് മനസ്സിലാക്കണമെന്ന് തന്നെയാണ് എന്റെ അഭിപ്രായം. ഇവിടെ വാസ്തവത്തിൽ കൃഷിക്കാരൻ ഒരു ഇനിഷ്യേറ്റീവ് ആയിത്തീരുന്നു.

ശ്രീ. കെ. കൃഷ്ണൻകുട്ടി : സർ, ഈ കൂട്ടുകൃഷി പരാജയപ്പെട്ടുവെങ്കിലും കൂട്ടായ ഒരു കവർച്ച ഇവിടെ ഫലപ്രദമായി നടക്കുന്നുവെന്ന് അറിയാമോ ?

ശ്രീ. ആർ. എസ്. ഉണ്ണി : അതുകൊണ്ട് ഒരു മുൻകൈ പ്രവർത്തനം കൃഷിക്കാരന് നഷ്ടപ്പെടുന്ന, കൃഷിക്കാരന്റെ സ്വതന്ത്ര്യം പണയപ്പെടുത്തുന്ന അല്ലെങ്കിൽ അത് നഷ്ടപ്പെടുത്തുന്ന സംവിധാനത്തോടുള്ള ഒരു എതിർപ്പ്

LIBRARY ARCHIVES Kerala Legislative Assembly

അവസാനിച്ചിട്ടുണ്ടോ എന്ന് എനിക്ക് സംശയമാണ്. ഈ സംവിധാനം എന്നു പറയുന്നത്, Command Area Development Authority യുടെ നിയന്ത്രണങ്ങളും, അത് വലിയ ഒരു അളവുവരെ കൃഷിക്കാരന്റെ സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുന്ന ഒരു അവസ്ഥയുണ്ടാക്കണം. അത് കൃഷിക്കാരുമായി എത്രമാത്രം പൊരുത്തപ്പെടുന്നു, പൊരുത്തപ്പെടും എന്നുള്ളതിനെ ആശ്രയിച്ചാണ് ഈ സംവിധാനത്തിന്റെ ഫലപ്രദമായ പ്രവർത്തനം നിലകൊള്ളുന്നത്. അത് ഒന്ന്. മറ്റൊന്ന് അതിൽ ചില ഏർപ്പാടുകളും നമ്മൾ ഈ അടുത്തകാലത്ത് നടത്തിയതേയുള്ളൂ. സഹകരണ കൃഷിയുടെ മുദ്രാവാക്യവും അതിനുള്ള പരിശ്രമവും പ്രചരണവുമൊക്കെ കാൽ നൂറ്റാണ്ടിനുമുമ്പ് നടന്നതാണ്. എന്നാൽ ഈ അടുത്തകാലത്ത് നമ്മുടെ സംസ്ഥാനത്ത് ചില പരീക്ഷണങ്ങളും നടത്തിനോക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട ശ്രീ. എം. എൻ. ഗോവിന്ദൻ നായർ കൃഷിമന്ത്രിയായിരുന്ന കാലത്ത് അദ്ദേഹം ചില പരിശ്രമങ്ങളും നടത്തി. ബഹുമാനപ്പെട്ട ശ്രീ. ഹസ്സന്റെ നിയോജകമണ്ഡലമായ കഴക്കൂട്ടത്ത് ഒരു പരിശ്രമം നടത്തി, ഒരു ഏലാ സ്കീം പദ്ധതിക്കുവേണ്ടി.

നമ്മുടെ ഏറ്റവും അറിയപ്പെടുന്ന, സാർവ്വലോകിക രംഗത്ത് അറിയപ്പെടുന്ന ഒരു കൃഷി വിദഗ്ദ്ധനാണ് ഡോ. സ്വാമിനാഥൻ. അദ്ദേഹത്തിന്റെ ഉപദേശം സ്വീകരിച്ചുകൊണ്ട്, അദ്ദേഹം തയ്യാറാക്കിയ ഒരു പദ്ധതി, അതിന്റെ സാങ്കേതിക വശവും മറ്റും അദ്ദേഹം പരിശോധിച്ചതാണ് അങ്ങനെ ഒരു പദ്ധതി നമ്മുടെ കഴക്കൂട്ടത്ത് നടപ്പാക്കി. കഴക്കൂട്ടം ഏലാ എടുത്തിട്ട് അവിടത്തെ കൃഷിക്കാരെയെല്ലാംകൂടി വിളിച്ചു കൂട്ടി അവരുടെ ഒരു കമ്മിറ്റി രൂപീകരിച്ചു. എന്നിട്ട് ഒരു പൊതുഞാറടിയുണ്ടാക്കി. ആ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഒരുമിച്ച് നിലം ഉഴുതു, ഒരുമിച്ച് കൃഷിയിറക്കി, സസ്യസംരക്ഷണവും ഒരുമിച്ചു നടത്തി. അതിന്റെ ചെലവുകളും കമ്മിറ്റി നിർവ്വഹിക്കുകയുണ്ടായി. വളപ്രയോഗമെല്ലാം, ഭംഗിയായിട്ട് തക്ക സമയത്ത് കൃഷി ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാരുടേയും എഫ്. എ. സി. റ്റി. ഉദ്യോഗസ്ഥൻമാരുടേയും നേതൃത്വത്തിൽ നടത്തി. അതിനുശേഷം വിളവെടുപ്പും നടത്തി. പക്ഷേ ആ വർഷം അത് അവസാനിച്ചു. അടുത്തവർഷം അത് നടന്നില്ല. എന്തുകൊണ്ടെന്നാൽ ആ കമ്മിറ്റിയുടെ യോജിച്ചുള്ള പ്രവർത്തനം സംബന്ധിച്ച് അതിന്റെ ഗുണത്തേക്കാൾ ഏറെ അതിൽ നിന്ന് ഉണ്ടായിട്ടുള്ള ചില പ്രത്യേക അനുഭവങ്ങൾകൊണ്ട് വീണ്ടും യോജിച്ച് അങ്ങനെ ഒരു പ്രവർത്തനം നടത്തുന്നതിന് കൃഷിക്കാർക്ക് അത് പ്രേരണമായില്ലെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. അതിന്റെ അടിസ്ഥാനത്തിൽ ഏലാ പദ്ധതികളും നമ്മുടെ സംസ്ഥാനത്ത് ആകെ രൂപീകരിക്കാൻ തീരുമാനിച്ചു ഏലാ യൂണിറ്റ് എന്നു പറഞ്ഞാൽ ഒരു പ്രത്യേക പ്രദേശത്ത് ആണ്. ഒരു ആയക്കെട്ട് എന്നു പറഞ്ഞാൽ കമാൻഡ് ഏരിയായ്ക്ക് ഒരു പ്രത്യേക പ്രദേശം നോട്ടിഫൈ ചെയ്യുന്നതുപോലെ പ്രത്യേക പാടശേഖരം തീരുമാനിക്കും അല്ലെങ്കിൽ ഒരു കൃഷി പ്രദേശം തീരുമാനിക്കും. അവിടത്തെകൃഷിക്കാരെ യോജിപ്പിക്കാൻവേണ്ടി.

ഒരു പ്രത്യേക സംവിധാനത്തിൽ കീഴിൽ കൊണ്ടുവരും. അവരുടെ കമ്മിറ്റികളും തെരഞ്ഞെടുക്കും. ആ കമ്മിറ്റികളുടെ ആഭിമുഖ്യത്തിൽ മൊത്തം കൃഷിക്കാർക്കുവേണ്ടി കൃഷിപ്പണികളും ചെയ്യുക, മേൽനോട്ടം വഹിക്കുക, സസ്യസംരക്ഷണം നടത്തുക, ജലസേചനം നടത്തുക, വിളവ് എടുക്കുക എന്നിട്ട് വരവും ചെലവും ബോദ്ധ്യമാക്കി അവരവർക്ക് അർഹിക്കുന്ന വിഹിതം അവരെ ഏൽപ്പിക്കുക. ഇതാണ് ആ സംവിധാനം. പക്ഷേ അത് പരാജയപ്പെട്ടു. ഇന്നിപ്പോൾ എല്ലാ യൂണിറ്റും ഇല്ലായെന്നല്ല ഞാൻ പറയുന്നത്. റ്റി. എൻ. വി. പ്രോഗ്രാമിന്റെ, വേൾഡ് ബാങ്കിന്റെ പണവും വാങ്ങി കൃഷി ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാർ തെരഞ്ഞെടുക്കുന്ന കൃഷി

LIBRARY ARCHIVES Kerala Legislative Assembly

ക്കാരെന്നു പറഞ്ഞ് അവരെ വല്ലപ്പോഴും കണ്ട് വർത്തമാനം പറയുകയോ പറയാതിരിക്കുകയോ കൃഷി വികസനം നടത്തുകയോ നടത്താതിരിക്കുകയോ ഒക്കെ ചെയ്യുന്ന ഒരു സമ്പ്രദായമാണ് ഇപ്പോഴും വാസ്തവത്തിൽ നിലവിലുള്ളത്. ഏലാ യൂണിറ്റുകളും കൊണ്ടൊന്നും ഫലപ്രദമായ, ഉദ്ദേശിച്ച പ്രയോജനമൊന്നും ഇന്ന് കാർഷികമേഖലയിൽ ഉണ്ടാകില്ലയെന്നുള്ളതാണ് വാസ്തവം. യഥാർത്ഥത്തിൽ പല അനുഭവങ്ങളും നമുക്കുണ്ട്. ഇവിടെ കാർഷികരംഗത്തെ പുരോഗതിയെപ്പറ്റി നമ്മളും പറയുന്നു. നമുക്ക് പുരോഗതി ഉണ്ടായിട്ടുണ്ട്. ഇല്ലെന്നല്ല ഞാൻ പറയുന്നത്. ഉണ്ടായിട്ടുള്ള പുരോഗതിയൊക്കെ നടത്തിയിട്ടുള്ളത് ഗവേഷണങ്ങളുടെ ഫലമായി കണ്ടുപിടിച്ചിട്ടുള്ള പുതിയ പുതിയ കൃഷിരീതികളും പ്രായോഗികമാക്കിയതിന്റെ ഫലമായി അത്യുല്പാദനശേഷിയുള്ള പുതിയ വിത്തിനങ്ങളും വന്നിട്ടുണ്ട്. ഇതിന്റെയൊക്കെ ഫലം കാർഷികരംഗത്ത് പുതിയപുതിയ കണ്ടു പിടിത്തങ്ങളിലും ഗവേഷണങ്ങളിൽകൂടി തെളിഞ്ഞിട്ടുള്ള ഫലങ്ങളിലുമായി പൊരുത്തപ്പെട്ട് പോകുന്നതിന് നമ്മുടെ കൃഷിക്കാർ കാണിച്ച താൽപ്പര്യം ഇതൊക്കെക്കൊണ്ട് ഉണ്ടായിട്ടുള്ള പുരോഗതിയാണ്. കാർഷിക രംഗത്ത് പുരോഗതി ഇല്ലായെന്നല്ല ഞാൻ പറയുന്നത്. പക്ഷെ ആ പുരോഗതിയുടെ അടിസ്ഥാനത്തിൽ പറയുന്നത് കൃഷിക്കാരന് ഒരു മുൻകൈ, അയാൾക്ക് അയാൾ ചെയ്യുന്ന കൃഷിയെ സംബന്ധിച്ച് അതിൽ ഒരു ഉത്തരവാദിത്വം, അതിൽ ഒരു നേതൃത്വം, അങ്ങില്ലെങ്കിൽ അതിൽ ഒരു പൂർണ്ണമായ ഉടമസ്ഥത അത് നിലനിൽക്കുന്നു. അത് നിലനിർത്തിക്കൊണ്ട് പോകുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിൽതന്നെ ഉണ്ടായിട്ടുള്ളതാണ്. ഇവിടെ ഈ സംവിധാനം വരുത്തുന്ന മാറ്റം നിയന്ത്രണമാണ്. ആ നിയന്ത്രണം തന്നെ ഉദ്യോഗസ്ഥൻമാരുടെ നിയന്ത്രണമാണ് അതും സമ്പൂർണ്ണ നിയന്ത്രണമാണ്. ഒരു പദ്ധതി നോട്ടിഫൈ ചെയ്തു കഴിഞ്ഞാൽ ആ പദ്ധതിയെ സംബന്ധിച്ച് ഒബ്ജക്ഷനൊക്കെ പറയാനുള്ള സമയം ഉണ്ട്. പക്ഷേ അത് ഫൈനലൈസ് ചെയ്ത് ഫൈനൽ നോട്ടിഫിക്കേഷൻ വന്നുകഴിഞ്ഞാൽപ്പിന്നെ അതേപ്പറ്റി യാതൊന്നും പറയാനുള്ള അവകാശമോ അധികാരമോ കൃഷിക്കാർക്ക് ഇല്ല. എന്നുതന്നെയുമല്ല, ഏതെങ്കിലും രീതിയിൽ അതോറിറ്റിയുടെ തീരുമാനങ്ങളും ലംഘിച്ചാൽ പിഴ ശിക്ഷയും പണവും ഇതു രണ്ടും കൂടിയാണ്. ഇത്രയും വലിയ ഒരു ശിക്ഷ ഈടാക്കുന്നത് വലിയ കുറ്റകൃത്യങ്ങളും ചെയ്യുന്ന കള്ളക്കടത്തുകാരന് ഇല്ല, കള്ളപ്പണക്കാരന് ഇല്ല, അഴിമതിക്കാരന് ഇല്ല, കൈക്കൂലിക്കാരന് ഇല്ല, കൊലപാതകികൾക്കുപോലും ശിക്ഷിച്ചു വരുമ്പോൾ ഈ നിയമത്തിൽ പറയുന്ന രീതിയിലുള്ള ശിക്ഷ ഇല്ല. അപ്പോൾ കമാൻഡ് ഏരിയയിൽപ്പെടുന്ന ഒരു കൃഷിക്കാരന്, ഒരു പൈപ്പിന്റെ നാല് അരികിൽ വരുന്ന ഒരു പൈപ്പിന്റെ തലപ്പത്ത് ചുറ്റും വരുന്ന നാലു തുണ്ടു ഭൂമിയിലെ ഒരു തുണ്ടുകാരൻ; അവർ വെള്ളം എടുക്കുന്നത് 10 മണിക്ക് അവസാനിപ്പിക്കണം. അവൻ പൈപ്പ് പൂട്ടിയപ്പോൾ മണി പത്തരയായിപ്പോയാൽ അവനെ ശിക്ഷിക്കും. ഞാൻ പറയുന്നത് നമ്മുടെ രാജ്യത്ത് ഇത പ്രായോഗികമായി നടപ്പിലാക്കുന്നതിന് ഈ സംവിധാനത്തെ സംബന്ധിച്ചും അതിന്റെ പ്രവർത്തനത്തെ സംബന്ധിച്ചുമൊക്കെ ആലോചിക്കേണ്ടതാണ്. പിന്നെ എന്റെ ഒരു സംശയം ഇത് എന്തിനുവേണ്ടിയാണ് എന്നാണ് ? കാർഷിക വികസനത്തിന് വേണ്ടിയാണോ അതോ ജലസേചനത്തിനുവേണ്ടി മാത്രമാണോ ? ജലസേചനം കാർഷിക വികസനത്തിനുവേണ്ടിയാണെങ്കിൽ അതിന്റെ നിയന്ത്രണവും ചുമതലയുമൊക്കെ ഏത് ഡിപ്പാർട്ടുമെന്റിനാണ് ? ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനാണോ, അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റിനാണോ ? ഒന്നു ഞാൻ പറയാം. കാർഷിക രംഗത്തുണ്ടായിട്ടുള്ള വളർച്ചക്ക് എല്ലാം അതിന്റെ നിമിത്തമായെങ്കിലും പ്രവർത്തിച്ചത് കൃഷി ഡിപ്പാർട്ടുമെന്റാണ്

LIBRARY ARCHIVES Kerala Legislative Assembly

അവർ നടത്തിയ ഗവേഷണത്തിന്റേയും പ്രചാരണത്തിന്റേയും എക്സ്റ്റൻഷൻ വർക്കുകളുടേയും കർഷകരുമായിച്ചേർന്നു നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടേയും ഫലമായിട്ടാണ് ഇന്നുള്ള പുരോഗതി ഉണ്ടായിട്ടുള്ളത്. ഇപ്പോഴത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ചൊക്കെ പോരായ്മകളും കുറവുകളും മറ്റു കാര്യങ്ങളുമൊക്കെ ഉണ്ടായിട്ടുണ്ടെന്ന് വിമർശനങ്ങളുണ്ടെങ്കിലും കാർഷിക രംഗത്ത് പുരോഗതിയും വളർച്ചയുമുണ്ടായിട്ടുള്ളത്; ആധുനിക കൃഷിരീതിയും വളപ്രയോഗരീതികളും ജലസേചനവും ജലത്തിന്റെ വിനിയോഗവുമൊക്കെ ആ രംഗത്ത് നടത്തിയ ഗവേഷണത്തിന്റെ ഫലമായിട്ട് വന്നിട്ടുള്ളതാണ്. നെല്ലിന് ഇത്ര വെള്ളം വേണം, അല്ലെങ്കിൽ ഒരു പ്രത്യേക വിളയ്ക്ക് ഇത്ര വെള്ളം വേണം, ഇത്ര നനച്ചാൽ മതി എന്നൊക്കെയുള്ളതു മുഴുവൻ കാർഷികരംഗത്ത് കൃഷി ഡിപ്പാർട്ടുമെന്റിന്റെ ആഭിമുഖ്യത്തിൽ കൃഷി വിദഗ്ദ്ധൻമാർ നടത്തിയ ഗവേഷണങ്ങളുടേയും പഠനങ്ങളുടേയും പരിശ്രമങ്ങളുടേയും എക്സ്റ്റൻഷൻവർക്കുകളുടേയും ഫലമായിട്ടാണ്. ഇവിടെ കമാൻഡ് ഏരിയാ ഡവലപ്പ്മെന്റ് അതോറിറ്റിയുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ നാളെ മുതൽ ഇത് ഊർജ്ജിതത്തിൽ വന്നാൽ ജലസേചനമുള്ള സകല പ്രദേശങ്ങളിലും ഈ അതോറിറ്റി രൂപീകരിക്കുകയും വേണം. അങ്ങനെ രൂപീകരിക്കാം. അങ്ങനെ രൂപീകരിച്ച് കഴിഞ്ഞാൽ ആ പ്രദേശങ്ങളിലെ മുഴുവൻ കൃഷി വികസനത്തിന്റേയും കൃഷിക്കാരെ സംബന്ധിക്കുന്ന കാര്യങ്ങളുടേയുമൊക്കെ ചുമതലയും ഉത്തരവാദിത്വവുമൊക്കെ ഏത് ഡിപ്പാർട്ടുമെന്റിലാണെന്നുള്ളത്, ഗവൺമെന്റ് പറയണം ? കൃഷി ഡിപ്പാർട്ടുമെന്റിനാണോ ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനാണോ ? ഇതിന് ഒരു സംവിധാനമുണ്ട്. കമാൻഡ് ഏരിയാ ഡവലപ്മെന്റിന്റെ സംവിധാനത്തിൽ കൃഷി ഡിപ്പാർട്ടുമെന്റിലെ ഒരു അഡീഷണൽ ഡയറക്ടർക്ക്, അതിന്റെ അഡ്മിനിസ്ട്രേറ്റർ ആകാൻ പാടില്ലാ എന്നല്ല. ഇറിഗേഷൻ ചീഫ് എഞ്ചിനീയർക്കും ആകാം. പിന്നെ സഹകരണ ഡിപ്പാർട്ടുമെന്റിലെ ഒരു ജോയിന്റ് രജിസ്ട്രാർക്കും ആകാം. ഇത് ഒരു അവിയൽ സമ്പ്രദായമാണ്. ഉടയൻ ആരാണെന്ന് വ്യക്തമല്ലാത്ത വമ്പിച്ച അധികാരമുള്ള ഒരു അതോറിറ്റിക്ക് ഉദ്യോഗസ്ഥൻമാരുടെ ഒരു കൂട്ട് ഇങ്ങനെ രൂപീകരിച്ചു വച്ചാൽ കൃഷിക്കാരുടെ ഇനിഷ്യേറ്റീവ് ഫലത്തിൽ നഷ്ടപ്പെടുന്നു. അവരുടെ വലിയ പങ്കില്ലാത്ത, വലിയ അഭിപ്രായമില്ലാത്ത, അഭിപ്രായം വേണ്ടത്ര പരിഗണിക്കേണ്ടാത്ത ഉദ്യോഗസ്ഥൻമാരുടെ മാത്രം പരിഗണന പ്രയോഗത്തിൽ വരുന്ന ഒരു സംവിധാനത്തിലാണ് കമാൻഡ് ഏരിയ പദ്ധതികൊണ്ട് ഇന്ന് ഈ നിയമം മൂലം ഉദ്ദേശിക്കുന്നത് എന്നുള്ളതാണ് ഇതിന്റെ ദോഷമായിട്ട് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അത് മാറണം. നിയന്ത്രണങ്ങളും ക്രമീകരണങ്ങളും ഈ രംഗത്ത്, ഉണ്ടാകണമെന്നാണ് എന്റേയും അഭിപ്രായം. കാരണം വാട്ടർ മാനേജുമെന്റ് എന്നു പറയുന്നത് ഇന്നു മാത്രമല്ല പ്രശ്നം, ഇതിനു മുമ്പും പ്രശ്നമുണ്ട്. വെള്ളത്തിന്റെ ലഭ്യതയനുസരിച്ച് ലഭ്യമായ വെള്ളം നല്ലതുപോലെ കൃഷിക്ക് വിനിയോഗിക്കാൻ സാധിച്ചാൽ അതിന്റെ ഫലമായിട്ട് ഉണ്ടാകുന്ന ഉൽപ്പാദനേ വർദ്ധനവ് നമുക്ക് പ്രയോജനപ്പെടുന്നതാണ്. അത് ഉൽപ്പാദനേ വർദ്ധനവുണ്ടാക്കാൻ സാധിക്കും. അതുകൊണ്ട് വാട്ടർ മാനേജുമെന്റ് നല്ലതുപോലെ നടക്കണം. അതുമാത്രമല്ല കാർഷിക രംഗത്ത് കൃഷിക്ക് ആവശ്യമായിട്ടുള്ളതെല്ലാം ചെയ്യണം. ഇന്നിപ്പോഴും ഈ സംവിധാനം ഉണ്ടാക്കി വയ്ക്കുന്നു. ഇവിടെ ക്രോപ്പ് പാറേറൺ തീരുമാനിക്കുന്നത് ഈ അതോറിറ്റിയാണ്. കമാൻഡ് ഏരിയ ഒരു പദ്ധതിയുണ്ടാക്കിക്കഴിഞ്ഞാൽ കൊക്കോ ആണ് അവിടെ പറിയത് എന്നു പറഞ്ഞ് അവിടെ നാളെ കൊക്കോ നട്ടുകൊള്ളണമെന്നു തീരുമാനിക്കും. ഇന്ന് ഇപ്പോഴും കൊക്കോ ആണ് കൃഷി ചെയ്യുന്നത്. കൊക്കോക്ക് നല്ല ആദായ

LIBRARY ARCHIVES Kerala Legislative Assembly

വുമുണ്ട്. ചണമ്പാണ് അവിടെ പററിയത് എന്നു പറഞ്ഞ് നാളെ ഇവിടെ ചണമ്പ് കൃഷി ചെയ്യണമെന്നു തീരുമാനിക്കും. കപ്പ കൃഷി ചെയ്യുന്ന കൃഷിക്കാരന് കപ്പതന്നെ കൃഷി ചെയ്യാം. കപ്പ വേണ്ട, അവിടെ നെല്ലു നടാനുള്ള തീരുമാനം നടപ്പിലാക്കണം. നടപ്പിലാക്കിയില്ലെങ്കിൽ പിന്നെ ജയിലിലും പോകണം പണവും കെട്ടിവെയ്ക്കണം. പണ്ട് അടിയും കൊണ്ട് പുളിയും കൂടിച്ച് പണവും കൊടുത്ത് എന്നൊരു ചൊല്ലുണ്ട്. നിങ്ങൾക്ക് അറിയാമോ എന്ന് എനിക്കറിയില്ല. പണ്ട് പാർവ്വതൃകാരൻമാർ വലിയ അധികാരമുള്ള ഓല ആധാരക്കാരാണ്. രജിസ്റ്ററർ കച്ചേരികളോ ലാൻഡ് റിക്കാഡ്സോ ഒന്നും ഇല്ല. ഓല ആധാരമാണ് ഉള്ളത്. പനയോലയിൽ എഴുതിയത് കരം കൊടുക്കണം. കരം കൊടുക്കാൻ നിവർത്തിയില്ലാത്ത കൃഷിക്കാരൻ ഓലയാധാരവുമായിട്ടാണ് വരുന്നത്. ആരെങ്കിലും കിടന്നുറങ്ങുന്നവന്റെ തലപ്പത്ത് ഓലയാധാരം വച്ചിട്ട് സ്ഥലം വിട്ടിട്ടുണ്ടെന്ന് കേട്ടിട്ടുണ്ട്. കരം കൊടുക്കാനുള്ള പണം ഇല്ല. അവസാനം ഈ ഓലയാധാരം ഇരിക്കുന്നവന്റെയടുത്ത് പാർവ്വതൃക്കാരൻ പോകും. മുക്കാല, ചാട്ടവാർ മുതലായവയെല്ലാം കാണും. നാൽക്കവലയിൽ മുക്കാലിയിൽ കെട്ടി കൃഷിക്കാരനെ അടിച്ചിട്ടുണ്ടെന്ന് കേട്ടിട്ടുണ്ട്. അങ്ങനെ അടി കൊള്ളണം, ഓലയാധാരം കയ്യിലുണ്ടെങ്കിൽ വിഷമമാണ്. പണം കൊടുത്തേ ഒക്കൂ. അടിക്കു പുറമേ പുളി കലക്കി കൊടുക്കുന്ന പതിവുണ്ട്. അത് കുടിക്കണം. പണം കൊടുക്കാനുള്ള ഓലയാധാരം കയ്യിലുണ്ടെങ്കിൽ അടിയും കൊള്ളണം, പുളിയും കുടിക്കണം, പണവും കൊടുക്കണം. അതുപോലെ ഈ കമാൻഡ് ഏരിയായിൽ 10 സെന്റ് ഭൂമി ഉണ്ടായിപ്പോയാൽ പഴയ ആ കാലത്തെ അടിയും കൊണ്ട് പുളിയും കുടിച്ച് പണവും കൊടുക്കുന്ന ഒരു സ്ഥിതി വരുമോയെന്ന സംശയത്തിൽ വരും. അതൊക്കെ പററിയ പണികൾ അല്ല. അതുകൊണ്ട് കർഷകന് മുൻകൈയുള്ള അവന്റെ സ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ടുള്ള അവന് കൃഷിക്കാവശ്യമായ സഹായങ്ങൾ നൽകി വെള്ളം ദുർവിനിയോഗം ചെയ്യാതെ നോക്കി കൃഷിക്കാവശ്യമായ വിത്തും വളവും സമയത്തിന് കൊടുത്ത് അതിനുള്ള സാമ്പത്തിക സഹായം നേരെ ചൊവ്വേ ഇന്ന് രാജ്യത്ത് ചെയ്യുന്നുണ്ടോ ? ആലപ്പുഴയിലെ പ്രശ്നം ഇന്ന് ഒരു അടിയന്തിര പ്രമേയം വഴി ഇവിടെ അവതരിപ്പിച്ചു. അവിടെയെല്ലാം ചെയ്തു കൊടുത്തിട്ടുണ്ടെന്നാണ് റവന്യൂ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫ് പറഞ്ഞത്. പക്ഷെ ആലപ്പുഴയിലെ കുട്ടനാട് പാടശേഖരങ്ങളിൽ പോയി നോക്കിയാൽ അറിയാം കൃഷിക്കാർ പെടുന്നപാട്. ഞാൻ പറയുന്നത് കൃഷിക്കാരന് ആവശ്യമായ ഇൻപുട്ട്സോ, അവർക്ക് ആവശ്യമായിട്ടുള്ള സാമ്പത്തികമോ, സമയത്തിന് വളമോ, കീടനാശിനിയോ. വിത്തോ ഒന്നും വാസ്തവത്തിൽ കൊടുക്കാൻ കഴിയുന്നില്ല. ഇവിടെ പറയുന്നതുപോലെ ചെയ്തുകൊള്ളണമെന്നാണ് ഇണ്ടാസ്. ഡവലപ്പ്മെന്റ് അതോറിറ്റി ഒന്ന് തീരുമാനിച്ചു കഴിഞ്ഞാൽ, അത് പ്രഖ്യാപിച്ചു കഴിഞ്ഞാൽ അതനുസരിച്ച് ചെയ്തു കൊള്ളണം. തെറ്റിയാൽ ശിക്ഷ. അതും ജയിൽ ശിക്ഷയും പണവും കെട്ടി വയ്ക്കണം. അവസാനം തീരെ നിർവ്വാഹമില്ലാതെ തലയിൽ കൈയും വച്ച് കൃഷിക്കാരൻ ഓടുന്ന ഒരു സ്ഥിതി ഇതുമൂലം ഉണ്ടാകരുത്. അതുകൊണ്ട് ഞാൻ പറയുന്ന ആവശ്യമായ ഭേദഗതികൾ വരുത്തണം. സംസ്ഥാനത്തിന് ,മൊത്തം ബാധകമായ ഒററ അതോറിറ്റി എന്നുള്ളത് ശരിയാണെന്ന് എനിക്ക് തോന്നുന്നില്ല. ഉദാ : കല്ലട. കല്ലടയിലെ സ്ഥിതി അങ്ങേക്ക് അറിയാം. കല്ലട പ്രോജക്ടിനുവേണ്ടിയാണ് ഇതൊക്കെ ഉണ്ടാക്കിക്കൊണ്ട് വന്നത്. ഞാൻ മനസ്സിലാക്കുന്നത് യഥാർത്ഥത്തിൽ ഒരു കമാൻഡ് ഏരിയ ഡവലപ്പ്മെന്റ് അതോറിറ്റി രൂപീകരിച്ച്, ജലസേചനസൗകര്യം വികസിപ്പിച്ച്, ജലസേചനസൗകര്യമുള്ള സ്ഥലങ്ങളിൽ കൃഷിക്കാരെ നല്ലതുപോലെ വികസിപ്പിച്ച്, അവരെ കനപ്പിച്ച് നന്നാക്കാനുള്ള ഉദ്ദേശത്തോടു

LIBRARY ARCHIVES Kerala Legislative Assembly

കൂടിയാണ് എന്നാണ്. വേറെ ചില സംഗതികളുണ്ട്, അത് ഞാൻ പറയുന്നില്ല. പശുവും ചത്ത് മോരിലെ പുളിയും പോയി പിന്നെ അതിനെ പറ്റി എന്തിനാണ് പറയുന്നത്. ഞാൻ മന്ത്രിയോട് ചോദിക്കുന്നു. ഈ ഓർഡിനൻസ് പുറപ്പെടുവിച്ചല്ലോ. പ്രധാനമായിട്ടും കല്ലടയെ ഉദ്ദേശിച്ചു കൊണ്ട്. എത്ര കൊല്ലം വേണ്ടിവന്നു ഈ നിയമം അനുസരിച്ച് ഒരു ചട്ടമുണ്ടാക്കാൻ ? ഓർഡിനൻസ് പുറപ്പെടുവിച്ച് കഴിഞ്ഞിട്ട് അതോറിട്ടിയും രൂപീകരിച്ച് ചട്ടമില്ലാഞ്ഞിട്ടും അതോറിട്ടിക്ക് പ്രവർത്തിക്കാൻ വയ്യാ. കൊല്ലം ജില്ല വികസന സമിതിയിൽ ഞാൻ ഇത് ഉന്നയിച്ച കാര്യം അങ്ങ് ഓർക്കുന്നുണ്ടോ ? ഒന്ന് ഒന്നരക്കൊല്ലമായി ഓർഡിനൻസ് ഒന്നുരണ്ട് പ്രാവശ്യം റീ-ഇഷ്യൂ ചെയ്തു. ഇത് ആറാമത്തെ തവണയോ, മറോ ആണ് റീ-ഇഷ്യൂ ചെയ്യുന്നത്. ഇതിന്റെ ചട്ടമുണ്ടാക്കാൻ കഴിഞ്ഞിരുന്നില്ല. അപ്പോൾ എത്രമാത്രം താൽപ്പര്യം ഗവൺമെന്റിനുണ്ട്, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിനുണ്ട്. ഈ നിയമം നടപ്പാക്കാൻ എന്നുള്ളതിന്റെ തെളിവാണ് ഇത്. ഓർഡിനൻസ് ആയാലും അത് നടപ്പായി കഴിഞ്ഞാൽ അത് നിയമം എന്നുള്ള നിലയ്ക്ക് അതിന്റെ ബാദ്ധ്യത ധാർമ്മികമായും നിയമപരമായും മറ്റുതരത്തിലും ഗവൺമെന്റ് ഏറ്റെടുക്കണ്ടേ. ബില്ല് പാസ്സാകുന്നതുവരെ അതൊന്നും വേണ്ടേ, ഇത് നടപ്പാക്കിക്കഴിഞ്ഞാലുള്ള കാര്യമാണ്. ഇതിന് ചട്ടമുണ്ടാക്കുന്നതിന് കാലങ്ങളെടുത്തു. അങ്ങനെയുള്ള സ്ഥലത്താണ് കൃഷിക്കാരെ ഇങ്ങനെ വരച്ച വരയിൽ നിറുത്തുന്നത്. അവനു ഉദ്യോഗസ്ഥൻമാർ പദ്ധതികൾ നിർദ്ദേശിച്ചു കൊടുത്തിട്ട് ഇന്ന രീതിയിൽ ചെയ്തുകൊള്ളണമെന്ന് മൂക്കുകൊണ്ട്, 'ക്ഷാ' എഴുതിപ്പിക്കുന്നതിനുള്ള സംവിധാനമായിരിക്കുന്നു, ഒരു പദ്ധതിയായിരിക്കുന്നു ഇത്. കൃഷിക്കാരനു ഇനിഷ്യേറ്റീവ് നഷ്ടപ്പെടും അതു പാടില്ല. അതേസമയത്തുതന്നെ ഞാൻ സമ്മതിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ വളർച്ചയുടെ ഈ ഘട്ടത്തിൽ കാർഷികരംഗത്തുള്ള പുരോഗതി നമുക്ക് അറിയാം. ധാരാളം കാര്യങ്ങൾ കൃഷിക്കാർക്ക് ഉണ്ടായിട്ടുണ്ട്. ആതുകൊണ്ട് കൃഷിക്കാർക്ക് അഭിവൃദ്ധി ഉണ്ടായിട്ടുണ്ട്. അതുമായി ബന്ധപ്പെടാനും പൊരുത്തപ്പെടാനും അതനുസരിച്ച് കൃഷി ചെയ്യാനും അവർ തയ്യാറാണ്. അതിനകത്ത് അവർക്ക് പൈമുഖ്യമൊന്നുമില്ല. എന്നാൽ അവർക്ക് ആവശ്യമായ സഹായങ്ങളും മറ്റു കാര്യങ്ങളും ചെയ്ത് അവരുടെ മുൻകൈ നിലനിർത്തി, അവർക്ക് അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം കൊടുത്ത് അവരുടെ തീരുമാനങ്ങൾ നടപ്പാക്കുന്ന ഒരു സംവിധാനമാക്കി കുറെ ക്രമീകരണങ്ങളും നിയന്ത്രണങ്ങളും നിലനിർത്തിക്കൊണ്ട്പോകുന്ന സംവിധാനമാക്കണം. ഇത് സംസ്ഥാനത്തിനു മൊത്തത്തിൽ വേണ്ട. ഒരു പ്രത്യേക പ്രോജക്ട് എടുത്തിട്ട് പ്രത്യേക ഗുണം കിട്ടുന്ന, ജലസേചന സൗകര്യങ്ങൾ കിട്ടുന്ന പ്രദേശങ്ങളിൽ അവിടെ കൃഷി വികസനത്തിനു ആവശ്യമായ കാര്യങ്ങൾക്കുവേണ്ടി പ്രത്യേക മേഖലകൾ ഉണ്ടാക്കി അവിടെയൊക്കെ വേണമെങ്കിൽ പ്രത്യേക അതോറിറ്റി ഉണ്ടാക്കണം കാർഷിക രംഗത്തുള്ള പുരോഗതിയാണ് നമുക്ക് വേണ്ടത്. അതിനുള്ള ഇനിഷ്യേറ്റീവ് എടുക്കണം. ഡിപ്പാർട്ടുമെന്റിനുള്ള അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ഈ സംവിധാനത്തിനു ഉണ്ടാകണമെന്നു ഞാൻ ഖണ്ഡിതമായി പറയുന്നു. ഇല്ലെങ്കിൽ ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടാകും. ഇവിടെ ഇപ്പോൾ പലരും ഇരുതലമൂലി പോലെ ഇട്ടുപിടിക്കുന്ന സ്ഥിതി ഉണ്ടാകും. അത് ഉണ്ടാകരുത്. അതുകൊണ്ട് ഇതിന്റെ സംവിധാനത്തെപ്പറ്റി, അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ, മറ്റു കാര്യങ്ങൾ ഇതൊക്കെ അവധാനപൂർവ്വം പരിശോധിച്ച് ആവശ്യമായ ഭേദഗതി വരുത്തി ഈ ബില്ല് നിയമമാക്കണം എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ബെന്നി ബഹനാൻ : സർ, ജലസേചന സൗകര്യങ്ങൾ കാര്യക്ഷമമായി വിനിയോഗിച്ച് ജലവും ഭൂമിയും പരമാവധി ഉപയോഗിച്ചുകൊണ്ട് നമ്മുടെ കാർഷിക രംഗത്ത് സമഗ്രമായ ഒരു വികസനത്തെ ലാക്കാക്കി ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ച ഒരു ബില്ലാണ് ഇപ്പോൾ ചർച്ചയ്ക്ക് എടുത്തിരിക്കുന്നത്. കാർഷിക വികസനത്തെക്കുറിച്ചും കാർഷിക രംഗത്തിന്റെ സമഗ്രമായ നാനാ വശങ്ങളെക്കുറിച്ചും ചർച്ച ചെയ്യുമ്പോൾ സ്വാഭാവികമായും ഇവിടെ മറ്റു ചില അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ ഇതിൽ ഏറ്റവും കൂടുതൽ അഭിപ്രായങ്ങൾ അറിയേണ്ടതും ആരായേണ്ടതും നമ്മുടെ രാജ്യത്തെ സാധാരണക്കാരായ കർഷകരാണ്. ഇവിടെ കാർഷിക രംഗത്തെ ശോചനീയമായ അവസ്ഥയെക്കുറിച്ച് പലരും സൂചിപ്പിച്ചു. "പണ്ട് നാടൻ കൃഷിക്കാരനും നാളികേരഭാഗത്തിലാണിങ്ങനെ ഒട്ടുപേരും". എന്നത് നാളികേരത്തെപ്പോലെ പരുക്കനായ പുറംഭാവമുണ്ടെങ്കിലും അകത്തേക്ക് കടക്കുന്തോറും വളരെ നിർമ്മലതയുള്ള ജലം പോലെ നിർമ്മലമായ അവന്റെ സ്വഭാവശുദ്ധിയെക്കുറിച്ച് കവി പാടിയിട്ടുണ്ടെങ്കിലും ഇന്ന് പല കർഷകരുടെയും സ്ഥിതി കൃഷി ചെയ്തു. കൃഷി ചെയ്തു വെള്ളത്തിലായിരിക്കുകയാണ്. അങ്ങനെ കാർഷിക വൃത്തികൊണ്ട് വെള്ളത്തിലായ കേരളത്തിലെ കർഷകരെ വെള്ളം കൊണ്ട് രക്ഷിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട കെ. എം. മാണി ഇവിടെ അവതരിപ്പിച്ച ഈ നിയമം സ്വാഭാവികമായും സ്വാഗതാർഹമാണ്. ഇവിടെ നമ്മുടെ കാർഷിക രംഗത്തു വളരെയേറെ വിപ്ലവാത്മകമായ മാറ്റമുണ്ടാക്കാനിടയായ ഒന്ന് നമ്മുടെ ജലസേചന പദ്ധതികളാണ്. അതുകൊണ്ടുതന്നെയായിരിക്കണം നവഭാരതശില്പി എന്ന് അറിയപ്പെടുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ഭക്രാനങ്കൽ പദ്ധതി ഉൽഘാടനംചെയ്തുകൊണ്ട് സംസാരിച്ചപ്പോൾ ഭക്രാനങ്കലിനെനോക്കി പറഞ്ഞു "These are the modern Temple of worship" അത്രമാത്രം പ്രസക്തി, അത്രമാത്രം പ്രാധാന്യം ജലസേചന പദ്ധതികൾക്കുണ്ടെന്നാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു സൂചിപ്പിച്ചത്. പക്ഷെ ഇവിടെ പൂർത്തിയാക്കപ്പെട്ട പദ്ധതികളും, നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളും, ഇനിയും നിർമ്മിക്കാൻ പോകുന്ന പദ്ധതികളും ആ പദ്ധതികൾ ഈ ലക്ഷ്യത്തെയും അഭിപ്രായത്തെയും മുൻനിർത്തിക്കൊണ്ട് കേരളത്തിലെ കർഷകർക്ക് വേണ്ടത്ര പ്രയോജനം കൊടുക്കുന്നുണ്ടോ എന്ന കാര്യം ഇപ്പോഴും നമ്മൾ വളരെയേറെ ചിന്തിക്കേണ്ടതായിട്ടുണ്ട്. ഇവിടെ കൃഷിയെക്കുറിച്ച് സംസാരിക്കുമ്പോൾ കർഷകരെ സംബന്ധിച്ചിടത്തോളം കർഷകർക്ക് ഇന്ന് അത് നഷ്ടമായിത്തീർന്നിരിക്കുന്നതും ഒട്ടേറെ ബുദ്ധിമുട്ട് അനുഭവിക്കുന്നതും പല കാരണങ്ങൾ കൊണ്ടാണ്. ഒന്ന്, ഇന്ന് കാർഷിക വൃത്തി എന്നു പറഞ്ഞാൽ ഒരു തരം താണ ജോലിയായി മാറിയിരിക്കുന്നു എന്ന് നമുക്ക് അറിയാം. ഇന്ത്യയിലെ ബഹുഭൂരിപക്ഷം ആളുകളും ബന്ധപ്പെട്ടിരിക്കുന്ന കാർഷിക മേഖലയിൽ, ആ കാർഷികവൃത്തിയിൽ ഏർപ്പെടുക ഇന്ന് വളരെയേറെ മോശമായ സംഗതിയായി മാറിയിരിക്കുന്നു. ഇവിടെ കമാൻഡ് ഏരിയയ്ക്ക് രൂപം കൊടുത്തുകൊണ്ട് നമ്മുടെ സംസ്ഥാനത്തെ കർഷകരുടെ സമഗ്രമായ വികസനത്തിനുവേണ്ടി ഒരു പുതിയ നിയമം അവതരിപ്പിക്കുമ്പോൾ എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ആദ്യമായി സൂചിപ്പിക്കാനുള്ളത് എന്തെന്നാൽ നമുക്ക് കാർഷികവൃത്തിയെക്കുറിച്ചുള്ള ഇന്നത്തെ വില കുറഞ്ഞ ഈ അഭിപ്രായം മാറ്റിയെടുക്കണം എന്നുള്ളതാണ്. ഇന്ന് നമുക്കറിയാം, പരമ്പരാഗതമായ കാർഷികവൃത്തി, ക്രോപ്പ് പാറ്റേൺ ഇതൊക്കെ നിയമത്തിൽ കൊണ്ടുവരുമ്പോൾ അത് ചെയ്തില്ലെങ്കിൽ അതിന്റെ ശിക്ഷണനടപടികൾ വല്ലാതല്ലേ എന്ന് ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണിയെപ്പോലുള്ള ആളുകൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒരു പരിധിവരെ ഞാൻ അതിനോട് യോജിക്കുന്നു. പക്ഷെ നമുക്കറിയാം പലപ്പോഴും നമ്മുടെ നാട്ടിൽ തെറ്റായ സങ്കൽപ്പത്തിന്റെ അടിസ്ഥാനത്തിൽ വേണ്ടത്ര പ്രയോജനം ലഭിക്കാത്ത രീതിയിലുള്ള കാർഷികവൃത്തി നടന്നുകൊണ്ടിരിക്കുന്നുണ്ട് എന്ന്. ചിലപ്പോൾ ആ പ്രദേശത്തെ മണ്ണും അവിടെ ലഭിക്കുന്ന ജലസേചനസൗകര്യങ്ങളും മറ്റു സാങ്കേതികമായ ഉപദേശങ്ങളും വച്ചുകൊണ്ട് നോക്കിയാൽ

LIBRARY ARCHIVES Kerala Legislative Assembly

നെൽകൃഷി ചെയ്യുന്നതിനെക്കാൾ ലാഭകരമായി കൃഷ്ണ് ക്രോപ്സോ മറ്റു കൃഷികളോ ചെയ്യാൻ സാധിക്കും. അങ്ങനെയുള്ള സമയത്ത് കൃഷി കൂടുതൽ ലാഭകരമാക്കുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങളും കൊടുക്കുക എന്നുള്ളതാണ് ഈ ബില്ലിന്റെ പരിധിയിലുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഇന്ന് ചെറുപ്പക്കാരുടെയിടയിൽ കൃഷിയെക്കുറിച്ച് വളരെ മോശമായ അഭിപ്രായമാണ്. എനിക്ക് ഒരു നിർദ്ദേശമുണ്ട്. അത് ബില്ലിന്റെ പരിധിയിൽ വരുമോ എന്ന് സംശയമുണ്ട്. എന്റെ നിർദ്ദേശം കമാൻഡ് ഏരിയ നിർണ്ണയിച്ചുകൊണ്ട് കൃഷിയെക്കുറിച്ചും കൃഷിയുടെസാങ്കേതികമായ വിജ്ഞാനത്തെക്കുറിച്ചുമൊക്കെ കർഷകർക്ക് വിവരം കൊടുക്കണമെന്നുള്ളതാണ്. അതുമാത്രമല്ല കൃഷിയെക്കുറിച്ചുള്ള ഒരു ബോധവൽക്കരണം ചെറുപ്പക്കാരുടെയിടയിൽ കൊടുക്കത്തക്കരീതിയിലുള്ള സെമിനാറുകളോ സ്ഥിരം സംവിധാനമോ ഈ കമാൻഡ് ഏരിയപ്രദേശത്തെങ്കിലും നടപ്പാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു. കാരണം നമുക്കറിയാം. ഇന്ന് ചെറുപ്പക്കാർ കാർഷികവൃത്തിയിൽ ഏർപ്പെടാൻ മടി കാണിക്കുന്നു. കാർഷികവൃത്തിയിൽ ഏർപ്പെടാൻ മടി കാണിക്കുന്നതിന് ഒരു പ്രധാന കാരണം അതിലേക്കു പോയാൽ ലാഭകരമായി അവന് ഉപജീവനം നടക്കുമോ എന്നുള്ള തെറ്റായ സങ്കൽപ്പങ്ങളുണ്ട്. പലപ്പോഴും ശാസ്ത്രീയമായി കൃഷി നടത്തിയാൽ മറ്റു ഏതു പണിയേക്കാളും ലാഭകരമാണ്, സംതൃപ്തിയുള്ളതാണ് കാർഷികവൃത്തി. വളരെ വിപുലമായ മേഖലയിലേക്ക് ഇന്നു നാം കടന്നുകൊണ്ടിരിക്കുകയാണ്. മറ്റു ഏതു ജോലിയേക്കാളും കൂടുതൽ മാനസിക സംതൃപ്തി ഇന്ന് പ്രദാനം ചെയ്യുന്ന വൃത്തി ഇന്നും കാർഷികരംഗമാണ്. അപ്പോൾ നമ്മുടെ ചെറുപ്പക്കാരെ ബോധവൽക്കരിച്ചുകൊണ്ട് കാർഷികരംഗത്ത് കൂടുതൽ പ്രേരണ കൊടുത്തുകൊണ്ട്, അവർക്ക് സാങ്കേതികമായും അതുപോലെതന്നെ ഈ രംഗത്തുള്ള തെറ്റായ സങ്കൽപ്പങ്ങളെക്കുറിച്ചും അവരെ മാറ്റി എടുത്തുകൊണ്ട് കമാൻഡ് ഏരിയയിൽ ഉൾപ്പെടുത്തി അവർക്ക് ഒരു സ്ഥിരം സംവിധാനം അവരുടെ ട്രെയിനിംഗിനുവേണ്ടിയോ അല്ലെങ്കിൽ ഇത്തരം അഭിപ്രായം ക്രോഡീകരിക്കുന്നതിനു വേണ്ടിയോ ഏർപ്പെടുത്തണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്,

ശ്രീ. കെ. കൃഷ്ണൻകുട്ടി : കമാൻഡ് ഏരിയായെക്കുറിച്ചൊക്കെ ഗംഭീരമായി പ്രസംഗിച്ചു. ഈ കോൺഗ്രസ്സിന്റെ കമാൻഡ് ഏരിയായിൽ അങ്ങ് ഉണ്ടാകുമോ അതോ അതിൽനിന്നും പുറത്താണോ ?

ശ്രീ. ബെന്നിബെഹനാൻ : മി. കൃഷ്ണൻകുട്ടി, ഈ കോൺഗ്രസ്സ് ഒരു ദേശീയ പാർട്ടിയാണ്. ഇതിന് ഹൈക്കമാൻഡുണ്ട്. അതിന്റെ ഹൈക്കമാൻഡിന്റെ പരിധിയിൽപ്പെട്ടവരാണ് ഞങ്ങളൊക്കെ. എനിക്ക് ബഹുമാനപ്പെട്ട കൃഷ്ണൻകുട്ടിയോട് അഭ്യർത്ഥിക്കുവാനുള്ളത് ഇപ്പോൾ ചില സുപ്രീം കമാൻഡുകൾ ഉണ്ടായിട്ടുണ്ടെന്നാണ്. ശ്രീ. കൃഷ്ണൻകുട്ടി ഇടതുപക്ഷമുന്നണിയിൽപ്പെട്ട ആളാണ്. നിങ്ങളുടെ ഇടതുപക്ഷ മാർക്സിസ്റ്റ് പാർട്ടിയിൽ ഇപ്പോൾ സുപ്രീം കമാൻഡുണ്ട്. കാലാകാലങ്ങളിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി ഏറ്റവും കൂടുതൽ ജലസേചന സംഭരണി ഉണ്ടാക്കിക്കൊടുത്ത സ. എം. വി. രാഘവനടക്കമുള്ള ആളുകളെ പുറത്താക്കിയിരിക്കുകയാണ്. അവരെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു കമാൻഡ് ഏരിയ ഉണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. എം. എം. ഹസ്സൻ : ശ്രീ. ബെന്നിബഹനാന് ഒരു കാര്യമറിയാമോ? ഈ ഇടതുപക്ഷ മുന്നണിയുടെ സുപ്രീം കമാൻഡ് എന്നു പറയുന്നത് സ. അച്യുതാനന്ദനാണ്. ആ സുപ്രീം കമാൻഡ് ഏരിയായിൽ ജനതാപാർട്ടി വരാത്തതുകൊണ്ട് ജനതാപാർട്ടി ഒരു നപുംസക പാർട്ടിയാണെന്നും ആ കമാൻഡ് ഏരിയായിൽനിന്നും പുറത്താക്കിയിരിക്കുകയാണെന്നുമുള്ള വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, സാധാരണ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചാൽ അതു പറഞ്ഞുതീർക്കുന്നതുവരെയെങ്കിലും നില്ക്കണം. സർ, ഇവിടെ കമാൻഡ് ഏരിയാ എന്നുള്ളതിനെക്കുറിച്ച് ശ്രീ. കൃഷ്ണൻകുട്ടി ഒരു ചോദ്യം ചോദിച്ചുപോയി. നിങ്ങളും കമാൻഡ് ഏരിയായിലാണോയെന്നു ശ്രീ. കൃഷ്ണൻകുട്ടി ചോദിച്ചു. ഏതു നിയമസഭാസമ്മേളനം നടന്നാലും അപ്രസക്തമായി മാർക്സിസ്റ്റു പാർട്ടിയിലെ സ. അച്ചുതാനന്ദനേയും സ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെയുംകുറിച്ച് ഇങ്ങനെ അപ്രസക്തമായ വിധത്തിൽ പരാമർശം നടത്തുന്നത് ഓർഡറിലാണോ? പ്രത്യേകിച്ചും ബില്ലിന്റെ ചർച്ചാവേളയിൽ. ഞങ്ങൾക്ക് അതിനു മറുപടി പറയാനുള്ള സമയം അനുവദിക്കുമോ? ഞങ്ങളും ഈ ബില്ലിനെപ്പറ്റി ചർച്ച ചെയ്യാൻ വന്നവരാണ്.

മി. ചെയർമാൻ: ശ്രീമതി ഗൗരിയമ്മ പോയിന്റ് ഓഫ് ഓർഡർ പറയൂ.

ശ്രീമതി കെ. ആർ. ഗൗരി: സർ, ആ നിലയിൽ ഇത് ഓർഡറിലാണോ? ഇതുപോലുള്ള സംഗതികളും ഈ നിയമസഭയിൽ അനാവശ്യമായി വന്നാൽ നിയമസഭ പ്രൊസീഡിംഗ്സിൽ നിന്നും മാറ്റുന്നതിന് അങ്ങ് ഉത്തരവ് കൊടുക്കുമോ?

ശ്രീ. എം. എം. ഹസ്സൻ: സർ, അങ്ങയുടെ റൂളിംഗിനു മുൻപ് എനിക്കുകൂടി ഒരു കാര്യം പറയാനുണ്ട്.....

(ബഹളം).....

ശ്രീ. എ. സി. ജോസ്: സർ, സ. നമ്പൂതിരിപ്പാടും സ. അച്ചുതാനന്ദനും അപ്രസക്തമാണെന്നാണ് പറയുന്നത്.

മി. ചെയർമാൻ: മാർക്സിസ്റ്റ് പാർട്ടിയും സ. അച്ചുതാനന്ദനും അപ്രസക്തമാണെന്നു കരുതുന്നില്ല. ഇവിടെ എല്ലാ ആളുകളും ഇതുപോലുള്ള ചർച്ചാവേളയിൽ.....

ശ്രീമതി കെ. ആർ. ഗൗരി: സ്പീക്കർ സ്ഥാനത്തിരുന്നു സംസാരിക്കുമ്പോൾ ഞാൻ സംസാരിച്ചതിനു മറുപടി പറയണം.

മി. ചെയർമാൻ: ഇവിടെ ഇതുപോലുള്ള ചർച്ചകളിൽ, ബില്ലിനെപ്പറ്റിയുള്ള ചർച്ചകളിൽ ഇതുപോലുള്ള ചോദ്യങ്ങൾ ചോദിക്കാറുണ്ട്. വഴങ്ങുന്നെങ്കിൽ മറുപടി പറയാറുമുണ്ട്. ഇത് ഒരു പുതിയ കാര്യമൊന്നുമല്ല. ശ്രീമതി ഗൗരിയമ്മ ഈ സഭയിൽ എല്ലായ്പ്പോഴും ഇരിക്കുന്ന ഒരാളാണ്. ഇത് ഒരു പുതിയ കാര്യവുമല്ല.

ശ്രീ. ബെന്നിബഹനാൻ: സർ, ജലസംഭരണികളുടെ ആയക്കട്ടിന്റെ സമഗ്രമായ വികസനത്തെക്കുറിച്ച് പ്രതിപാദിക്കുന്ന ഒരു ബില്ലാണിത്. ഞാൻ ഈ ബില്ലിന്റെ ആയക്കട്ടിനകത്ത് ഒതുങ്ങിനിന്ന് സംസാരിക്കാൻ തയ്യാറാണ്. ശ്രീ. കൃഷ്ണൻകുട്ടി ചോദിച്ചതുകൊണ്ട് ഞാൻ മറുപടി പറയുന്നു. ജനതാപാർട്ടി മാത്രമല്ല കമ്മ്യൂണിസ്റ്റ് പാർട്ടിക്കുവേണ്ടി കാലാകാലങ്ങളിൽ പണിയെടുക്കാൻ പോയ സ. പി. വി. കുഞ്ഞിക്കണ്ണൻ പോലുള്ളവരെ ഈ കമാൻഡ് ഏരിയായിൽനിന്ന് പുറത്താക്കാൻ പോകുന്നുവെന്നാണ് കേട്ടത്.

സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ബില്ല് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത്, ഒരു യൂണിറ്റ് വെള്ളത്തിൽനിന്ന് പരമാവധി ഉല്പാദനം, ഒരു യൂണിറ്റ് ഭൂമിയിൽനിന്ന് പരമാവധി ഉല്പാദനം എന്നുള്ള മുദ്രാവാക്യമാണ്. അദ്ധ്വാന വർഗ്ഗത്തിനുവേണ്ടി എല്ലാ കാലഘട്ടത്തിലും ശബ്ദിക്കുന്ന ശ്രീ. കെ. എം. മാണിയാണ് ഒരു യൂണിറ്റ്.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ : ഇവിടെ ഈ കാര്യമൊക്കെ പറഞ്ഞല്ലോ, പഴയ ജലസേചനവകുപ്പുമന്ത്രി ശ്രീ. എം. പി. ഗംഗാധരൻ ഡൽഹിയിൽ പോയി ഞങ്ങളുടെ നേതാവിനെ കണ്ടു. അതിനെക്കുറിച്ചുകൂടി പറയാമോ ?

ശ്രീ. എം. എം. ഹസ്സൻ : സർ, ഞങ്ങടെ വേണമെങ്കിൽ പറയാം. ശ്രീമതി ഗൗരിയമ്മയുടെ പാർട്ടിയിൽപ്പെട്ട ആൾ വളരെ പ്രസക്തമായ ഒരു ചോദ്യം ചോദിച്ചിരിക്കുന്നു. അതുകൊണ്ട് മറുപടി പറയാൻ അങ്ങ് അനുവദിക്കണം. ഈ ബില്ലിന്റെ ചർച്ചയുടെ പരിധിയിൽപ്പെട്ട ഒരു ചോദ്യമാണ് ശ്രീമതി ഗൗരിയമ്മയുടെ പാർട്ടിയിൽപ്പെട്ട ആൾ ചോദിച്ചിരിക്കുന്നത്. അതിനു മറുപടി പറയണം.

ശ്രീ. എ. സി. ജോസ് : ശ്രീ. നമ്പൂതിരിപ്പാടും ശ്രീ. അച്ചുതാനന്ദനും അപ്രസക്തമാണെങ്കിലും വളരെ പ്രസക്തമായ ഒരു ചോദ്യം അവിടെ ചോദിച്ചതിനു മറുപടി പറയാൻ അനുവദിക്കണം. സർ, ഗൗരിയമ്മയുടെ അഭിപ്രായത്തിൽ അപ്രസക്തമല്ല, ഇത് പ്രസക്തമാണ്.

മി. ചെയർമാൻ : ഈ വിഷയവുമായി ബന്ധപ്പെട്ട കാര്യത്തെപ്പറ്റി മാത്രം ബഹുമാനപ്പെട്ട അംഗങ്ങൾ സംസാരിച്ചാൽ ഈ വിവാദങ്ങളൊക്കെ ഒഴിവാക്കാം. ഈ വിഷയത്തെപ്പറ്റി മാത്രം സംസാരിച്ചാൽ മതി. എല്ലാവരും കൂടി സംസാരിച്ചാൽ പറ്റുകയില്ല. വിഷയത്തെപ്പറ്റി സംസാരിക്കണം.

ശ്രീ. ബെന്നിബെഹനാൻ : സർ, ഞാൻ എന്നോട് ചോദിച്ച ചോദ്യത്തിനു മറുപടി പറയുകയാണ്. ഞാൻ ബില്ലിന്റെ പരിധിയിൽ നിന്നുകൊണ്ട് പറയുന്നു. ശ്രീ. എം. പി. ഗംഗാധരൻ പോയത് ആദർശത്തിനുവേണ്ടി ദാഹിച്ചിരുന്നു സ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന് ദാഹജലം കൊടുക്കാനായിരിക്കണം. അത് എനിക്കറിയില്ല. അങ്ങേഹം മറുപടി പറഞ്ഞുകൊള്ളും. സർ, ബഹുമാനപ്പെട്ട മന്ത്രി നേരത്തെ സൂചിപ്പിച്ചിരുന്നതുപോലെ ഒരു യൂണിറ്റ് വെള്ളത്തിൽനിന്നും പരമാവധി ഉല്പാദനം ഒരു യൂണിറ്റ് ഭൂമിയിൽനിന്നും പരമാവധി ഉല്പാദനമെന്ന മുദ്രാവാക്യം പ്രാവർത്തികമാക്കണം.

ഇന്ന് നമ്മൾ 10 ജലസേചന പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിനുമുൾപ്പെടെ പ്രയോജനം കിട്ടുന്ന പെരിയാർ വാലി പദ്ധതി പൂർത്തീകരിച്ചിട്ട് വളരെ വർഷമായി. വർഷങ്ങൾക്കു മുൻപ് ഈ പദ്ധതി രൂപീകരിച്ചെങ്കിലും വെള്ളമെത്തിക്കുമെന്നുപറഞ്ഞ പല പ്രദേശങ്ങളിലും വെള്ളം എത്തിക്കാൻ കഴിയുന്നില്ല. എന്നു മാത്രമല്ല സംഭരണികളിൽ നിന്നും വളരെയധികം വെള്ളം ഇന്ന് ചോർന്നു പോയിക്കൊണ്ടിരിക്കുന്നു. സംഭരണിയിൽനിന്നു മാത്രമല്ല, നമുക്കറിയാം, ഇന്ന് പെരിയാർവാലി കനാലിന്റെ ഡിസ്ട്രിബ്യൂട്ടറി കനാലിന്റെ സൈഡ് വേണ്ടത്ര രീതിയിൽ കെട്ടുകയോ അതു സംരക്ഷിക്കുകയോ ചെയ്യാത്തതുമൂലം ആവശ്യത്തിനു വെള്ളമൊഴുകുന്നില്ല. പെരിയാർവാലിയിൽ ഒരു കാലഘട്ടത്തിൽ കോൺക്രീറ്റ് സ്ലാബുകൾ കെട്ടികൊണ്ട് ഈ കനാലുകൾ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അതിപ്പോൾ പരാജയപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് നമുക്ക് ഇന്ന് നിലവിലുള്ള ഈ സംഭരണികളിൽനിന്നും ഓരോ തുള്ളി ജലവും പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കണം. അതുപോലെതന്നെ നമ്മുടെ രാജ്യത്തെ ഏറ്റവും വലിയ ജലസേചന പദ്ധതികൊണ്ട് പ്രയോജനമുണ്ടാകുന്നതുപോലെ ഏറ്റവും കൂടുതൽ ചെറുകിട കർഷകർക്ക് പ്രയോജനം കിട്ടുന്ന ഒന്നാണ് നമ്മുടെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി. ഓരോ പ്രദേശമെടുത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾകൂടി ഇന്ന് ഈ കമാൻറ് ഏരിയായുടെ പരിധിയിൽപെടുത്തണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്, ഇന്ന് വലിയ വലിയ ജലസംഭരണികളെ മൊത്തത്തിൽ എടുത്താൽ ഈ ലിഫ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ഇറിഗേഷൻ പദ്ധതികൊണ്ട് വളരെയേറെ കൃഷിക്കാർക്കു പ്രയോജനമുണ്ടാകും. ഇത് നമുക്കറിയാം ഏതു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികനാലുകൾ എടുത്തു നോക്കിയാലും അവയിലുള്ള കനാലുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. ഡിസ്ട്രിബ്യൂട്ടറികളിൽനിന്നും പോകുന്ന ഈ കനാലിൽനിന്നും മോട്ടോർവച്ച് വെള്ളമടിക്കാൻ പാടില്ല എന്നുള്ള നിബന്ധനയുണ്ടെങ്കിൽപോലും പല മേഖലകളിലും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഡിസ്ട്രിബ്യൂട്ടറികളിൽനിന്നും വെള്ളം മോട്ടോർവച്ച് അടിക്കുകയും അതിന്റെ ഫലമായി ആവശ്യമായ കർഷകർക്ക് അതിന്റെ പ്രയോജനം ലഭിക്കാത്ത സ്ഥിതിവിശേഷമുണ്ടാവുകയും ചെയ്യുന്നുണ്ട്. ഇതിന്റെ ശിക്ഷണനടപടികളെക്കുറിച്ച് നാം ചിന്തിക്കണം. കർശനമായ ശിക്ഷണനടപടികളും പ്രാവർത്തികമാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. പലപ്പോഴും വെള്ളം ദുർവിനിയോഗം ചെയ്യുന്ന ഒരു പ്രവണതയുണ്ട്. കൃഷിക്കാവശ്യത്തിനുവേണ്ടി മാത്രമല്ല വെള്ളം തുറന്നുവിട്ട് അല്ലെങ്കിൽ പമ്പ് ഉപയോഗിച്ച് വെള്ളമടിച്ച് ദുർവിനിയോഗം ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു പ്രവണത നമ്മുടെ നാട്ടിലെ എല്ലാ ജലസേചന പദ്ധതികളിലും കാണാൻ സാധിക്കും. അത്തരം പ്രവണതകളും അവസാനിപ്പിക്കണം. അതിനുവേണ്ടി വളരെ കർശനമായി നടപടികളും സ്വീകരിക്കണമെന്നാണ് എനിക്കു സൂചിപ്പിക്കുവാനുള്ളത്.

അതുപോലെതന്നെ ഈ പദ്ധതിയുടെ പ്രാധാന്യത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. കൃഷി രംഗത്തുള്ള വിവിധ വകുപ്പുകളും വിവിധ ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ചുകൊണ്ട് മുന്നോട്ടു കൊണ്ടു പോകുകയെന്നുള്ളത് വളരെ അത്യന്താപേക്ഷിതമായ ഒരു കാര്യമാണ്. ഇന്ന് കാർഷിക രംഗമെടുത്താൽ അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റുണ്ട്—ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുണ്ട്—കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റുണ്ട്—അനിമൽ ഹസ്ബെൻട്രിയുണ്ട്—ഡെയറി ഡവലപ്മെന്റുണ്ട്—മണ്ണ് പരിശോധന തുടങ്ങിയിട്ടുള്ള ഒട്ടേറെ കാര്യങ്ങളും ഈ കമാൻഡ് ഏരിയായുടെ കീഴിലുണ്ട്.

അടുത്തതായി ഇലക്ട്രിസിറ്റിയുടെ കാര്യമെടുക്കാം. ഇലക്ട്രിസിറ്റി വളരെ പ്രധാനപ്പെട്ട ഒരു ഘടകമാണ്. എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ രണ്ടു മൂന്നു വർഷമായി കെട്ടുതാലിപോലും പണയം വച്ച് മോട്ടോർ വാങ്ങി ഇലക്ട്രിസിറ്റി ബോർഡ് പറയുന്ന മുഴുവൻ നിബന്ധനകളും പൂർത്തീകരിച്ച് കണക്ഷനുവേണ്ടി കാത്തിരിക്കുന്ന എത്രയോ കർഷകരുണ്ട്. അവർക്ക് കണക്ഷൻ കൊടുക്കണമെന്ന് നിരന്തരമായി എം.എൽ.എ. ഉൾപ്പെടെയുള്ള ആളുകൾ ആവശ്യപ്പെട്ടിട്ട് കണക്ഷൻ കൊടുക്കാൻ ഇവിടുത്തെ ബോർഡ് തയ്യാറാവുന്നില്ല. ബഹുമാനപ്പെട്ട മുഹമ്മദാലി രാവിലെ ഇവിടെ ഒരു കാളിംഗ് അറന്റൻഷൻ നടത്തി. ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. ഇത് കൃഷിക്കാരുടെ ആവശ്യമാണെന്നു കണക്കാക്കി എല്ലാ വകുപ്പുകളേയും പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ട് ഈ അതോറിറ്റിയുടെ പരിധിയിൽ കൊണ്ടുവരണം. ചെറുകിട കർഷകർ മോട്ടോറും വച്ച് ഇലക്ട്രിസിറ്റി കണക്ഷനു വേണ്ടി കാത്തിരിക്കുന്ന ഒരു സ്ഥിതിയാണ് ഇന്ന് പലയിടത്തുമുള്ളത്. മോട്ടോർ തുരുമ്പു പിടിച്ചിട്ടു പോലും അവർക്ക് കണക്ഷൻ കൊടുക്കാൻ കഴിയുന്നില്ല. ഈ ബ്യൂറോക്രസി ഒന്ന് അവസാനിപ്പിക്കണം.

അതുപോലെതന്നെ നമ്മുടെ കാർഷിക രംഗവുമായി ബന്ധപ്പെട്ടിരിക്കുന്ന അഗ്രികൾച്ചർ ഡിപ്പാർട്ടുമെന്റിലേയും, മറ്റ് കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ടുമെന്റിലേയും സഹകരണ കാർഷിക രംഗത്തേയും കുറിച്ചൊക്കെ ബഹുമാനപ്പെട്ട ഉണ്ണിച്ചേട്ടൻ പറഞ്ഞു. ഞാൻ അതിലേക്ക് കടക്കാൻ ആഗ്രഹിക്കുന്നില്ല. സഹകരണ രംഗവും, അതുപോലെതന്നെ നമ്മുടെ അനിമൽ ഹസ്ബെൻട്രിയും, ഡയറി ഡെവലപ്മെന്റ് യൂണിറ്റുകളും ഇതുമായി ബന്ധപ്പെട്ട് കഴിയുന്നതാണ്. ഇങ്ങനെ മൊത്തത്തിൽ നമ്മുടെ ഡവലപ്പ്മെന്റ് ഏരിയ

LIBRARY ARCHIVES Kerala Legislative Assembly

എടുത്താൽ, അല്ലെങ്കിൽ ഭൂപ്രദേശമെടുത്താൽ. ആ ഭൂപ്രദേശത്തുനിന്നും ഒരു കൃഷിക്കാരന് പല വിധത്തിൽ അവനു ഏറ്റവും കൂടുതൽ പ്രയോജനം കിട്ടത്തക്കവിധത്തിൽ അവന്റെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികളും ഈ രംഗത്തു സ്വീകരിക്കുതിനു വേണ്ടിയിട്ടുള്ള നിബന്ധനകളും ഈ വകുപ്പിൽ എഴുതി ചേർക്കണമെന്നാണു എനിക്കു സൂചിപ്പിക്കാനുള്ളതു.

അതുപോലെതന്നെ വളരെ പ്രധാനപ്പെട്ട ഒന്നാണു മണ്ണു പരിശോധന. നമ്മുടെ കൃഷിക്കാർക്കു പലപ്പോഴും വേണ്ടത്ര ജ്ഞാനം ഈ രംഗത്തില്ല. അതിനു വേണ്ട സൗകര്യവുമില്ല. അതുകൊണ്ടു അതിനുവേണ്ടി മൊബൈൽ സോയിൽ യൂണിറ്റുകളൊക്കെയുണ്ടെന്നാണു നാം മനസ്സിലാക്കിയിട്ടുള്ളതു. പക്ഷേ അതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി മാറ്റാൻ കഴിഞ്ഞിട്ടുണ്ടോയെന്നുള്ളതു സംശയമാണു. ഇന്നത്തെ ആധുനിക രീതിയിലുള്ള പല കൃഷി രീതികളും നടപ്പാക്കണമെങ്കിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണു മണ്ണു പരിശോധന. അതിനുവേണ്ടിയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക അങ്ങനെ കഷ്ടപ്പാടിലും നെടുവീർപ്പിലും നട്ടംതിരിയുന്ന കേരളത്തിലെ കർഷകരെ സമഗ്രമായി ഉയർത്തിക്കൊണ്ടു വരുന്നതിനുവേണ്ടി നേരത്തേ പല ബഹുമാനപ്പെട്ട അംഗങ്ങളും സൂചിപ്പിച്ച നിർദ്ദേശങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടു ഈ ബില്ലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം. പല സന്ദർഭങ്ങളിലും കാർഷിക രംഗത്തു മാറ്റം വരുത്തുന്നതിനുവേണ്ടി ആത്മാർത്ഥമായി ശബ്ദിക്കാൻ കഴിഞ്ഞിട്ടുള്ള ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണി ഈ ബില്ലിനു അവസാനം രൂപം നൽകുമ്പോൾ ഈ പറഞ്ഞ കാര്യങ്ങൾകൂടി കണക്കിലെടുത്തുകൊണ്ടു കൃഷിക്കാർക്കു വളരെ അനുഗ്രഹമായി ഈ ബില്ലു മാറണമെന്നു സൂചിപ്പിച്ചുകൊണ്ടു ഒരിക്കൽ കൂടി ഞാൻ ഇതിനെ അനുകൂലിക്കുന്നു.

സർ, ഈ ബില്ലു ഒരു ഓർഡിനൻസായി 1985 ജനുവരിയിൽ നമ്മുടെ ബഹുമാനപ്പെട്ട ഗവർണ്ണർ വിളമ്പരം ചെയ്തതാണു. ആ ഓർഡിനൻസു ബില്ലാക്കി സഭയിൽ അവതരിപ്പിക്കാനും, അതു നിയമമാക്കാനും വളരെയേറെ സന്ദർഭങ്ങളുണ്ടായിരുന്നു. ആറു തവണ നിയമസഭ ഈ ഓർഡിനൻസു വിളമ്പരം ചെയ്തതിനുശേഷം കൂടിയിട്ടുണ്ടു. ഈ നിയമസഭ സമ്മേളനങ്ങളിലൊന്നും തന്നെ ഇതു ബില്ലാക്കി അവതരിപ്പിക്കാനോ, പാസ്സാക്കാനോ ഉള്ള ആത്മാർത്ഥത ഈ സർക്കാർ കാണിച്ചില്ല. കർഷകരോടുള്ള സ്നേഹം കൊണ്ടാണു ഇതു ഓർഡിനൻസായി 1985 ജനുവരി മാസം 11-ാം തീയതി ഗവർണ്ണർ വിളമ്പരം ചെയ്തതെന്നു നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി സ്റ്റേറ്റു മെന്റു ഓഫ് ഒബ്ജക്റ്റിൽ പറഞ്ഞിട്ടുണ്ടു. കൃഷിക്കാരെ സഹായിക്കാൻ കൃഷിക്കാരോടുള്ള സ്നേഹം കൊണ്ടു ഇത്ര ധൃതി പിടിച്ചു ഈ വിളമ്പരം നടത്തിയിട്ടു ഒരു ഓർഡിനൻസു പുറപ്പെടുവിച്ചു നമ്മുടെ സംസ്ഥാനത്തെ കൃഷിക്കാരെ മുഴുവനെങ്കിലും, അല്ലെങ്കിൽ കർഷക സമിതികളെ-അല്ലെങ്കിൽ, സംഘടനകളെ ഇതിനാലകം ക്ഷണിക്കുന്നതിന്-അവരുടെ അഭിപ്രായങ്ങൾ ആരായുന്നതിനു ഈ ബില്ലു നിയമമാക്കി നടപ്പിലാക്കുമ്പോൾ കർഷകർക്കു എങ്ങനെ പ്രയോജനമുണ്ടു എന്നുള്ളതിനെ സംബന്ധിച്ചു അവരിൽ നിന്നു നിർദ്ദേശങ്ങളും, ഉപദേശങ്ങളും ലഭിക്കുന്നതിനോ' യാതൊരുവിധ ഏർപ്പാടുകളും ഈ മന്ത്രി ചെയ്തിട്ടില്ല ഇതുപോലെയുള്ള പത്തു മുപ്പതു ഓർഡിനൻസുകളും നമ്മുടെ ഈ നിയമസഭയിൽ നമ്മുടെ ബഹുമാനപ്പെട്ട ഗവർണ്ണർ വിളമ്പരം ചെയ്തിട്ടുണ്ടു. ഓർഡിനൻസു ഭരണമാണു നമ്മുടെ സംസ്ഥാനത്തു നടക്കുന്നതു എന്നതു തർക്കമറ്റ കാര്യമാണു. ഈ നിയമസഭയ്ക്കകത്തും പുറത്തും പറയുന്ന ഒരു വസ്തുതയാണിത". ഈ ഓർഡിനൻസു ഭരണം അവസാനിച്ചു കാണണമെന്നു സർക്കാർ ഇപ്പോൾ ഉദ്ദേശിച്ചതു തെരഞ്ഞെടുപ്പു ഭയന്നു പോകുന്നതുകൊണ്ടാണെന്നു നമുക്കെല്ലാവർക്കും അറിയാവുന്നതാണു. അതിനു

LIBRARY ARCHIVES Kerala Legislative Assembly

മുൻപ് രാഷ്ട്രീയമായി ജനങ്ങളെ നേരിടുമ്പോഴും ജനങ്ങളും അഭിമുഖീകരിക്കുന്ന പല പ്രധാനപ്പെട്ട പ്രശ്നങ്ങൾക്കും മറുപടി പറയാൻ ഈ സർക്കാരിന് ബുദ്ധിമുട്ടുണ്ടാകും എന്നുള്ളതുകൊണ്ടുതന്നെയാണ് ഇത്തരം ഓർഡിനൻസുകൾ ബില്ലാക്കി നിയമമാക്കിയെടുക്കാൻ ഇപ്പോഴും ഈ നിയമസഭ വിളിച്ചുകൂട്ടിയിട്ടുള്ളത്. സർ, ഈ ബില്ലിൽ പറയുന്ന പല വ്യവസ്ഥകളും നമ്മുടെ കർഷകരെ സംബന്ധിച്ചിടത്തോളം കാര്യമായി അവർക്ക് പ്രയോജനം ചെയ്യുമെന്നുള്ള കാര്യത്തിൽ എനിക്ക് വിശ്വാസമില്ല. തമ്മുടെ സംസ്ഥാനത്തെ നെൽക്കൃഷിക്കാരായാലും, മറ്റ് നാണ്യ വിളകളും കൃഷി ചെയ്യുന്നവരായാലും ആ കൃഷിക്കാർക്ക് പ്രയോജനപ്പെടുന്ന ഒരു പദ്ധതിയാണ് എന്നാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. നടപ്പിലാക്കിയിട്ടുള്ള ഇറിഗേഷൻ പദ്ധതികളും വളരെ ചുരുക്കമാണ്. നമ്മുടെ സംസ്ഥാനം ധാരാളം ജലസമ്പത്തുള്ള ഒരു സംസ്ഥാനമാണ്. വരൾച്ചകൊണ്ട് കൃഷി നശിച്ചുകൊണ്ടിരിക്കുന്ന ഒരു സംസ്ഥാനവും കൂടിയാണ്. ധാരാളം ജലസമ്പത്തുള്ള നമ്മുടെ സംസ്ഥാനത്തെ ജലം സംഭരിച്ച് കൃഷിക്കാർക്ക് യഥാസമയം വിതരണം നടത്തി കാർഷികോൽപന്നങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും ക്രിയാത്മകമായ നടപടികളും ഈ സർക്കാർ ഇതുവരെ സ്വീകരിച്ചിട്ടില്ല അതാണ് അനുഭവം. പല ജലസേചന പദ്ധതികളും സാമ്പത്തിക ശേഷിയില്ലാത്തതുകൊണ്ട് ഇന്ന് മുടങ്ങിക്കിടപ്പാണ്. അവ തുടർന്നു നടത്താൻപോലും നിർവ്വാഹമില്ലാത്ത സ്ഥിതിയിലാണ്. തിരുവനന്തപുരം ജില്ലയിൽ തന്നെ വാമനപുരം ഇറിഗേഷൻ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റിന്റെ അനുമതി കിട്ടിയിട്ടുപോലും ആ പദ്ധതി ആരംഭിക്കാൻ സാമ്പത്തിക ശേഷിയില്ലാത്തതുകൊണ്ട് സാധിക്കുന്നില്ല. കുറേ ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടുണ്ടെന്ന് മാത്രം. എന്നാൽ ഇതുപോലെയുള്ള ഇറിഗേഷൻ പദ്ധതികളുള്ള പ്രദേശങ്ങളിലും ഇനി നടപ്പിലാക്കാൻ പോകുന്നിടത്തെല്ലാം തന്നെ ഒരു ഭൂരിപക്ഷം ജനങ്ങളെ ഒഴിവാക്കിക്കൊണ്ടുള്ള പദ്ധതികളാണ് പലയിടത്തുമുള്ളത്. ഉദാഹരണമായി ഈ ജില്ലയിലെ വാമനപുരം പദ്ധതി. ആ പദ്ധതി കൊണ്ട് ഈ ജില്ലയിലെ ധാരാളം കൃഷിക്കാർക്ക് പ്രയോജനം ലഭിക്കാതെ പോകുന്നുവെന്നുള്ള വസ്തുത നമ്മുടെ സർക്കാർ ഇതുവരെ കണക്കിലെടുത്തിട്ടില്ല. പദ്ധതികൾ നടപ്പിലാക്കിയതുപോലും അതിന്റെ ആയക്കെട്ടിൽ വരേണ്ടുന്ന ജനങ്ങളെ മനഃപൂർവ്വമായി ഒഴിവാക്കിക്കൊണ്ടാണ് എന്റെ മണ്ഡലം ഉൾപ്പെടെ ധാരാളം കൃഷിക്കാരെ ഒഴിവാക്കിയിട്ടുണ്ട്. കിളിമാനൂർ, വർക്കല തുടങ്ങിയുള്ള പ്രദേശങ്ങളിൽ, ലക്ഷക്കണക്കിന് ആളുകൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ ആ പദ്ധതിയുടെ കീഴിൽ വരുന്നില്ല.

അതുപോലെതന്നെ കൊല്ലം ജില്ലയിൽ നമ്മൾ ഇപ്പോൾ കമ്മിഷൻ ചെയ്തു നടപ്പാക്കിക്കൊണ്ടിരിക്കുന്ന കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലും വരുന്നില്ല. അങ്ങനെ പദ്ധതിയുള്ളിടത്തും പദ്ധതി ആരംഭിക്കാൻ പോകുന്നിടത്തും, ധാരാളം കൃഷിക്കാരെ ഒഴിവാക്കിയിരിക്കുകയാണ്. ഈ ബിൽ നിയമം ആക്കി പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആ ഭൂരിപക്ഷം വരുന്ന കൃഷിക്കാരെ എങ്ങനെ സഹായിക്കാൻ കഴിയും എന്നത് ഒരു പ്രസക്തമായ ചോദ്യമാണ്. അതിന് മറുപടി പറയാൻ സർക്കാരിന് കഴിയുമോ ? അവരെ ഈ പദ്ധതികളിൽ ഉൾപ്പെടുത്താൻ മറ്റ് ധാരാളം സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ട എന്നാണ് ഞങ്ങളുടെയൊക്കെ അന്വേഷണത്തിൽ മനസ്സിലാക്കാൻ കഴിയുന്നത്. എന്നാൽ ആ സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കിക്കൂടെ? ആ സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ മനസ്സിരുത്തി ശ്രമിച്ചാൽ കഴിയും. പക്ഷെ നമ്മൾ ഇപ്പോൾ ഉദ്ദേശിക്കുന്ന സാമ്പത്തികശേഷി പോരാ എന്നാണ് അവർ അതിന് പറയുന്ന മറുപടി. എന്തായാലും ഈ ഒരു ബിൽ നിയമം ആക്കിയാൽ നമ്മുടെ നാട്ടിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഇറിഗേഷൻ പദ്ധതികളുടെ കീഴിൽ പ്രവർത്തിക്കുന്ന ഇപ്പോഴുള്ള കൃഷിക്കാരെ മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെ സഹായിക്കാൻ കഴിയും എന്നുള്ളത് ആലോചിക്കുകയും, ഈ നിയമത്തിന്റെ പരിധിയിൽ അവരെ കൊണ്ടുവരികയും ചെയ്യണം. കുഴൽക്കിണർ കുഴിച്ചാലും അതും ആ ഇറിഗേഷൻ സ്കീമിന്റെ ആയക്കെട്ടിൽ വരുന്ന ആളുകൾക്ക് പ്രയോജനപ്പെടുന്ന രീതിയിലാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. ട്യൂബ്‌വെൽ കുഴിച്ച് അതിൽനിന്നുള്ള വെള്ളം ഈ കൃഷിക്കാർക്ക് വിതരണം ചെയ്യേണ്ടതാണ്. നമ്മുടെ നാട്ടിൽ ധാരാളം തോടുകളുണ്ട്. അതുപോലെ തന്നെ കുളങ്ങളുണ്ട്. ഇവിടങ്ങളിൽ നിന്നെല്ലാം വെള്ളം എടുത്ത് ഈ കൃഷിക്കാരെ സഹായിക്കണമെന്ന കാര്യം, ട്യൂബ് വെല്ലുകളുടെ കാര്യം പോലെ എടുത്ത് പറയുന്നില്ല ഇതിൽ. തോടുകളിലെയും കുളങ്ങളിലെയും വെള്ളം കൊണ്ട് കൊച്ചു കൃഷിക്കാരെ എങ്ങനെ സഹായിക്കാം എന്നുള്ളതിനെക്കുറിച്ച് പ്രത്യേകിച്ച് ബില്ലിൽ എടുത്ത് പറഞ്ഞിട്ടില്ല. ഈ തോടുകളും, കുളങ്ങളും, ട്യൂബു വെല്ലുകളും തുടങ്ങിയുള്ള വാട്ടർ സോഴ്സിൽ നിന്നും വെള്ളം മറ്റുള്ള കൃഷിക്കാർക്കും എത്തിക്കാനുള്ള സൗകര്യം ഉണ്ടാക്കേണ്ടതാണ്. ഈ നിയമത്തിൽ നിന്നും ഒഴിവാക്കി നിർത്തുന്ന കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ആ കൃഷിക്കാരെ സഹായിക്കാനും പരമാവധി ഉൽപ്പന്നം ഉൽപ്പാദിപ്പിക്കുവാനും ഈ തോട്ടിൽനിന്നും കുളങ്ങളിൽനിന്നും ട്യൂബു വെല്ലുകളിൽ നിന്നുമുള്ള വെള്ളം ഉപയോഗിക്കാനുള്ള സൗകര്യമുണ്ടാക്കിക്കൊടുക്കണം. ഉദാഹരണമായി വാമനപുരം പദ്ധതി നടപ്പാക്കി കഴിയുമ്പോൾ ഒഴിവാക്കപ്പെടുന്ന പ്രദേശങ്ങളിലെ, ഈ പ്രയോജനം കിട്ടാത്ത കൃഷിക്കാർക്ക് ഇതുപോലുള്ള ട്യൂബു വെല്ലുകളും കുഴിച്ചും തോടുകളും മുഖേനയും, കുളങ്ങളിൽ നിന്നും വെള്ളം എടുത്ത് വിതരണം നടത്തണമെന്ന് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തുകൂടെ? ആ വ്യവസ്ഥ ചെയ്യണം എന്നാണ് എന്റെ അഭിപ്രായം. അതുപോലെ തന്നെ ബാങ്കിൽ നിന്നും സഹകരണ സംഘങ്ങളിൽനിന്നും ഒക്കെ കൃഷിക്കാർക്ക് വായ്പ നൽകി സഹായിക്കും എന്ന് പറയുന്നുണ്ട്. നമ്മുടെ സംസ്ഥാനം ഒരു കമ്മി സംസ്ഥാനമാണല്ലോ. കൃഷിക്കാരെ സഹായിക്കാൻ നമ്മൾ എന്ത് നടപടി സ്വീകരിച്ചാലും നെൽക്കൃഷിക്കാരെ മറന്നുപോകാൻ സാദ്ധ്യമല്ല. അന്യ സംസ്ഥാനങ്ങളെ മാത്രം ആശ്രയിച്ച നമ്മുടെ നാട്ടിലെ ജനങ്ങൾ അരി ആഹാരത്തിന് വേണ്ടി ആഗ്രഹിക്കുമ്പോൾ നെൽകൃഷിക്ക് മുൻഗണന കൊടുക്കുന്നതുപോലെയുള്ള പരിപാടികൾ നടപ്പിലാക്കേണ്ടതുണ്ട്. ഈ നെൽകൃഷിക്കാരെ സഹായിക്കാൻവേണ്ടി ഇന്ന് എന്ത് പരിപാടിയാണുള്ളത്. സഹകരണസംഘങ്ങളിൽ നിന്നും ബാങ്കുകളിൽനിന്നും വായ്പ കിട്ടും എന്ന് നമുക്ക് വേണമെങ്കിൽ പറയാം. യഥാസമയം കിട്ടുന്നുണ്ടോ. യഥാസമയം വായ്പ കിട്ടുകയില്ല. വളം കിട്ടുകയില്ല, നല്ല വിത്ത് കിട്ടുകയില്ല. ഇതെല്ലാം ഉണ്ടായാലും കൃഷിക്കാർ ഉണ്ടാക്കുന്ന അവരുടെ ഉൽപ്പന്നങ്ങൾ ന്യായ വിലയ്ക്ക് വിറ്റഴിക്കുവാൻ കഴിയുന്നില്ല എന്നുള്ളത് ഒരു വസ്തുതയല്ലേ? ഈ ബില്ലിൽ എന്തുകൊണ്ട് കൃഷി ഡിപ്പാർട്ടുമെന്റും നിങ്ങളും യോജിച്ച്, സഹകരിച്ച് ഒരു ഇൻഷ്വറൻസ് സ്കീം ഏർപ്പെടുത്തുന്നില്ല. നെൽക്കൃഷി നശിച്ചുപോകുന്ന കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഒരു വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യം നമ്മൾ വളരെ നാളുകളായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ കൃഷി നശിക്കുന്ന കൃഷിക്കാർക്ക് എന്തെങ്കിലും വായ്പ കൊടുത്താൽ തിരിച്ചടയ്ക്കാൻ കഴിവില്ലാത്ത ആളുകൾക്ക് ഈ വിള ഇൻഷ്വറൻസ് പ്രയോജനപ്പെടും. എന്തുകൊണ്ട് ഈ ബില്ലിൽ അവരെ സംബന്ധിച്ചിടത്തോളം അവർക്ക് ആശ്വാസം നൽകാൻ കഴിയുന്ന വിധത്തിൽ വ്യവസ്ഥകൾ ഉൾപ്പെടുത്തി അവരെ സഹായിക്കുന്നില്ല. കൃഷിക്കാർക്ക് സമഗ്രമായ പദ്ധതി ഉണ്ടാക്കി, കൃഷിക്കാരെ സഹായിക്കാൻ വേണ്ടിയാണ്, ഉൽപ്പാദനം വർദ്ധിപ്പിക്കാൻ വേണ്ടിയാണ് ഈ ബിൽ അടിയന്തിരമായി പാസ്സാക്കുന്നത് എന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്. അങ്ങനെയാണെങ്കിൽ ഈ ഏജൻസി വഴി യഥാസമയം നെൽകൃഷിക്കാർ ഉൾപ്പെടെയുള്ള കൃഷി

LIBRARY ARCHIVES Kerala Legislative Assembly

ക്കാർക്ക് വായ്പ കിട്ടാനും വളം കിട്ടാനും വിത്ത് കിട്ടാനും കീടനാശിനികം ലഭിക്കാനും അതെല്ലാം കിട്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുമ്പോൾ ആ ഉല്പന്നം ന്യായവിലയ്ക്ക് വിറ്റഴിക്കാൻ ഉള്ള സംവിധാനവും ഇതോടൊപ്പം തന്നെ ഉണ്ടാ ക്കേണ്ടതാ ആവശ്യമാണ്. നെൽക്കൃഷിക്കാർക്കുവരെ ഷോർട്ട് ടേം ലോൺ ആണ് കൊടുക്കുന്നത്. അത് തിരിച്ചുകൊടുക്കണം, മുഴുവൻ തിരിച്ചുകൊടു ക്കണം. കൃഷി നശിച്ചാൽ എവിടുന്നാണ് തിരിച്ചുകൊടുക്കുന്നത്. തിരിച്ച ടയ്ക്കാൻ നിർവ്വാഹമില്ലാത്ത കൃഷിക്കാർക്ക് പിന്നീട് വായ്പ കൊടുത്ത് സഹായിക്കാൻ പറ്റുകയില്ല എന്നാണ് ഇതിൽപറഞ്ഞിട്ടുള്ളത്. ബാങ്കിൽ നിന്നും വായ്പ കൊടുത്താൽ തിരിച്ചടയ്ക്കാൻ കഴിഞ്ഞില്ലെങ്കിൽ ആ കൃഷിക്കാർക്ക് പിന്നെ സഹായം ഇല്ല എന്നാണ് ഇതിൽ പറഞ്ഞിട്ടുള്ളത്. അപ്പോൾ അതിന്റെ അർത്ഥം അടുത്ത കൃഷി അവൻ ചെയ്യണ്ട എന്നു തന്നെയാണ്. നമ്മുടെ നാട്ടിൽ ടൈപരിഷ്ക്കരണനിയമം നടപ്പിലാക്കിയതോടുകൂടി നമ്മുടെ ഭൂമി തുണ്ടു തുണ്ടാക്കിയിട്ടുണ്ട്. ഇങ്ങനെ തുണ്ടു ഭൂമിയുള്ള ആ ചെറുകിട കൃഷിക്കാർക്ക് അവരുടെ കുറ്റം കൊണ്ടല്ലാതെ ഇങ്ങനെ ഒരവസരം ഉണ്ടായാൽ, സാഹചര്യം ഉണ്ടായാൽ പ്രത്യേകമായി അവരെ സഹായിക്കാൻ വേണ്ടിയിട്ട്, അത് ലോങ്ങ് ടേം ലോൺ ആക്കി മാറ്റി അവരെ സഹായിക്കാൻ എന്തെങ്കിലും ഒരു വ്യവസ്ഥ ഈ ബില്ലിൽ ഞാൻ കാണുന്നില്ല. ഇങ്ങനെ ഒരു വകുപ്പ് ഇതിൽ ഉണ്ടാക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ തന്നെ ഈ ബില്ലിൽ മറ്റൊരു വ്യവസ്ഥയുണ്ട്. ഭൂമി പതിച്ചു കിട്ടാതെ ഭൂമിയിൽ താമസിക്കുന്ന ആളുകളും പലരും ഉണ്ട് നമ്മുടെ നാട്ടിൽ. അതിന് പട്ടയം കിട്ടാത്തത് അവ രുടെ കുറ്റമല്ല. പട്ടയത്തിനുവേണ്ടി വർഷങ്ങളായി അപേക്ഷ കൊടുത്ത് കാത്തി രിക്കുന്ന ആളുകളും ധാരാളം ഉണ്ട്. ഇങ്ങനെയുള്ള കർഷകരെ സംബന്ധിച്ചിട ത്തോളം ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന ആളുകൾക്ക് ഇതിന്റെ പ്രയോജനം കിട്ടുകയില്ല. അതിനുതന്നെയാണ് ഇതിൽ വ്യവസ്ഥ ചെയ്യേണ്ടത്. അങ്ങനെയാണെങ്കിൽ നമ്മുടെ നാട്ടിൽ എത്രയോ പാവപ്പെട്ട കൃഷിക്കാർ പട്ടയം ഇല്ലാത്ത കൃഷിക്കാർ അവർക്ക് ഈ ബില്ലിൽ പറയുന്ന യാതൊരു വ്യവസ്ഥ കളും പ്രയോജനപ്പെടുകയില്ല. ആയക്കെട്ടിലുള്ള ആളുകളെ സംബന്ധി ച്ചാണ് ഞാൻ പറയുന്നത്. ആയക്കെട്ടിലുള്ള കൃഷിക്കാരെ എല്ലാ വിധത്തിലും സഹായിക്കാൻ ഒരു പരിപാടി കൊണ്ടുവരുമ്പോൾ പട്ടയം അവരുടെ കുറ്റം കൊണ്ടല്ലാതെ കിട്ടാതെയിരുന്ന കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ആ കൃഷിക്കാർക്ക് ഈ നിയമത്തിന്റെ പ്രയോജനം കിട്ടുകയില്ല. അതിനുവേണ്ട മാറ്റം വരുത്തണം. അതുപോലെ തന്നെ കൃഷിക്കാരെ ശിക്ഷിക്കുന്ന വ്യവസ്ഥ എഴുതിവച്ചിട്ടുണ്ട്. ഈ സർക്കാർ കൃഷിക്കാരെ വിളിക്കുകയോ, അവരുടെ സമിതി കളുമായി ചർച്ച ചെയ്യുകയോ ഒന്നും ഇതുവരെ ചെയ്തിട്ടില്ല. എങ്ങനെ നടപ്പാ ക്കണം എന്നതിനെ സംബന്ധിച്ച് യാതൊരു രൂപവുമില്ല. ആകാശത്തുനിന്ന് വർത്തമാനം പറയുന്നതുപോലെയാണ് ഇപ്പോഴും സർക്കാർ പറയുന്നത്. പദ്ധതി നടപ്പാക്കി എന്നുള്ള സങ്കൽപ്പത്തിൽ കൃഷിക്കാരിൽ നിന്നു, കരം കൂടുതൽ ഈടാക്കും. എന്നാൽ അതേസമയം ഈ പദ്ധതികൊണ്ട് അവർക്ക് പ്രയോജനം ലഭിക്കാതെയിരിക്കുകയും ചെയ്യും. നമ്മുടെ നാട്ടിൽ ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിൽ ചെയ്യുന്നതുപോലെ. എവിടെയെങ്കിലുംകൊണ്ട് ഒരു ബംബ് ഇട്ടാൽ നമ്മുടെ വില്ലേജ് മുഴുവൻ ഇലക്ട്രിഫൈ ചെയ്തു എന്നാണ് കണക്ക്, നമ്മളും എഴുതി കേന്ദ്രത്തെ അറിയിക്കുന്നത്, ആയക്കെട്ടിലുള്ള കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ഈ സ്കീം നടപ്പിലാക്കാനുള്ള ആരംഭം ഇട്ടു എന്നുള്ളതുകൊണ്ട് അതിന്റെ പ്രയോജനം സകല കൃഷിക്കാർക്കും കിട്ടും എന്നുള്ള സങ്കൽപ്പത്തിൽ അവരെ ശിക്ഷിക്കേണ്ടിവരുന്ന ആ ഒരു സ്ഥിതി ഉണ്ടാകും എന്നുള്ളതാണ് ഇതുവരെയുള്ള നമ്മുടെ അനുഭവത്തിൽനിന്നും മനസ്സിലാക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

അവസാനം വെളുക്കാൻ തേച്ചതു പാണ്ടായി എന്ന രീതിയിൽ കൃഷിക്കാർക്ക് യാതൊരു പ്രയോജനവും ചെയ്യാതെ അവരെ ശിക്ഷിക്കുന്ന ഒരു സ്ഥിതിയിലെത്തിയിരിക്കുകയാണ് ഈ ബിൽ. പൊതുവിൽ ഈ ബിൽ കൊണ്ട് ഇറിഗേഷൻ സ്കീമിനകത്തുള്ള, ഈ ആയക്കെട്ടിനകത്തുള്ള കൃഷിക്കാരെ മുഴുവൻ ഉടലോടെ സ്വർഗ്ഗത്തു കൊണ്ടുപോകാൻ ഈ നിയമം പ്രയോജനപ്പെടുമെന്നുള്ള സങ്കൽപ്പമോ, ഭാവനയോ, അല്ലെങ്കിൽ വ്യാമോഹമോ ഒന്നും ഒരിക്കലും നടപ്പാകാൻ പോകുന്നില്ല എന്നാണ് എന്റെ അഭിപ്രായം.

നമ്മുടെ നാട്ടിലെ കൂട്ടുകൃഷിക്കാരെ സംബന്ധിച്ചിടത്തോളം പറഞ്ഞ കൂട്ടത്തിൽ ഇവിടെ ബഹുമാനപ്പെട്ട ഒരു മെമ്പർ പറഞ്ഞു, കൂട്ടുകൃഷി റഷ്യയിൽ പരാജയപ്പെട്ടുകൊണ്ടിരിക്കുന്നു എന്നുപോലും; ശ്രീ. എം. എം. ഹസ്സൻ പറഞ്ഞതാണ്. ഇതു കേട്ടാൽ അദ്ദേഹം ഇപ്പോഴും അവിടെ നിന്നു വന്നതാണെന്നു തോന്നും. കൂട്ടുകൃഷി ഇവിടത്തെ കൃഷിക്കാർ ആവശ്യപ്പെട്ടതാണ്. സഹകരണസംഘങ്ങളുടെ അടിസ്ഥാനത്തിൽ ഈ കോപരിഷ്ക്കരണം നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഈ കൃഷിക്കാരെ സംഘടിപ്പിച്ച് കൂട്ടുകൃഷി നടത്താനും അവിടെ എല്ലാവിധ സൗകര്യങ്ങളും സഹായങ്ങളും ഈ കൃഷിക്കാർക്ക് ലഭ്യമാക്കാനും വിത്ത് ഉൽപ്പാദനം കൂടുതൽ വർദ്ധിപ്പിക്കാനും ഇടയാക്കുന്ന തരത്തിൽ പദ്ധതികൾ ഉണ്ടാക്കണമെന്നു കൃഷിക്കാർ ആവശ്യപ്പെടുന്നു, പക്ഷേ ഈ നിയമം കൊണ്ട് അങ്ങനെയൊരു പ്രയോജനം—ആയക്കെട്ടിലുള്ള ആളുകളെമാത്രം ഉദ്ദേശിച്ചുകൊണ്ടുള്ള ആ പ്രയോജനം നമ്മുടെ നാട്ടിൽ വ്യാപകമായി കാർഷികോൽപ്പന്നങ്ങൾ വർദ്ധിപ്പിക്കാനിടയാകുമെന്നു പറയാൻ നമുക്കാവില്ല. ഇത് കൃഷിക്കാരെ സഹായിക്കാൻവേണ്ടി അവരെ രക്ഷിക്കാൻവേണ്ടി ഞങ്ങൾ ഇതാ ഒരു നിയമം ഉണ്ടാക്കിയിരിക്കുന്നു, അതുകൊണ്ട് ഞങ്ങൾക്ക് വോട്ട് തരണമെന്നു പറയാൻ മാത്രം പ്രയോജനപ്പെടുമെന്നുള്ളതിൽക്കവിഞ്ഞ് കൃഷിക്കാർക്ക് കാര്യമായ സഹായം ചെയ്യലല്ല എന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. വി. കെ. രാജൻ: സർ, ഇവിടെ ജലസമ്പത്ത് പൂർണ്ണമായും വിനിയോഗിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു നിയമമാണ് ഇത്. എന്നാൽ അത് ഈ ഗവൺമെൻറിന്റെ കൈയിൽ സുരക്ഷിതമാണെന്നുള്ള അഭിപ്രായം എനിക്കില്ല. ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച സുഹൃത്തുക്കൾ ഇതിന്റെ കാര്യകാരണസഹിതം പറഞ്ഞു. അതിൽ ചിലതിനോട് യോജിക്കുന്നു. മറ്റ് ചിലതിനോട് യോജിക്കുന്നില്ല. എന്റെ രണ്ട് കോൺഗ്രസ് സുഹൃത്തുക്കൾ ഇവിടെ ഇൻഡ്യയിൽ പണ്ഡിറ്റ് നെഹ്രുവിന്റെ കാലംമുതലുള്ള ഭരണത്തെക്കുറിച്ച് പറഞ്ഞു. കാർഷികമേഖലയിലെ ഗണ്യമായ വികസനത്തിന്റെ കാര്യങ്ങളും അതിലുൾപ്പെടും. ഇൻഡ്യയിലെ 160 ജില്ലകളിൽ ഇപ്പോൾ വെള്ളപ്പൊക്കമാണ്. ഒരുകാലത്ത് വെള്ളപ്പൊക്കം, ഒരുകാലത്ത് വരൾച്ച; ഇതിനെ അഭിമുഖീകരിച്ച ഒരു ഭരണം കോൺഗ്രസ്സിന്റെ കാലത്തല്ലാതെ ഇൻഡ്യയിൽ ഉണ്ടായിട്ടില്ലായെന്നുള്ളത് മനസ്സിലാക്കണം. എന്നിട്ട് ഇപ്പോഴും പണ്ഡിറ്റ്ജിയുടെ കാലംമുതലുള്ള നേട്ടങ്ങളുടെ മഹത്തായ ഒരു പട്ടികയും നിരത്തിക്കൊണ്ടാണ് ശ്രീ. ബന്നിബഹനാനും ശ്രീ. കുട്ട്യാലിയും ഇവിടെ പ്രസംഗിച്ചത്. 160 ജില്ലകളിലാണ് വെള്ളപ്പൊക്കം; അതിന്റെ ഫലമായി കൃഷിനാശമുണ്ടാകുന്നു. ഇങ്ങനെ നാശത്തിലേക്ക് ഈ രാജ്യത്തെ കൊണ്ടെത്തിച്ച ഒരു പാർട്ടിയാണ് കോൺഗ്രസ് പാർട്ടി. അതിന്റെ തുടർച്ചയായ ഒരു ഗവൺമെൻറാണ് ഇപ്പോൾ ഇവിടുള്ളത്. കൃഷിക്കാരുടെ പാർട്ടിയാണ് കേരളാ കോൺഗ്രസ് എന്നാണല്ലോ പറയുന്നത്. അദ്ധ്വാനവർഗ്ഗത്തിന്റെ പടവാൾ; അങ്ങനെയുള്ള ആളുകൾ നമ്മുടെ രാജ്യത്ത് വെള്ളപ്പൊക്കത്തിന് കിട്ടിയ പണം

LIBRARY ARCHIVES Kerala Legislative Assembly

എങ്ങനെ വിനിയോഗിച്ചു ? ശ്രീ. പി. ജെ. ജോസഫ് രാവിലെ ഇവിടെ ചോദ്യോത്തരവേളയിൽ പറഞ്ഞു കൃഷിക്കാർക്ക് വളരെയേറെ ആശ്വാസകരമായ നടപടികൾ സ്വീകരിച്ചു എന്ന്. ഏത് കൃഷിക്കാർക്കാണ് കൊടുത്തത് ? ശ്രീ. ജോസഫ് പറയട്ടേ, കുട്ടനാട്ടിലെ കൃഷിക്കാർക്ക് എന്ത് ആശ്വാസമാണ് കൊടുത്തത് ? തൃശ്ശൂർ കോൾനിലക്കാരെ സംബന്ധിച്ചിടത്തോളം 1984-ൽ കൃഷിക്കാർക്ക് കൊടുക്കേണ്ട സബ്സിഡി ഇപ്പോഴും കൊടുത്തിട്ടില്ല. പാലക്കാട്ടെ നെൽക്കൃഷിക്കാർ അനുഭവിക്കുന്ന ദുരിതങ്ങൾ

.....

ശ്രീ. സി. ടി. കൃഷ്ണൻ : പാലക്കാട്ട് വരൾച്ചക്ക് വേണ്ടിയോ വെള്ളപ്പൊക്കത്തിനുവേണ്ടിയോ നെൽക്കൃഷിക്കാർക്ക് ഒരുനയാപൈസപോലും കൊടുത്തിട്ടില്ലായെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമല്ലോ. ഈ നിയമസഭയിൽ മന്ത്രി ഇടയ്ക്കിടയ്ക്ക് കളവ് പറയുകയാണ്.

ശ്രീ. വി. കെ. രാജൻ : അക്കാര്യം എനിക്ക് ബോദ്ധ്യമുള്ളതാണ്. അങ്ങനെ നമ്മുടെ രാജ്യത്തെ കൃഷിക്കാരന്റെ പേര് പറഞ്ഞ് കേരളാ കോൺഗ്രസുകാർ കൃഷിക്കാരെ മുഴുവൻ നാളിതുവരെ പറഞ്ഞുകുകയല്ലേ ചെയ്തത് ? നമ്മുടെ നാളികേരക്കൃഷി, റബർകൃഷി തുടങ്ങിയവയ്ക്ക് ഏറ്റവും മാക്സിമം വിലയല്ല, ഏറ്റവും ചുരുങ്ങിയ വിലയാണ് പ്രഖ്യാപിച്ചത്. കൊക്കോ കൃഷി നശിച്ചു. ശ്രീ. ജോസഫും ശ്രീ. മാണിയും എവിടെ പോയി ?. കൃഷിക്കാരുടെ താൽപ്പര്യം നിങ്ങളുടെ കൈകളിൽ സുരക്ഷിതമാണെന്നല്ലേ പറയുന്നത്.

പട്ടയത്തിന്റെ പ്രശ്നം ഞാൻ ചോദിക്കുന്നു. കൃഷിക്കാരുടെ താൽപ്പര്യത്തെക്കുറിച്ചാണ് നിങ്ങൾ പറയുന്നത്. ഒരു ലക്ഷത്തിലേറെ മലയോരകർഷകർക്ക് പട്ടയം ഇന്നു കിട്ടും, നാളെ കിട്ടുമെന്നു പ്രഖ്യാപിച്ച് കോൺഗ്രസിനേയും രാജീവ് ഗാന്ധിയേയും ഒക്കെ പ്രീതിപ്പെടുത്തി നടക്കുകയാണല്ലോ. എന്നിട്ട് പട്ടയം നിങ്ങൾക്ക് കിട്ടിയോ ? ഇനിയും തെരഞ്ഞെടുപ്പ് വരികയല്ലേ ? ഈ തെരഞ്ഞെടുപ്പായിട്ടുപോലും ആ പട്ടയം മേടിച്ചു കൊടുക്കാൻ കഴിവില്ലാത്ത, കാർഷികമേഖലയിൽ കൃഷിക്കാരെ വഞ്ചിച്ച വരല്ലേ നിങ്ങൾ ? ആദ്യം കൃഷിക്കാരുടെ പേര് പറഞ്ഞു, ഇപ്പോൾ വെള്ളം കൊടുക്കുന്ന കാര്യം പറയുന്നു. ഇതൊന്നും നിങ്ങൾക്ക് സാദ്ധ്യമല്ല.. കേരളത്തിലെ കൃഷിക്കാരെ വഞ്ചിച്ച ചരിത്രം അല്ലാതെ കേരളാ കോൺഗ്രസിന് ഈ കൃഷിക്കാരെ രക്ഷിച്ച ഒരദ്ധ്യായം പറയാനില്ല എന്ന് ഞാൻ ഈയവസരത്തിൻ ബോദ്ധ്യപ്പെടുത്തുകയാണ്.

നമ്മുടെ രാജ്യത്ത് ഇപ്പോൾ വമ്പിച്ച മേളകൾ നടത്തുന്നുണ്ട്. തെരഞ്ഞെടുപ്പ് വരികയല്ലേ, ലീഗ്മേള, കോൺഗ്രസ് മേള, കേരളാകോൺഗ്രസ് മേള. ഇങ്ങനെ ഓരോ ജില്ലയിലും ഉള്ളവർ അവരവർക്ക് സ്വാധീനമുള്ള ജില്ലകൾ തെരഞ്ഞെടുത്തുകൊണ്ട് പാവപ്പെട്ട ജനങ്ങളെ നിങ്ങൾ വഞ്ചിക്കുകയല്ലേ ? മറ്റ് രാഷ്ട്രീയപാർട്ടികളിലെ ആളുകളേയോ സംഘടനകളേയോ സംഘടിപ്പിക്കാതെ നിങ്ങൾ ഓരോ മേളകൾ നടത്തുകയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി : ഈ പദ്ധതിയുടെ ആനുകൂല്യം കിട്ടിയതു മുഴുവൻ കേരളാകോൺഗ്രസുകാർക്കാണെന്നറിയാമോ ?

ശ്രീ. വി. കെ. രാജൻ : കേരളാകോൺഗ്രസിൽതന്നെ മാണിഗ്രൂപ്പ് ചില സ്ഥലത്ത് മേള നടത്തുന്നു, ശ്രീ. മാണിയെ പാരവച്ചുകൊണ്ട് ശ്രീ. ജോസഫ് ഗ്രൂപ്പ് മറ്റ് ചില സ്ഥലങ്ങളിൽ നടത്തുന്നു. അങ്ങനെ ശ്രീ. ജോസഫിനേയും ശ്രീ. മാണിയേയും വെല്ലുവിളിച്ചുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കരുണാകരന്റെ കൂടാരത്തിൽ നിൽക്കുന്നു [ശ്രീ. ജേക്കബ് വേറൊന്ന് നടത്തുന്നു. ഏത് കേരളാ കോൺഗ്രസിലാണെന്ന് തിട്ടമായി പറയാൻ എനിക്ക് സാദ്ധ്യമല്ല. അതാണ് ആ പാർട്ടിയുടെ ഇന്നത്തെ അവസ്ഥ.

ഞാൻ പറഞ്ഞുവന്നത് നമ്മുടെ രാജ്യത്തെ കൃഷിക്കാരുടെ കാര്യമാണ്. ഇപ്പോഴും ഈ ബില്ലിൽതന്നെ പറയുന്നു 10 പേരടങ്ങുന്ന ഒരു കമ്മിറ്റിയെക്കുറിച്ച്. ഈ കമ്മിറ്റി എങ്ങനെ രൂപീകരിക്കും ? ഞാൻ [ശ്രീ. കെ. എം. മാണിയോട് ചോദിക്കുകയാണ്, ഒരാളെ തെരഞ്ഞെടുക്കാൻ പറയുമോ ? ഏത് കേരളാ കോൺഗ്രസുകാരെ തെരഞ്ഞെടുക്കും ? നിങ്ങളും കൃഷിക്കാരല്ലേ? കോൺഗ്രസിൽനിന്നും നിങ്ങളും തെരഞ്ഞെടുക്കുമോ ? ഡൽഹിയിൽചെന്ന് അങ്ങ് കേന്ദ്രമന്ത്രിയാകാൻ പോകുന്നു എന്നു പറഞ്ഞെന്നോ, അവസാനം ശ്രീ. ജോസഫ് പിടിച്ചെന്നോ ഒക്കെ കേൾക്കുന്നു. അതേക്കുറിച്ച് എനിക്കറിയില്ല, അങ്ങ് മറുപടി പറയുമ്പോൾ പറഞ്ഞാൽ മതി.

മി. ചെയർമാൻ : ഇതൊക്കെ ഇവിടത്തെ വിഷയവുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യങ്ങളാണല്ലോ ?

ശ്രീ. വി. കെ. രാജൻ : ആ കൃഷിക്കാരുടെ കമ്മിറ്റിയിൽ വരേണ്ട പ്രതിനിധികളെ തെരഞ്ഞെടുക്കുന്നത്, ഞാൻ നേരത്തെ പറഞ്ഞ മേള നിങ്ങളൊക്കെ നടത്തിക്കൊണ്ടിരിക്കുന്ന മേള.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : കൃഷിക്കാരുടെ കമ്മിറ്റി എന്നു പറയുന്നതിൽ 10 പേരെ എടുക്കാമെന്നാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. അങ്ങനെ പത്തുപേരെ എടുക്കാൻ തീരുമാനിച്ചാൽ ഘടക കക്ഷികളിലെ എല്ലാ പാർട്ടികൾക്കും ഓരോന്നുപോലും കൊടുക്കാൻ സാധിക്കുകയില്ല എന്ന വസ്തുത ബഹുമാനപ്പെട്ട രാജൻ മനസ്സിലാക്കിയിട്ടുണ്ടോ ?

ശ്രീ. വി. കെ. രാജൻ : അത് സാദ്ധ്യമല്ല, ഇപ്പോഴുംതന്നെ ഇത് ഇറിഗേഷൻമന്ത്രിയുടെ കീഴിലുള്ളതാണ്. അദ്ദേഹത്തിന്റെ പാർട്ടിയിൽനിന്നുതന്നെ ഒരാളെ തെരഞ്ഞെടുക്കാൻ സാദ്ധ്യമല്ലായെന്നാണ് ഞാൻ പറഞ്ഞത്. ബഹുമാന്യനായ ഇറിഗേഷൻ വകുപ്പുമന്ത്രി പറയട്ടേ സാദ്ധ്യമാകുമെന്ന് ; ഒരിക്കലും സാദ്ധ്യമല്ല.

പാലാ ബിഷപ്പ് തുടങ്ങി ഞങ്ങളുടെ നാട്ടിലെ കുണ്ടുകുളം ബിഷപ്പുവരെയുണ്ട്. ഇപ്പോഴും ഇരുനൂറ്റൻപത് മുന്നൂറ് കോടിരൂപയും കൊണ്ട് വരുകയാണല്ലോ ; അദ്ദേഹം ഇപ്പോഴും മൂന്നുമാസത്തെ യാത്രയും കഴിഞ്ഞ് തിരിച്ചുവന്നു. എവിടെയോ തടഞ്ഞു, ഉടനടി പറഞ്ഞു ഞാൻ ഇനി കോൺഗ്രസിന്റെ കൂടെയില്ല. അങ്ങനെ ചിലരോട് പറഞ്ഞു, നിങ്ങളും ഇനി കേരളാകോൺഗ്രസായിട്ട് നിൽക്കേണ്ട കോൺഗ്രസായിട്ട് നിന്നാൽ മതി, ആ ഒരു ദേശീയധാരയിൽ പങ്കുചേരണമെന്നെല്ലാം പറഞ്ഞ് ചില കൂടിയാലോചനകളും നടത്തി; ബഹുമാന്യനായ ഇറിഗേഷൻ വകുപ്പുമന്ത്രിയെ കേന്ദ്രത്തിലെ സഹമന്ത്രിയാക്കാമെന്നുള്ള ഉറപ്പ് വന്നു. അത് കൈയോടെ ടി. എം. ജേക്കബും, പി. ജെ. ജോസഫും പിടിച്ചതായി ഞാൻ മനസ്സിലാക്കുന്നു.

മി. ചെയർമാൻ : മി. രാജൻ, ഇത് കമാൻഡ് ഏരിയാ ഡവലപ്പ്മെന്റ് ബില്ലാണ്.

ശ്രീ. സി. കെ. തങ്കപ്പൻ : നമ്മുടെ ജലസേചനവകുപ്പ് ബഹുമാനപ്പെട്ട മുൻമന്ത്രിയടക്കം പലയാളുകളും സഞ്ചരിച്ച അല്ലെങ്കിൽ ഒരു മൊബൈൽ വകുപ്പായി എന്നുള്ളതുകൊണ്ട് ഈ രംഗത്ത് വലിയ കുഴപ്പമുണ്ടായിരിക്കുന്നു എന്നുള്ളത് അങ്ങേയ്ക്കറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : ശ്രീ. പി. കെ. വാസുദേവൻ നായർ ഭരണമുന്നണിയിലേക്ക് വരുന്നു എന്നു പറയുന്നത് ശരിയാണോ ?

ശ്രീ. വി. കെ. രാജൻ : കമാൻറ് ഏരിയായായിട്ട് ഈ മന്ത്രിസഭയെ സങ്കൽപ്പിക്കുകയാണെങ്കിൽ പലരും ചോർന്നുപോകും. ഈ കമാൻറ് ഏരിയായുടെ ചോർച്ചയിൽ ശ്രീ. പത്മരാജൻവക്കീലിനു ദു:ഖമുണ്ട്. പത്മരാജൻ വക്കീൽ ഇത് സംരക്ഷിച്ച് ഉറപ്പിച്ച് നിർത്താൻ വേണ്ടി ചില ഘടകകക്ഷികളെ വിളിക്കാറുണ്ട്. പക്ഷേ തങ്ങളെ കിട്ടുകയില്ല. കോൺഗ്രസ് എന്നു പറഞ്ഞാൽ ഈ രാജ്യം ഭരിച്ച് മുടിച്ചവരാണ്, നിങ്ങൾ ഞങ്ങളെ വിളിച്ചാൽ കിട്ടുകയില്ല, ശ്രീ. മാണിയേയോ, ലീഗിനേയോ ഒരുപക്ഷേ കിട്ടും. ഇത്രയേറെ ദാരിദ്ര്യത്തിലേക്ക് നമ്മുടെ രാജ്യത്തെ തള്ളിവിട്ട ഒരു ഭരണം ഈ കോൺഗ്രസിനല്ലാതെ മറ്റാർക്കും കാഴ്ചവയ്ക്കാൻ കഴിയുകയില്ല. പത്മരാജൻ വക്കീലിനോടും, ശ്രീ. കെ. എം. മാണിയോടും ഞാൻ പറയുകയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയേയോ ഈ ഭാഗത്തിരിക്കുന്ന ആരേയുമോ അങ്ങോട്ട് ഇനി കിട്ടുകയില്ല.

ശ്രീ. പി. പി. തങ്കച്ചൻ : സി. പി. എം. ൻെറ സംസ്ഥാന കമ്മിറ്റി ഏതാനും ദിവസങ്ങൾക്ക് മുമ്പ് കൂടി അവരുടെ കമാൻറ് ഏരിയായിൽ നിന്ന് സി. പി. ഐ. ക്കാരെ പുറത്താക്കാനുള്ള തീരുമാനം എടുത്ത കാര്യത്തെക്കുറിച്ച് നിങ്ങൾക്ക് പറയാമോ ?

ശ്രീ. വി. കെ. രാജൻ : ഞങ്ങൾ ഇൻഡ്യയിലെ ഏറ്റവും യോജിപ്പുള്ള രണ്ട് പാർട്ടികളാണ്. ഇത്രയേറെ രാഷ്ട്രീയ ഐക്യമുള്ള രണ്ട് പാർട്ടികൾ ഇടതുപക്ഷപാർട്ടികളായി വേറെയില്ല. ഞങ്ങൾ തമ്മിൽ താത്വികമായ അഭിപ്രായവ്യത്യാസങ്ങൾ കണ്ടേയ്ക്കാം. രണ്ടു പാർട്ടികളാണ്. അത് നിങ്ങളുടേതുപോലല്ല. നിങ്ങളെപ്പോലെ നക്കാപിച്ചയ്ക്കുവേണ്ടി നിൽക്കുന്നവരല്ല ഞങ്ങൾ. ഈ രാജ്യത്തെ മുതലാളിത്തത്തെ തച്ചുടച്ച്—തൊഴിലാളിവർഗ്ഗത്തിന് സർവ്വാധിപത്യം ശ്രീ. തങ്കച്ചൻറേയോ, ശ്രീ. കരുണാകരൻറേയോ, ശ്രീ. രാജീവ്ഗാന്ധിയുടേയോ അല്ല—ഇവിടെ പുതിയൊരു ലോകം കെട്ടിപ്പടുക്കാൻ ശ്രമിക്കുന്നവരാണ് ഞങ്ങൾ.

ശ്രീ. എം. എം. ഹസ്സൻ : പുതിയ ലോകം കെട്ടിപ്പടുക്കുന്നതിൻെറ ഭാഗമായിട്ടാണോ ആലപ്പുഴ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ബാങ്ക് ഇലക്ഷനിൽ നമ്മുടെ കോൺഗ്രസ്-ഐ-യുമായി ചേർന്നതിൻെറ പേരിൽ ശ്രീ. ചന്ദ്രസേനനെ പുറത്താക്കിയത് എന്നുള്ള കാര്യം അങ്ങേക്ക് പറയാമോ ?

ശ്രീ. വി. കെ. രാജൻ : ഞങ്ങളുടെ പാർട്ടിയുടെ പൊതുവായ നയത്തിനെതിരായി പാർട്ടിയിലെ എത്ര ഉന്നതൻമാരായ ആളുകൾ ഇടപെട്ടാലും അതിനെതിരെ ശിക്ഷണനടപടികൾ സ്വീകരിക്കുന്ന പാരമ്പര്യമുള്ള ഒരു പാർട്ടിയാണ് കമ്മ്യൂണിസ്റ്റ് പാർട്ടി. കോൺഗ്രസിനെ പോലെ 'വായിൽ തോന്നിയത് കോതയ്ക്ക് പാട്ട്' എന്നു പറഞ്ഞു നടക്കുന്ന ഒരു പാർട്ടിയല്ല കമ്മ്യൂണിസ്റ്റ് പാർട്ടിയെന്ന് നിങ്ങൾ ഓർമ്മിക്കണം.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : ധനകാര്യവകുപ്പ് ശ്രീ. വയലാർ രവിക്ക് മേടിച്ചുകൊടുക്കാൻ കോൺഗ്രസ് ഐ-ക്കാർ ചുമതലപ്പെടുത്തിയ ശ്രീ. തച്ചടി ധനകാര്യ വകുപ്പുംകൊണ്ട് തിരിച്ചുവന്നതുപോലെയല്ല ഇത് എന്നുള്ളത് മനസ്സിലായോ ?

ശ്രീ. വി. കെ. രാജൻ : സർ, കൃഷിക്കാരുടെ കാര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള ചില നടപടികളെക്കുറിച്ച് രാവിലെ ഇവിടെ പറഞ്ഞു. ഇവിടെ വെള്ളപ്പൊക്കം വന്നപ്പോൾ അതിനാവശ്യമായിട്ടുള്ള വിവരം കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറിൽ കൊടുത്തില്ല എന്ന് കേന്ദ്ര മന്ത്രി ശ്രീ. മകാന പറഞ്ഞു. ബഹുമാനപ്പെട്ട ജോസഫ് ഇവിടെ പറഞ്ഞു, ഞങ്ങൾ യഥാസമയം വിവരം കൊടുത്തു എന്ന്. ഏറ്റവും നല്ല പ്രവർത്തനങ്ങൾ നടത്തിയതിന് അവർക്ക് സർട്ടിഫിക്കറ് കിട്ടി പോലും ; നിങ്ങൾ അറുനൂറോ, എഴുനൂറോ കോടി രൂപ ആവശ്യപ്പെട്ടു. നിങ്ങൾക്ക് എത്ര കിട്ടി ? നാൽപത്തിയഞ്ചുകോടിയോ മറ്റോ ആണ് കഴിഞ്ഞ വരൾച്ചയുടെ കാലത്ത് കിട്ടിയത്. നിങ്ങൾ ചെയ്ത പ്രവർത്തനങ്ങൾക്കെല്ലാം കേന്ദ്രത്തിൽ നിന്ന് അംഗീകാരം കിട്ടി. അതിൻറെ അടിസ്ഥാനത്തിൽ പണം കിട്ടിയോ ? കിട്ടി എന്ന് ശ്രീ. തച്ചടി പ്രഭാകരൻ, പറയാൻ കഴിയുമോ ? ഇപ്പോൾ അദ്ദേഹമാണല്ലോ ധനകാര്യമന്ത്രി. അദ്ദേഹത്തിന് അവകാശപ്പെടാൻ കഴിയുമോ ?

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മറ് സംസ്ഥാനങ്ങൾ പൈസ വാങ്ങിക്കുന്നുണ്ട്. ബംഗാൾ ഗവൺമെൻറ് വാങ്ങിച്ചു. ബംഗാൾ ഗവൺമെൻറ് 200-ൽ ചിലവാനം കോടി രൂപ ശ്രീ. രാജീവ് ഗാന്ധി അവിടെ ചെന്നപ്പോൾ പിടിച്ചുനിറുത്തി വാങ്ങിച്ചു. അത് ആണുങ്ങളുടെ ഗവൺമെൻറാണ്. എന്നാണ് തൻെറ മുഖ്യമന്ത്രി പദം തെറിച്ചുപോകുന്നത്, അല്ലെങ്കിൽ എന്നാണ് ധനകാര്യമന്ത്രി സ്ഥാനം ആവശ്യപ്പെടുന്നത് എന്ന് ഭയപ്പെട്ടു വിറച്ചു നിൽക്കുന്ന മന്ത്രിമാരാണ് ഇവിടെയുള്ളത്. ഓച് ഛാനിച്ച് അല്ലേ നിങ്ങൾ നിന്നത്. ഞങ്ങളുടെ ഗവൺമെൻറ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നാൽ എല്ലാം ചെയ്തുതരാമെന്നു പറഞ്ഞ ഗവൺമെൻറ് അല്ലേ നിങ്ങളുടേത്. ഇവിടെ വല്ലതും നടക്കുന്നുണ്ടോ ? ഒന്നും നടക്കുന്നില്ല. ഈ പദ്ധതിയുടെ പ്രയോജനം കിട്ടേണ്ട കൃഷിക്കാരെ സഹായിക്കുന്ന ഒരു നിലപാട് നിങ്ങൾ സ്വീകരിക്കുന്നുണ്ടോ ? ഞാൻ കമാൻഡ് ഏരിയായുടെ കാര്യത്തിലേക്ക് വരാം. തൃശ്ശൂർ ഒരു ഓഫീസ് പ്രവർത്തിക്കുന്നുണ്ടായിരുന്നു. അത് വേറെ ജില്ലയിലേക്ക് മാറ്റാൻ പോകുന്നതായി വാർത്ത പരന്നിരിക്കുകയാണ്. അത് അവിടത്തെ കൃഷിക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന കൂർപ്പാടാണ്. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ ഒരു പുതിയ പദ്ധതിയുമായിട്ട് നടക്കുകയാണ്, സാമൂഹ്യ ജലസേചന പദ്ധതി. തെരഞ്ഞെടുപ്പ് വരുകയാണെന്നുദ്ദേശിച്ച് ശ്രീ. തച്ചടി ധാരാളം കാര്യങ്ങൾ കഴിഞ്ഞ നിയമസഭയിൽ പ്രസംഗിച്ചു. തമിഴ്നാട്ടിലെ ബഡ്ജറിലെ തുക കൂടി കൊണ്ടുവന്ന് ചെലവഴിച്ചാൽ നടക്കാത്ത കാര്യങ്ങളാണ് അദ്ദേഹം പ്രഖ്യാപിച്ചത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ, സഭയിൽ മെമ്പർമാരുടെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ള കാര്യങ്ങൾ ഒന്നിനു പുറകെ ഒന്നായി ചെയ്തുകൊണ്ടിരിക്കുകയാണ്. പൂർണ്ണമായും അത് ചെയ്യും. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട.

ശ്രീ. വി. കെ. രാജൻ : സർ, ഐക്യജനാധിപത്യ മുന്നണിയുടെ ഗവൺമെൻറ് കയർത്തൊഴിലാളികൾക്കും, കശുവണ്ടിത്തൊഴിലാളികൾക്കും ക്ഷേമനിധിക്ക് ഒരു കോടി രൂപ മാറ്റിവച്ചു. നാലരക്കൊല്ലമായിട്ട് എന്തുനേട്ടമുണ്ടാക്കി. എല്ലാം നിങ്ങൾ വാരിക്കോരി കൊടുക്കുകയല്ലേ. കയർ വ്യവസായത്തിൻെറ നശീകരണം തടയാൻ പോകുന്നു. അതിൻെറ പ്രസിഡൻറ് കൂടി അല്ലായിരുന്നുവോ അങ്ങ്. നിങ്ങൾ വല്ലതും കൊടുത്തോ. ഓണത്തിനു ശേഷം ഒരു പൈസപോലും ഒരു സംഘത്തിനും കയറിൻെറ വില കൊടുക്കാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ : സഹകരണ സംഘത്തിൽ കയർ കെട്ടിക്കിടക്കുന്നത് രണ്ടുകോടി രൂപയുടെയും വിതരണം ചെയ്തു കഴിഞ്ഞിരിക്കുകയാണ്.

ശ്രീ. വി. കെ. രാജൻ : ഞാൻ പറഞ്ഞു വന്നത് സാമൂഹ്യ ജലസേചന പദ്ധതിയെപ്പറ്റിയാണ്. കഴിഞ്ഞ നിയമസഭയിൽ പ്രഖ്യാപിച്ചതുപോലെ തെരഞ്ഞെടുപ്പിനുവേണ്ടിയാണല്ലോ, നിങ്ങൾക്ക് ഉത്തരവാദിത്വമില്ലല്ലോ. ഇന്ന് തെരഞ്ഞെടുപ്പ് നടത്തിയാലും ഈ ഗവൺമെൻറിന് ബാദ്ധ്യതയില്ല. കാരണം ഭരിക്കാൻ പോകുന്നത് വേറെയാളാണ്. ഈ ഗവൺമെൻറ് ഇനി കേരളത്തിൽ അധികാരത്തിൽ വരുമെന്ന് കേരളത്തിൽ ആർക്കും വിശ്വാസമില്ല.

മി. സ്പീക്കർ : ശ്രീ. രാജന് നാളെ പ്രസംഗം തുടരാം.

XI ഡെപ്യൂട്ടി സ്പീക്കറുടെ തെരഞ്ഞെടുപ്പ്

മി. സ്പീക്കർ : നിയമസഭാ ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് രണ്ട് അംഗങ്ങളുടെ പേരുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജി, ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ എന്നിവരാണ് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾ. ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജിയെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള മൂന്നു നാമനിർദ്ദേശപത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. യു. എ. ബീരാൻ നിർദ്ദേശിക്കുകയും ശ്രീ. ജി. കാർത്തികേയൻ പിന്താങ്ങുകയും ശ്രീ. നാലകത്ത് സൂപ്പി നിർദ്ദേശിക്കുകയും ശ്രീ. യു. എ. ബീരാൻ പിന്താങ്ങുകയും ശ്രീ. കെ. കരുണാകരൻ നിർദ്ദേശിക്കുകയും ശ്രീ. ഇ. അഹമ്മദ് പിന്താങ്ങുകയും ചെയ്തവയാണ് അവ. ശ്രീമതി ഭാർഗ്ഗവി തങ്കപ്പനെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള രണ്ട് നാമനിർദ്ദേശപത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. കെ. പി. പ്രഭാകരൻ നിർദ്ദേശിക്കുകയും ശ്രീ. കെ. പി. സുരേന്ദ്രനാഥ് പിന്താങ്ങുകയും ശ്രീ. വർക്കല രാധാകൃഷ്ണൻ നിർദ്ദേശിക്കുകയും ശ്രീമതി പി. ദേവൂട്ടി പിന്താങ്ങുകയും ചെയ്തുകൊണ്ടുള്ളതാണ് ആ നാമനിർദ്ദേശപത്രിക. പരിശോധനയിൽ നാമനിർദ്ദേശ പത്രികകൾ എല്ലാം നിയമാനുസൃതമാണെന്ന് കാണുന്നു. ഒന്നിലധികം അംഗങ്ങളെ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനത്തേക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ നിയമസഭാ വോട്ടിലൂടെ ഡെപ്യൂട്ടി സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ്. ബാലറ്റ് പേപ്പറിൽ ശ്രീ. കൊരമ്പയിൽ അഹമ്മദ് ഹാജിയുടെ പേര് ഒന്നാമതും ശ്രീമതി ഭാർഗ്ഗവി തങ്കപ്പന്റെ പേര് രണ്ടാമതുമായും അച്ചടിച്ച് കാണുന്നുണ്ട്. നിയമസഭാംഗങ്ങൾക്ക് ഇഷ്ടമുള്ള സ്ഥാനാർത്ഥിയുടെ പേരിനുനേരെ ഗുണനചിഹ്നമിട്ട് വോട്ട് രേഖപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. നിയമസഭാ അംഗങ്ങളുടെ പേരുകൾ ഇപ്പോൾ വായിക്കുന്നതായിരിക്കും. ഓരോ അംഗവും തൽസമയം അദ്ധ്യക്ഷവേദിക്ക് സമീപം വന്ന് ഏതെങ്കിലും ഒരു ബൂത്തിൽ വോട്ട് രേഖപ്പെടുത്തിയതിനുശേഷം മടങ്ങിവന്ന് സ്വസ്ഥാനത്ത് ഉപവിഷ്ടരാകണമെന്ന് അഭ്യർത്ഥിക്കുന്നു. ആദ്യത്തെ പ്രാവശ്യം പേര് വിളിക്കുമ്പോൾ സഭയിൽ ഹാജരില്ലാത്ത അംഗങ്ങൾക്ക് പിന്നീട് അവസാനിച്ചതായി പ്രഖ്യാപിക്കുന്നതിനുമുൻപ് വരുന്നപക്ഷം വോട്ട് രേഖപ്പെടുത്താൻ അനുമതി നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly